2005 ഒക്ടോബർ 30 - നവംബർ 5
1181 തുലാം 14 - 20
പുസ്തകം 83
ലക്കം 35
പ്രസിദ്ധീകരണത്തിന്റെ 73-ാം വർഷം

മാതൃഭൂമി
ആഴ്ചപ്പതിപ്പ്

''രാഷ്ട്രീയത്തിൽ പൊതുലക്ഷ്യമാണ് പ്രധാനം. അതിന് സഹായകമായ നിലപാടാണ് ഞങ്ങൾ സ്വീകരിക്കുക. ഇവിടെയും കാര്യങ്ങൾ അങ്ങനെത്തന്നെയായിരുന്നു. യു.ഡി.എഫ്. വിട്ടുവന്ന് കോൺഗ്രസ്സിനെ എതിർക്കുമ്പോഴാണ് ഞങ്ങൾ കരുണാകരനുമായി കൂട്ടുകൂടുന്നത്. യു.ഡി.എഫിനെയും ബി.ജെ.പി.യെയും പരാജയപ്പെടുത്താനാണ് അവർ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നിലപാടെടുത്തത്. ഞങ്ങളും അതേ ലക്ഷ്യവുമായാണ് തിരഞ്ഞെടുപ്പിനെ നേരിട്ടത്. മറുഭാഗത്താവട്ടെ, യു.ഡി.എഫിനെ ദുർബലപ്പെടുത്താതിരിക്കാൻ അടിയന്തരാവസ്ഥ ഉൾപ്പെടെയുള്ള കാര്യങ്ങൾ, ആ പ്രശ്നങ്ങളോടൊന്നും ഒരു ആഭിമുഖ്യവുമില്ലാതിരുന്നിട്ടും ചിലർ ഉയർത്തിക്കൊണ്ടുവന്നു. എന്നാൽ അങ്ങനെ പ്രശ്നങ്ങൾ ഉയർത്തി ആശയക്കുഴപ്പമുണ്ടാക്കിയത് ഏശിയില്ല എന്നാണ് നമ്മുടെ തിരഞ്ഞെടുപ്പിലെ അനുഭവം.''

അടിയന്തരാവസ്ഥ വൈകാരിക സമസ്യയല്ല, രാഷ്ട്രീയ പ്രയോഗമായിരുന്നു 8
അഭിമുഖം- പിണറായി വിജയൻ/കമൽറാം സജീവ്

ആധുനിക പൊതുമണ്ഡലത്തിന്റെ സൃഷ്ടിയായ എഴുത്താളായി നിന്ന്, പഴയകാലഘട്ടത്തിന്റെ പ്രതീകങ്ങളാൽ ഭാവിയിലേക്കായി പ്രതിരോധത്തിന്റെ കവിത തീർത്തവനായി പി. കുഞ്ഞിരാമൻ നായർ പുനർവായിക്കപ്പെടുന്നു

കവിതയുടെ കാല്പാടുകൾ 26
പി. പവിത്രൻ
ഓർമകളുടെ നിണബലി 53
അംബികാസുതൻ മാങ്ങാട്

പ്രബുദ്ധതാ യുക്തിയുടെ നേർരേഖകളെ പ്രാദേശികതയുടെ കുത്തിവരയലുകളുടെ സമൃദ്ധിയാൽ ലംഘിച്ച പി, മുന്നോട്ടുവെച്ച വ്യത്യസ്തമായ ആധുനികതയുടെ സവിശേഷതകൾ വിലയിരുത്തപ്പെടുന്നു

പിയുടെ നിർമാണം 32
ഇ.പി. രാജഗോപാലൻ
വാക്കുകളുടെ മഹാബലി 46
സമ്പൂർണ തിരക്കഥ
മഹാകവിയുടെ കാവ്യാദർശം .. 51
മാങ്ങാട് രത്നാകരൻ

തുർക്കിയുടെ രാഷ്ട്രീയ സമസ്യകൾ തന്റെ കൃതികളിൽ ആവാഹിച്ച ഓർഹൻ പമുക്ക്, അൽബേനിയൻ കൂട്ടക്കൊലയെ പരാമർശിച്ചതിന്റെ പേരിൽ തന്റെ രാജ്യത്ത് വിമർശനവിധേയനായിരിക്കയാണ്. ഇസ്ലാമിസ്റ്റുകളേയും പാശ്ചാത്യവാദികളേയും ദേശീയവാദികളേയും ഒരുപോലെ പ്രതിനിധീകരിക്കുന്ന പമുക്കിന്റെ രചനാ ലോകത്തിലേക്ക്

സമുദായം ചരിത്രമെഴുതുമ്പോൾ............. 18
എം. ആറുമുഖൻ
പോരാട്ടം ചരിത്രത്തിന്റെ ആധാരശിലകളോട് 23
അഭിമുഖം-ഓർഹൻ പമുക്ക്

ഋഷികേശ്: വിശുദ്ധ ഭൂവിലേക്കുള്ള കവാടം.......................... 42
എം.പി. വീരേന്ദ്രകുമാർ

സ്ത്രീ സ്വശരീരത്തിന്റെ അധികാരിയാകുമ്പോൾ....................... 69
ജ്യോതി നാരായണൻ

എന്തിനു റുഷ്ദി വിരോധം 72
ഹമീദ് ചേന്നമംഗലൂർ

മാരാർ പുതിയ കാലത്ത് 74
ജോസഫ് കെ. ജോബ്

അഴിഞ്ഞുലയലല്ല ഫെമിനിസം 77
രശ്മി ബിനോയ്

കവിത

ദമ്പതികൾ 41
പി. കുഞ്ഞിരാമൻ നായർ

കഥ

ശ്രീപ്രിയയുടെ ആധികൾ 64
അക്ബർ കക്കട്ടിൽ

നോവൽ

അവനവന്റെ ആനന്ദം കണ്ടെത്താനുള്ള വഴികൾ-20 58
സി.വി. ബാലകൃഷ്ണൻ

ദമയന്തി-19 61
കെ. കവിത

പംക്തികൾ

വായനക്കാർ എഴുതുന്നു.............................4
പുസ്തക കുറിപ്പുകൾ 79
ബാലപംക്തി...80

മാതൃഭൂമി ആഴ്ചപ്പതിപ്പ്
എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്
കോഴിക്കോട് 673 001.
ഫോൺ: 0495-2765381
ഫാക്സ്: 0495-2760138

മാനേജിങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
ഡെപ്യൂട്ടി എഡിറ്റർ
എം.പി. ഗോപിനാഥ്

ചീഫ് സബ് എഡിറ്റർ
കമൽറാം സജീവ്
സബ് എഡിറ്റർമാർ
ഡോൺ ജോർജ്
എം.ആർ. രാജേഷ്

ചീഫ് ആർട്ടിസ്റ്റ്സ്
ജെ.ആർ. പ്രസാദ്
മദനൻ

മുഖചിത്രം

ഡിസൈൻ
സന്തോഷ്

മഹാകവിയുടെ കാവ്യാദർശം

മാങ്ങാട് രത്നാകരൻ

കാളിദാസ മഹാകവി വിനീതനായതുപോലെ മുത്തുകോർക്കുക മാത്രമേ ഇവിടെ ചെയ്യാനുള്ളൂ. ഏതോ ദർശനത്തിൽ ജീവിതമാകെ തിളങ്ങുന്ന ഒരു പ്രതിഭാസമായിരുന്നു പി. കുഞ്ഞിരാമൻ നായർക്ക് കവിത. 'കളിയച്ഛ'ന്റെ പിറവിക്കു മുന്നിലെ മുഹൂർത്തം, ആത്മകഥയിൽ അങ്ങനെയാണ് കവി രേഖപ്പെടുത്തിയിരിക്കുന്നത്. 'ജീവിതമാകെ തിളങ്ങി. ഏതോ ദർശനമുണ്ടായി.'

ആ ദർശനമില്ലാത്തപ്പോൾ മനസ്സ് ഉറഞ്ഞ തടാകം. ശരീരം മാംസപ്പൊതി. അതിനാൽ, "ടാഗോർ ചില സമയത്തു കവിയല്ലാതെ വരാം. കന്നു മേയ്ക്കുന്ന സാധു കൃഷീവലൻ ചില ഘട്ടത്തിൽ കവിയായെന്നും വരാം".

പഴയ സങ്കല്പത്തിൽ ഒരു വെളിച്ചപ്പാടായും പുതിയ വിചാരത്തിൽ ഒരു പോസ്റ്റ്മാനായും കവിതന്നെ സങ്കല്പിച്ചിട്ടുണ്ട്. വെളിച്ചപ്പാട്, ദൈവത്തിന്റെ അരുളപ്പാട്. അപ്പോഴോ? "ഈശ്വരൻ മഹാകവി. പ്രപഞ്ചം അവിടുന്നു നിർമിച്ച മഹാകാവ്യം. അതിന്റെ തർജിമ മാത്രമാണ് മനുഷ്യകൃതികൾ. മനുഷ്യന്റെ ഗ്രന്ഥശാലയിലുള്ളവ സ്വതന്ത്രകൃതിയല്ല–പിന്നെയോ, എല്ലാം തർജിമ. വെറും തർജിമ." പോസ്റ്റ്മാനാവുമ്പോൾ കത്തിലോ മണിയോർഡറിലോ ഒരു അവകാശവുമില്ലാത്ത ആൾ. അവ ആരെ ഉദ്ദേശിച്ചിരിക്കുന്നുവോ, അവർക്ക് എത്തിക്കുക, അത്ര മാത്രം.

ഇത് കവിയെക്കുറിച്ചുള്ള തികച്ചും യാഥാസ്ഥിതികമായ സങ്കല്പമല്ലേ? ഒരു കാഴ്ചപ്പാടിൽ അതെ. പക്ഷേ, 'മഹാകവിപ്രയോഗാൽ സാധു'വാണത്. കല കലയ്ക്കുവേണ്ടി ▶

ചൈനയുടെ തിബത്ത് അധിനിവേശം മുതൽ എല്ലാവിധ അധിനിവേശങ്ങളേയും എതിർത്ത പി, ഇടതുപക്ഷത്തിന്റേയും മറ്റും പരമ്പരാഗത എതിർപ്പുകളുടെ മടങ്ങിയ വായ്ത്തല കവിതയിൽ തിളക്കിയെടുത്ത് മൂർച്ചയാക്കി ആഗോളീകരണ കാലത്തേക്കായി കരുതിവെക്കുകയായിരുന്നു. അതിനാൽ അദ്ദേഹം ജീവിതത്തെ വിട്ട് കവിതയുടെ സർവസമകാലികതയെ പ്രണയിച്ചുവെന്ന് ലേഖകൻ.



▲ ജി. ശങ്കരക്കുറുപ്പിനോടൊപ്പം

ഭാഷയുടെ ശുദ്ധിയിലുള്ള നിഷ്കർഷ തന്നെയായിരുന്നു കവിക്ക് മനുഷ്യാവസ്ഥയോടും ഉണ്ടായിരുന്നത്. ബ്രിട്ടന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശം മാത്രമല്ല, എല്ലാത്തരത്തിലുള്ള സാമ്രാജ്യമോഹങ്ങളെയും കവി എതിർത്തു. മഹാകവിയുടെ ആദർശങ്ങളിൽ ഏറ്റവും വലുത് കാവ്യാദർശമാണ്: ജീവിതത്തിൽ ആത്മാർഥമായി വല്ലതും മോഹിച്ചിട്ടുണ്ടെങ്കിൽ അത് ആത്മസാക്ഷാൽക്കാരത്തിനും കവിയാവാനും മാത്രമാണ്. ധനമാനാദികളെല്ലാം അതിന്റെ കരിനിഴൽ മാത്രം.

▶ എന്ന, കോളിളക്കമുണ്ടാക്കിയ കാഴ്ചപ്പാടിൽ ഈ സങ്കല്പങ്ങൾ ചെന്നു മുട്ടില്ലേ? എന്തായാലും നമ്മുടെ കവിയെ കൂട്ടിനു കിട്ടില്ല. "ഉറങ്ങിക്കിടക്കുന്ന കോടാനുകോടി ആത്മാക്കൾക്കുവേണ്ടി പ്രാർഥന നടത്താൻ, പതിതകോടികളെ വിളിച്ചുണർത്താൻ ഒരാത്മാവ് ഞെട്ടിയുണരുന്നു! മനുഷ്യത്വത്തിന്റെ ആ കാവൽക്കാരൻ കണ്ണടയ്ക്കാതെ രാത്രി കഴിക്കുന്നു! ആ കാവൽക്കാരനാണ് കവി, യോഗി, പ്രവാചകൻ".

പഠിച്ചുറപ്പിച്ചതിൽ ഒലിച്ചുപോകാതിരിക്കാനും, കവി ശ്രദ്ധിച്ചു. "മലയാളിക്കൊരു വൃത്തവുമില്ലാത്ത കാലത്ത്-ഇല്ലെന്നു തെറ്റിദ്ധരിച്ച കാലത്ത്-സംസ്കൃതത്തോട് നാം വൃത്തങ്ങൾ കടംവാങ്ങി. കണ്ണുതെളിഞ്ഞ കാരണവന്മാർ-എഴുത്തച്ഛൻ, ചെറുശ്ശേരി, നമ്പ്യാർ-മൂവരും കൈരളിയുടെ പ്രശസ്ത വൃത്തത്തെ പ്രഖ്യാപിച്ചു. കല്ലലിയിക്കുന്ന ശീലുകൾ നമ്മുടെ കലവറയിലുള്ളപ്പോൾ സംസ്കൃതത്തിന്റെ മുന്നിൽ എന്തിനിരക്കാൻ ചെന്നു നിൽക്കുന്നു? സംസ്കൃതവുമായുള്ള വേഴ്ച എന്നേയ്ക്കുമുള്ള വേഴ്ചയാണ്. നാമതിനു കൃതജ്ഞരാണ്. എന്നാൽ ഇക്കടം ഇനി നമുക്കാവശ്യമില്ല. മുതിർന്നുവരുന്ന കൈരളിക്ക് ഇനി അവളുടെ കാര്യം നോക്കാതെ കഴികയില്ല."

അതിനാൽ, "മലയാളത്തിലെ മഹിമയേറിയ മഹാകാവ്യമേതാണ് എന്ന ചോദ്യത്തിന് എന്റെ ഉത്തരം വടക്കൻപാട്ട് എന്നാണ്. ബാല്യംതന്നെ കവിതയാണ്. ബാല്യകാലത്ത് കൈരളി പാടിയ ആ ഉഴഞ്ഞ പാട്ടുകളും യഥാർഥ കവിതകളാണ്... സാഹിത്യാഭിമാനികളുടെ നിർദയ ഹൃദയത്തിലല്ല, പ്രേമവും പരിശുദ്ധിയും നിറഞ്ഞ കേരളത്തിലെ കർഷകസ്ത്രീകളുടെ മാർത്തടത്തിലാണ്, പിഞ്ചുപൈതലെന്നപോലെ, ആ രത്നമാല വിശ്രമം കൊള്ളുന്നത്".

ഭാഷയുടെ ശുദ്ധിയിലുള്ള നിഷ്കർഷ തന്നെയായിരുന്നു കവിക്ക് മനുഷ്യാവസ്ഥയോടും ഉണ്ടായിരുന്നത്. ബ്രിട്ടന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശം മാത്രമല്ല, എല്ലാത്തരത്തിലുള്ള സാമ്രാജ്യമോഹങ്ങളെയും കവി എതിർത്തു. "പ്രകൃതിനിയമം താങ്കൾക്കു ചുറ്റും മലനിര പണിയുന്നു. വിഘ്നം മരുഭൂമിപോലെ മുന്നിൽ പരന്നുകിടക്കുന്ന ആ ഭ്രാന്തുപിടിപ്പിക്കുന്ന സാമ്രാജ്യമോഹം-ആ മദ്യപാത്രം വലിച്ചെറിയൂ."

അധിനിവേശങ്ങളെ എതിർത്തുപോന്ന മലയാളകവിതയുടെ ധീരമായ പാരമ്പര്യം 'ഭക്തകവി'യെന്ന് ഒരുകാലം മുദ്ര ചാർത്തിയ ഈ കവിയിൽ കുറേക്കൂടി വികസ്വരമാകുന്നു. ഒരുപക്ഷേ, ഒരു മലയാള കവിയുടെയും കണ്ണിൽപ്പെടാതെ പോയ ഒരു അധിനിവേശം, ചൈനയുടെ തിബത്ത് അധിനിവേശം അതിന്റെ എല്ലാ രാഷ്ട്രീയ സങ്കീർണതയോടെയും കവി ആവിഷ്കരിക്കുന്നു, 'കസ്തൂരിമാൻ' എന്ന കവിതയിൽ. വിശുദ്ധഭൂമിയെ കടിച്ചുകീറാൻ വരുന്ന, മിത്രത്തിന്റെ രൂപത്തിൽ കൂടെയിരിക്കുന്ന ചീനച്ചെന്നായ ഇങ്ങനെ പറയുന്നു.

'ചെന്നായയോതി പരിഭ്രമം വേണ്ട ഞാ-
നെന്നുദരത്തിലഭയമരുളുവൻ'

കവിയുടെ മുറിവേറ്റ ഹൃദയം ചീനയോട് ഇങ്ങനെ പറയുന്നു:

'പാപമാണെൻ സഖേ, ഭൂവിന്നതിർത്തികൾ
പാരമുല്ലംഘിച്ചു പായുമീയക്രമം

....

രക്താഭമായിക്കഴിഞ്ഞൂ, ഭാഗീരഥി
നിർഝരമോടിക്കളിക്കും മടിത്തടം'

മഹാകവിയുടെ ആദർശങ്ങളിൽ ഏറ്റവും വലുത് കാവ്യാദർശമാണ്: "ജീവിതത്തിൽ ഞാൻ ആത്മാർഥമായി വല്ലതും മോഹിച്ചിട്ടുണ്ടെങ്കിൽ അത് ആത്മസാക്ഷാൽക്കാരത്തിനും കവിയാവാനും മാത്രമാണ്. ധനമാനാദികളെല്ലാം അതിന്റെ കരിനിഴൽ മാത്രം.

കാളിദാസനെപ്പോലും കുടുക്കിൽപ്പെടുത്തിയതാണ് കവിയശഃ പ്രാർഥിത്വം. ഹേ മായാമൃഗമേ, നിനക്ക് വിദൂര വന്ദനം." ■

(ഈ ലേഖനത്തിലെ കവിയുടെ വാക്കുകൾ, കവിയുടെ കാല്പാടുകൾ, വിചാരവിഹാരം (ഒന്നും രണ്ടും ഭാഗങ്ങൾ), പി. കവിതകൾ എന്നീ ഗ്രന്ഥങ്ങളിൽ നിന്ന് സ്വീകരിച്ചവയാണ്).

ഓർമകളുടെ നിണബലി

വരുംകാലത്തേക്കായി കേരളത്തിനെ ഓർമകളിൽ, കവിതകളിൽ, കാത്തുവെക്കുകയായിരുന്നു സാധാരണജീവിതത്തിൽ തികഞ്ഞ മറവിക്കാരനായ കവി. പ്രതിരോധത്തിന് ഓർമകളുണ്ടായിരിക്കണെമെന്ന ബോധ്യമാണ് കവിയുടെ കാവ്യപ്രകൃതിയെ ഇത്രകണ്ട് സമൃദ്ധമാക്കിയത്.

അംബികാസുതൻ മാങ്ങാട്

മറവിക്കാരൻ.

കുഞ്ഞിരാമൻ നായർക്ക് ചാർത്തിക്കിട്ടിയ നെറ്റിപ്പട്ടങ്ങളിലൊന്നിതാണ്. ഭക്തകവിയെന്നും താന്തോന്നിയെന്നും മദ്യപാനിയെന്നും വിഷയലമ്പടനെന്നും ഗുരുത്വമറ്റവനെന്നും നന്ദിയില്ലാത്തവനെന്നും മറ്റും മറ്റും വിളിച്ച് മഹാകവിതയുടെ വട്ടം ചുരുക്കാൻ ക്ലേശിച്ചവരാണ് വലിയ മറവിക്കാരനെന്നും ചാരിതാർഥ്യമടഞ്ഞത്. ഒരു പൊൻകോലവും ഏറ്റാൻ മസ്തകം കുനിച്ചിട്ടില്ലാത്ത ആ മേഘരൂപനാണ് വ്യാജകീർത്തനങ്ങളുടെ കൂച്ചുവിലങ്ങുകളൊക്കെ പൊട്ടിച്ചെറിഞ്ഞ് തൻെറ ഗജപാദങ്ങളുമായി മലയാള കവിതയിൽ തിരിച്ചെത്തിയിരിക്കുന്നത്. തങ്ങളുടെ ചെറുമുഴക്കോലുകൾകൊണ്ട് ആ ഗജവ്യാപ്തിയളക്കാൻ ശ്രമിച്ച അന്ധരായ കവിതാവിചാരിപ്പുകാരോ സ്വയം മറവിയിലായി. കവികളും നിരൂപകരും അന്തരിച്ചന്തരിച്ച പ്രത്യക്ഷരാകുന്ന കാലത്ത് ചില രുദ്രവേഷങ്ങളോട് കവി ഇങ്ങനെ ചോദിച്ചു:

“പൊങ്ങുമീയലകളിൽത്താമരയിലപോലെ
മുങ്ങാതെ കിടക്കുന്ന 'ഞാനാരെന്നറിയാമോ?”

മഹാപ്രതിഭകൾക്ക് ഉന്മാദം കൂടെപ്പിറക്കും. ചെറിയചെറിയ മറവികൾ കൂട്ടിരിക്കും. വിചിത്രചര്യകൾ ശീലങ്ങളിൽ കുടിപാർക്കും. അത് സ്വാഭാവികം. കുഞ്ഞിരാമൻ നായരുടെ ഒരു ചിത്രം ഇതാണ്:

“കുളിക്കാതെ, പല്ലുതേക്കാതെ, അലക്കാതെ, മുടി ചീകാതെ, മുറുക്കിയൊലിപ്പിച്ച മുഖവുമായി നടക്കുന്ന ഒരാളെപ്പോലെ അദ്ദേഹത്തിനെ അന്നു കണ്ടവർക്കു തോന്നിയിരിക്കണം. വാച്ചുണ്ടെങ്കിലും നിഴലള ▶



ന്ന് സമയം നോക്കും. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഉറങ്ങും. രാത്രി എല്ലാവരും കിടന്നുറങ്ങുമ്പോൾ എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി നടക്കുന്നത് കാണാം. ചിലപ്പോൾ നക്ഷത്രങ്ങളെ നോക്കി ചിരിക്കും. രാത്രിയുടെ അന്ത്യയാമത്തിൽ പൂമൊട്ട് വിരിയുന്നത് നോക്കിയിരിക്കും. അതിനെ ചുംബിക്കും. പൊട്ടിക്കരയും. മണ്ണുവാരിക്കളിക്കും. ലോകമാകെ ഗാഢനിദ്രയിൽ കഴിയുമ്പോൾ പ്രകൃതിസൗന്ദര്യത്തിന്റെയും പ്രപഞ്ചരഹസ്യങ്ങളുടെയും നിഗൂഢമായ വെളിപാടുകൊണ്ട് തുള്ളിച്ചാടും.... ദിവസത്തിൽ 24 മണിക്കൂറും കൊല്ലത്തിൽ 365 ദിവസവും ആയുരന്ത്യത്തോളം കവിതയുടെ ഉച്ചക്കൊടും വെയിൽ തലയിലേറ്റിക്കൊണ്ട് നടക്കുന്ന ഒരു ഭാവനാമാത്ര സഞ്ചാരിയെ നാം മഹാകവിയിൽ കണ്ടുമുട്ടുന്നു. അദ്ദേഹം ലോകത്തെ, മനുഷ്യനെ, അമ്മയെ, അച്ഛനെ, ഭാര്യയെ, കുട്ടികളെ, സ്നേഹിക്കുന്നവരെ എല്ലാംതന്നെ മറക്കും. ആ മറവിയെക്കുറിച്ചുള്ള ശോകസ്മരണയിൽ ഞെട്ടിപ്പിടഞ്ഞെഴുന്നേൽക്കും''[1].

ഉന്മാദിയും മറവിക്കാരനുമായ കുഞ്ഞിരാമൻ നായരുടെ രേഖാചിത്രമാണിത്. കവിയെ അടുത്തറിഞ്ഞ, കളിക്കൂട്ടുകാരനായിരുന്ന മറ്റൊരാളുടെ ഓർമ ഇതാണ്:

''കുഞ്ഞിരാമൻ നായർ എന്നും പ്രകൃതിസൗന്ദര്യത്തിൽ ലയിച്ചു ജീവിക്കുന്ന ഒരു പ്രകൃതക്കാരനായിരുന്നു. പ്രായോഗികജീവിതത്തെപ്പറ്റി ഒരു പിടിയുമില്ലാതെ വന്ന വഴി ജീവിക്കുന്നവൻ. രാത്രിയായാൽ ആകാശം നോക്കിനടന്ന് നക്ഷത്രത്തിന്റെ സൗന്ദര്യവിസ്മയത്തിൽ എല്ലാം മറന്നുപോവുക പതിവായിരുന്നു. നക്ഷത്രം നോക്കി കവിതചൊല്ലി നടന്നുപോകുമ്പോൾ കുഴിയിലും മറ്റും വീണുപോയ സംഭവങ്ങൾ ഏറെയുണ്ട്. ചോരപ്പാടുകളുമായി രാവിലെ വീട്ടിൽ വന്നു കയറുന്ന കുഞ്ഞിരാമൻ നായരെ കുട്ടികൾ കളിയാക്കും. തലതെറ്റിയവനെപ്പോലുള്ള കുഞ്ഞിരാമൻ നായരുടെ പ്രകൃതം കുട്ടികളായ ഞങ്ങൾക്ക് ഹരമായിരുന്നു. അദ്ദേഹം പലപ്പോഴും കുളിക്കാനും പല്ലുതേക്കാനും മറക്കും... വൈകുന്നേരമായാൽ ഞങ്ങൾ കുട്ടികൾ കളിക്കാരുടെ എണ്ണം തികയ്ക്കാൻ കുഞ്ഞിരാമൻ നായരെയും ഗോളിയായി കൂട്ടും. പന്ത് അദ്ദേഹത്തെ ഉരുമ്മിക്കൊണ്ടു പോയാലും പ്രജ്ഞയറ്റവനെപ്പോലെ നില്ക്കുമായിരുന്നു. വാശിപിടിച്ച കളിയിൽ തോൽവിപറ്റുന്ന ഞങ്ങൾ ദേഷ്യപ്പെട്ട് പി.യെ കടിച്ചുകീറും. ശാന്തപ്രകൃതിക്കാരനായ കവി ചിരിച്ചുകൊണ്ട് ഞങ്ങളെ സമാധാനിപ്പിക്കും. ഇനി കാര്യമായി ശ്രദ്ധിക്കാമെന്ന് ഉറപ്പു നല്കും. കളി തുടങ്ങിയാൽ പിന്നെയും പഴയപോലെ കവിതയിൽ മുഴുകിയിരിക്കും.''[2]

> **അഭിനയച്ചെടുത്തതല്ല ഈ മറവിപ്പട്ടം. ജനിതകത്തിലെ ഒരു വിത്ത് മുളയാണ്. കവിതാകാമിനിയുടെ അനുഗ്രഹവർഷമുണ്ടാകുമ്പോൾ പ്രായോഗികജീവിതപ്പുസ്തകത്തിലെ ചില പേജുകൾ കവി സ്വയം മറക്കും. പക്ഷേ, അത് വലിയ കുറ്റമായിട്ടാണ് കവിയുടെ മേൽ ഒരു തോട്ടിപോലെ കാലം ചാരിവെച്ചത്. പിച്ചക്കാരൻ, ധൂർത്തൻ, താന്തോന്നി, കേമദ്രുമക്കാരൻ, തെണ്ടിക്കുഞ്ഞിരാമൻ, മരമണ്ടൻ, ദേവിക്ക് പിറന്ന അസുരവിത്ത്, ഓട്ടക്കയ്യൻ, ഭ്രാന്തൻ, മന്തൻ, ചെകുത്താൻ, ഒട്ടകം, വിഡ്ഢി, മൂരാച്ചിക്കള്ളൻ, വിഷയഭ്രാന്തൻ, ഭോഗി, അന്ധനായ യാത്രക്കാരൻ, കുട്ടിസ്രാങ്ക്, രാവണൻ, മരഞ്ചാടിക്കുരങ്ങൻ... ഇങ്ങനെ സ്വയം എടുത്തണിഞ്ഞ നിന്ദാസ്തുതികൾ എത്രയെത്ര.**

അഭിനയച്ചെടുത്തതല്ല ഈ മറവിപ്പട്ടം. ജനിതകത്തിലെ ഒരു വിത്ത് മുളയാണ്. കവിതാകാമിനിയുടെ അനുഗ്രഹവർഷമുണ്ടാകുമ്പോൾ പ്രായോഗികജീവിതപ്പുസ്തകത്തിലെ ചില പേജുകൾ കവി സ്വയം മറക്കും. പക്ഷേ, അത് വലിയ കുറ്റമായിട്ടാണ് കവിയുടെ മേൽ ഒരു തോട്ടിപോലെ കാലം ചാരിവെച്ചത്. പിച്ചക്കാരൻ, ധൂർത്തൻ, താന്തോന്നി, കേമദ്രുമക്കാരൻ, തെണ്ടിക്കുഞ്ഞിരാമൻ, മരമണ്ടൻ, സിംഹത്തിനു പിറന്ന നായ, കുതിരക്കു പിറന്ന കഴുത, കപി, ദേവിക്ക് പിറന്ന അസുരവിത്ത്, ഓട്ടക്കയ്യൻ, ഭ്രാന്തൻ, മന്തൻ, ചെകുത്താൻ, ഒട്ടകം, വിഡ്ഢി, മൂരാച്ചിക്കള്ളൻ, വിഷയഭ്രാന്തൻ, ഭോഗി, അന്ധനായ യാത്രക്കാരൻ, കുട്ടിസ്രാങ്ക്, ഉള്ള് പൊള്ളയായ ബലൂൺ, കള്ളസന്ന്യാസി, തിരുമാലി, രാവണൻ, മരഞ്ചാടിക്കുരങ്ങൻ... ഇങ്ങനെ സ്വയം എടുത്തണിഞ്ഞ നിന്ദാസ്തുതികൾ എത്രയെത്ര. പോസ്റ്റ്മാൻ, തീർഥയാത്രക്കാരൻ എന്നിങ്ങനെ അത്യപൂർവമായേ ആത്മവിശേഷണങ്ങൾക്ക് ഗുണം തികയുന്നുള്ളൂ. എന്നാലാവട്ടെ, താനൊരു മറവിക്കാരനാണെന്ന് കവി സ്വയം വിശേഷിപ്പിച്ചു കണ്ടിട്ടില്ല. ആത്മകഥയിലൊരിടത്ത് ഇങ്ങനെയുണ്ട്:

''രാവിലെ കഴിഞ്ഞത് ഉച്ചയ്ക്ക് ഓർമ ഇല്ലാത്ത ഈ മനുഷ്യൻ-മറവിക്ക് പേരുകേട്ട ഈ മന്തൻ-ആത്മകഥയ്ക്ക് ഒരുങ്ങിയാൽ ലോകം ഒപ്പം കൂകി വിളിക്കും. തെറിപ്പാട്ട് പാടും. അവജ്ഞകൊണ്ട് മുഖത്ത് കാറിത്തുപ്പും.''[3]

ഹൃദ്രോഗബാധയേറ്റ് അറുപത്തിനാലിൽ ആസ്പത്രിയിൽ കിടക്കുന്ന കാലത്ത് സന്ദർശകരിലൊരാൾ കൂട്ടരോട് പറയുന്ന സംഭാഷണമായിട്ടാണ് കവി ഇതെഴുതിയത്. സ്വയം വിലയിരുത്തലല്ല. ലോകം എങ്ങനെ തന്നെ വായിച്ചു എന്നതാണ്.

തിങ്ങിപ്പൊങ്ങുന്ന ഓർമക്കടലിന്റെ ഇരമ്പലാണ് ആത്മകഥയുടെ മൂന്നു ഭാഗങ്ങളും. മരണത്തിനു മുന്നിലാണ് ഓർമകൾ ഇരമ്പുന്നതും പൊതുവെ ആത്മകഥകൾ പിറവികൊള്ളുന്നതും. റിട്ടയർമെന്റ് ഒരാളുടെ ആദ്യ മരണമാണ്. പെൻഷൻപറ്റിപ്പിരിഞ്ഞ് പെട്ടിസാമാനങ്ങളുമായി കൊല്ലങ്കോട്ടുനിന്നും നേരെ തിരുവില്വാമലയിലേക്ക് ചേക്കേറുന്ന കാലംതൊട്ടാണ് കവിയുടെ കാല്പാടുകൾ ആരംഭിക്കുന്നത്. മരണാസന്നനായി ആശുപത്രിയിൽ കിടക്കുന്നേരമുണ്ടായ ഓർമകളുടെ കരകവിയലാണ് നിത്യകന്യകയെത്തേടി. മാധവിക്കുട്ടിയുടെ ആത്മകഥയും സമാന അന്തരീക്ഷത്തിലാണ് ജന്മമെടുത്തത്. മരണത്തെ മറികടക്കാനാണ് കവികൾ ഓർമകൾകൊണ്ട് ആത്മകഥകൾ പണിയുന്നത്.

രാവിലെ കഴിഞ്ഞത് ഉച്ചയ്ക്ക് മറക്കുന്ന കവി എങ്ങനെ ആത്മകഥയെഴുതുമെന്ന സന്ദേഹം മറക്കാതെ കവിയുടെ കാല്പാടുകളിൽ പഴയ ഒരോർമ കുഞ്ഞിരാമൻ നായർ സൂക്ഷ്മമായി ഒപ്പിയെടുക്കുന്നത് കാണുക.

''ഒരു കന്നിമാസത്തിലെ നിറസന്ധ്യയ്ക്ക് മുപ്പട്ടു വ്യാഴാഴ്ച നിറമാലതൊഴാൻ തിരുവില്വാമല ആദ്യം കേറിവന്നത് ഇന്നും ഓർമയുണ്ട്. പതിനഞ്ചു കൊല്ലം മുൻപ് ഇതേ ബഞ്ചിലിരുന്നു. പശുവിൻപാൽ കിട്ടുമോ എന്നന്വേഷിച്ചു.''[4]

സംഗതി ഇതാണ്. 'ഇത്തിരിവട്ടം മാത്രം ചിന്തിക്കുകയും കാണുകയും' ചെയ്യുന്ന ആറടി മനുഷ്യർക്ക് അപ്പപ്പോൾ വേണ്ടതൊന്നും കവി ഓർമിച്ചില്ല എന്നേയുള്ളൂ. കുഞ്ഞിരാമൻ നായരുടെ മറവികളെക്കുറിച്ച് പല കഥകളും പ്രചാരത്തിലുണ്ട്. ചിലതെല്ലാം കവിതന്നെ എഴുതിയിട്ടുമുണ്ട്. അതിലൊന്ന് സ്വന്തം കല്യാണക്കാര്യം മറന്നതാണ്. മരുമകൾ ജാനകിയുമായുള്ള കല്യാണമൊക്കെ പറഞ്ഞുറപ്പിച്ച് വേണ്ടതുക അച്ഛനിൽ നിന്നും കൈപ്പറ്റി ആഭരണങ്ങൾ വാങ്ങാനായി പുറപ്പെട്ട കവി പിന്നെ തറവാട്ടിൽ തിരിച്ചെത്തിയത് കുറേ വർഷങ്ങൾ കഴിഞ്ഞാണ്. തനിച്ചായിരുന്നില്ല. കൂടെ പ്രവാസത്തിനിടയിൽ കണ്ടെത്തിയ കുഞ്ഞിലക്ഷ്മിയമ്മയെന്ന ഭാര്യയും രണ്ട് കുട്ടികളുമുണ്ടായിരുന്നു. അവരെ വാടകവീട്ടിലാക്കി ഭാര്യയുടെ മൂന്നാമത്തെ പ്രസവശുശ്രൂഷയ്ക്കുവേണ്ടി പൊന്മളയിൽ നിന്നും അവളുടെ അമ്മയെ കൂട്ടിക്കൊണ്ട് വരാമെന്ന് പറഞ്ഞ് പോയ കവി പിന്നെ വന്നത് പത്ത്‌വർഷം കഴിഞ്ഞാണ്.

കവിയുടെ കാല്പാടുകളിൽ ഭാഗവതരുടെ മകളുമായുള്ള കല്യാണം ഉറപ്പിച്ചതിനെക്കുറിച്ചും ആഖ്യാനമുണ്ട്. വധുവിന്റെ വീട്ടിൽ പന്തലിട്ടു. സദ്യയൊരുങ്ങി. വധു കുളിച്ചൊരുങ്ങി. പക്ഷേ വരൻ വന്നില്ല. വധു ബോധംകെട്ടുവീണു. നാട്ടിലവർക്ക് പിന്നെ പുറത്തിറങ്ങാൻ വയ്യെന്നായി. കുറേദിവസങ്ങൾക്കുശേഷം കവി പറഞ്ഞത് സംഗതി താൻ മറന്നുപോയി എന്നാണ്.

കവിതയുടെ സത്യങ്ങളെക്കാൾ ഇങ്ങനെയുള്ള മറവിക്കഥകളാണ് വേഗം പ്രചരിച്ചത്. ഭക്തകവിപ്പട്ടം തൊട്ട് വിഷയലമ്പടത്വം വരെയുള്ള പട്ടങ്ങളെല്ലാം കവിയുടെ യഥാർഥ കാവ്യസാകല്യത്തിന് ഏറെക്കാലം മറകെട്ടി.

വാസ്തവത്തിൽ, വലിയ മറവിക്കാരനെന്ന് കുഞ്ഞിരാമൻ നായരെ പറയാമോ? ഇല്ലെന്നു മാത്രമല്ല. കുഞ്ഞിരാമൻ നായരെപ്പോലെ ഓർമകൾ കൊണ്ടുനടന്ന, ഓർമകളിൽ തപിച്ചുരുകിയ മറ്റൊരു കവി മലയാളത്തിലാരുണ്ട്? ജൈവരാശിയെ നിരന്തരം തോറ്റുന്ന മഹാസ്മൃതികളെ ആദ്യന്തകാലം കൊണ്ടുനടന്ന കവിയാണ്. ഓർമകളുടെ ഉത്സവം എന്നാണ് കെ. ജി. ശങ്കരപ്പിള്ള 'വാക്കുകളുടെ മഹാബലി'യായ പീക്കവിതകളെ നോക്കിക്കണ്ടത്. പൊടുന്നനെ ഒരു മില്യൺ ഓർമകൾ പാരീസിൽവെച്ച് തനിക്കുണ്ടായതിനെ വർജീനിയാ വൂൾഫ് വിവരിച്ചിട്ടുണ്ട്. കുഞ്ഞിരാമൻ നായരാവട്ടെ സദാ സമയവും മില്യൺ കണക്ക് ഓർമകൾ തലച്ചുമടാക്കി. കവിതകളിലെ കല്പനകളുടെ ധാരാളിത്തവും എഡിറ്റിംഗിനു വഴങ്ങാത്ത അനിയന്ത്രിതയുമൊക്കെ ഓർമകളുടെ പെരുക്കത്തെയാണ് സൂചിപ്പിക്കുന്നത്. കനത്ത ഓർമകളുടെ പലിശയാണ് കവിയുടെ കാവ്യവിചാരങ്ങൾ എന്നു പറയാം. തന്റെ ബാങ്കുബാലൻസ് ഓർമകളാണ് എന്നെഴുതിയ മാധവിക്കുട്ടി, തനിക്ക് പെട്ടിയുടെ അടിയിൽ സൂക്ഷിച്ച ചന്ദന ഉരുളയാണ് ഓർമ എന്ന് പറഞ്ഞിട്ടുണ്ട്. കുഞ്ഞിരാമൻനായർക്കാവട്ടെ ഓർമ കാഞ്ഞിരമരമാണ്. ഓരോ മില്ലിയും കയ്പും. അതല്ലെങ്കിൽ ഓർമ, തേൻപലകയും അതിന് കാവൽ നിൽക്കുന്ന കടന്നൽക്കൂട്ടവുമാണ്. മധുരിക്കുമ്പോഴേക്കും കടന്നൽക്കുത്തുകളായി. ആ 'ലഹരിപിടിക്കും വേദന' കളിൽ നിന്നാണ് അരലക്ഷത്തോളം 'മുരളീമൃദുരവങ്ങളൊ'ഴുകിയത്.

കേരളത്തിലെ ജൈവവൈവിധ്യങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും നദി-മലകളുടെ ഭൂപ്രകൃതിയെക്കുറിച്ചുമെല്ലാം ഇത്രയും വിശദമായ ഓർമകൾ നമുക്ക് മറ്റാരാണ് കവിതയിൽ പകർന്നിട്ടുള്ളത്. എത്രതരം നാടൻ പൂക്കളും ചെടികളും വള്ളികളും പ്രാണികളും മരങ്ങളും മൃഗങ്ങളുമാണ് അണിനിരന്നത്. ഇപ്പോഴില്ലാതായിക്കഴിഞ്ഞ ചാമ, റാഗി, തിന, എള്ള് തുടങ്ങിയ ധാന്യകൃഷികളെല്ലാം പി.യുടെ എഴുത്തിൽ ഓർമയുടെ പച്ചവിരിക്കുന്നുണ്ട്. ഉങ്ങ്, ചേര്, കരിമ്പന, കാഞ്ഞിരം, മുരിക്ക് എന്നിങ്ങനെയുള്ള വംശനാശം നേരിടുന്ന എത്രയെത്ര മരങ്ങൾ. അണ്ണാൻ തൊട്ട് ആനവരെയുള്ള മൃഗജാലങ്ങൾ. കുട്ടിസ്രാങ്ക്മുതലുള്ള ജീവികളും നത്ത് മുതലായ കിളികളും. താളും തുമ്പയും തവരയും മുക്കുറ്റിയും പിച്ചകവും മുല്ലയുമെല്ലാം ലോഭമില്ലാതെ പദമൂന്നുന്നവരികൾ. കവിയെ ആഴത്തിലും വിശദമായും പഠിക്കുന്ന സന്ദർഭത്തിൽ പിന്മുറക്കാരനായ മറ്റൊരു കവി എഴുതിയത്, കേരളത്തിലെ പൂക്കളെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചുമെല്ലാം പഠിക്കാനിറങ്ങുന്ന ഭാവി ശാസ്ത്രജ്ഞന്മാർ പി.യുടെ കവിതകളിലേക്ക് ഉറ്റുനോക്കും എന്നാണ്[5].

അനുസ്യൂതമായി പ്രവഹിക്കുന്ന കേരളീയ ബിംബങ്ങളുടെ കവിഞ്ഞൊഴുകൽ കണ്ട് 'ഭാവനാകുബേരന്റെ ധാരാളിത്ത'മെന്ന് ഉപഹാസച്ചിരി ചിരിച്ചവർക്കാണ് തെറ്റിയത്. വന്നകാലത്തിനുവേണ്ടി മാത്രമായിരുന്നില്ല, വരാനിരിക്കുന്ന കാലങ്ങൾക്കുവേണ്ടികൂടിയാണ് പി. ഭാരതപ്പുഴക്കരയിൽ എഴുത്തിനിരുന്നത്. കവിതന്നെ പറയുമ്പോലെ, ഓണനിലാവിനൊപ്പം നൂറുനൂറ്റാണ്ടിന്റെ ഓണമുണ്ടത്. അപ്പോഴാണ് കാലത്തിന്റെ അതിരുകൾക്ക് കവിത ചിറക് കെട്ടുന്നത്. കവിത സാർവകാലികമാകുന്നത്. കേരളീയതയെക്കുറിച്ചുള്ള നവാന്വേഷണങ്ങളുടെ സാഹചര്യത്തിൽ ആഗോളീകരിക്കപ്പെടുന്ന ലോകക്രമത്തിൽ ഏകശിലാഘടനയുള്ള സംസ്കാരം അതിവേഗം രൂപപ്പെടുന്ന സാഹചര്യത്തിൽ, കുഞ്ഞിരാമൻ നായർ അവതരിപ്പിച്ച ദേശീയതയും അതിന്റെ പലമകളും വലിയ ഉചിതജ്ഞതയായി സ്വീകരിക്കപ്പെടുന്നുണ്ട്.

കടംകഥകളും പഴഞ്ചൊല്ലുകളും നാടോടിപ്പാട്ടുകളും ശേഖരിക്കാൻ തെന്മല-വടമല താഴ്‌വാരങ്ങളിൽ കുറേക്കാലം ചുറ്റിക്കറങ്ങിയതിനെക്കുറിച്ച് 'കവിയുടെ കാല്പാടുക'ളിലുണ്ട്. അതേ ഗ്രന്ഥത്തിൽ മറ്റൊരിടത്ത് കവി വീണ്ടും പറയുന്നു. "കേരളത്തിലെ ഓരോ താലൂക്കും ഓരോ ഗ്രാമവും ജീവിച്ചനുഭവിച്ചു പഠിക്കണം. തെക്കും വടക്കും നടുക്കും നാലുപുറത്തും മാറിമാറിക്കൂടുക. വിചിത്രഭാഷകൾ, ആചാരങ്ങൾ, കേരളം പഠിക്കുക, തനി മലയാഴ്മ ആസ്വദിക്കുക, ചോറിന്റെ കറി, പാട്ടിന്റെ ശ്രുതി, അതാണ് കവിതയ്ക്ക് പ്രകൃതി. എല്ലാം ഒന്ന്. എന്നാൽ എല്ലാം വ്യത്യസ്തം. ഓരോ പുളിയിലയും വിഭിന്നം. എന്തൊരത്ഭുത സൃഷ്ടി! കോടാനുകോടി മുഖങ്ങളിൽ ഓരോ മുഖവും വ്യത്യസ്തം. ആരാണീ മഹാകാവ്യത്തിന്റെ കവി? ആരാണീ ചിത്രത്തിന്റെ ചിത്രകാരൻ? ഈ നിഗൂഢകല പഠിക്കുക. അവൻ കലാകാരനായി"[6].

കാമപൂരണ വിദ്യകൾപോലും കവിതാകാമിനിയെ പാട്ടിലാക്കാനായിരുന്നു. മറിച്ചല്ല. ആത്മകഥയിൽ മാത്രമല്ല, 'പറന്നുപോയ പൂത്തിരുവാതിര'യുടെ ആമുഖത്തിലും കവി എഴുതി. " നാടൻ പാട്ടുകളുടെയും ആചാരങ്ങളുടെയും മധുരമുണ്ണാനാണ് വള്ളുവനാട്ടിലെ പല കുടികളിലും സംബന്ധത്തിലേർപ്പെട്ടത്." കേരളപ്പഴമകളും ജൈവവൈവിധ്യങ്ങളും ഋതുഭേദങ്ങളും സംസ്കാരത്തിന്റെ ഔഷധവേരുകളും തേടി ഇങ്ങനെ ഒരു കവിസഞ്ചാരം മലയാളത്തിലുണ്ടായിട്ടില്ല. കരിമ്പിൻതോട്ടങ്ങളിലൂടെയുള്ള ആ മുന്നേറ്റത്തിൽ ഗജപാദങ്ങൾക്കിടയിൽപ്പെട്ട വ്യക്തിബന്ധങ്ങളുടെ വള്ളിച്ചെടികളെല്ലാം ഞെരിഞ്ഞമർന്നു എന്നു മാത്രം.

> **കുഞ്ഞിരാമൻനായരെപ്പോലെ ഓർമകൾ കൊണ്ടുനടന്ന, ഓർമകളിൽ തപിച്ചുരുകിയ മറ്റൊരു കവി മലയാളത്തിലാരുണ്ട്? ജൈവരാശിയെ നിരന്തരം തോറ്റുന്ന മഹാസ്മൃതികളെ ആദ്യന്തകാലം കൊണ്ടുനടന്ന കവിയാണ്. കുഞ്ഞിരാമൻനായർക്കാവട്ടെ ഓർമ കാഞ്ഞിരമരമാണ്. ഓരോ മില്ലിയും കയ്പും. അതല്ലെങ്കിൽ ഓർമ, തേൻപലകയും അതിന് കാവൽ നിൽക്കുന്ന കടന്നൽക്കൂട്ടവുമാണ്. മധുരിക്കുമ്പോഴേക്കും കടന്നൽക്കുത്തുകളായി. ആ 'ലഹരിപിടിക്കും വേദന' കളിൽ നിന്നാണ് അരലക്ഷത്തോളം 'മുരളീമൃദുരവങ്ങളൊ'ഴുകിയത്.**



ഗദ്യപദ്യങ്ങളിലുള്ള കവിയുടെ ഓണസ്മൃതികളിലേക്ക് നോക്കുക. ഓണക്കവിതകളുടെ എണ്ണത്തിൽ മറ്റൊരാൾ അടുത്തില്ല. കേരളീയ ▶

തയുടെ എത്ര ഈടുവെപ്പുകളാണ് കവിയുടെ ഓണച്ചിന്തകളിൽ തിടം വെയ്ക്കുന്നത്! ആ ഓണച്ചന്തമാകട്ടെ മനുഷ്യന്റേത് മാത്രമല്ല. സർവചരാചരങ്ങളും ആഹ്ലാദത്തിമർപ്പിലാവുന്ന പൊന്നോണക്കാലമാണത്. നഷ്ടസ്വർഗ കീർത്തനം മാത്രമല്ല. അതിൽ കൂടുതൽ വരാനിരിക്കുന്ന ക്ഷേമരാജ്യ വിഭാവനമാണ്. ആ ഓണച്ചന്തമാകട്ടെ മനുഷ്യന്റേത് മാത്രമല്ല. ഭൂമിയുടെ അവകാശികളായ സർവചരാചരങ്ങൾക്കും മരിച്ചാൽ പരസ്പരം പുലയുള്ള നാട്. കവിയതിനെ തൃക്കാക്കരയെന്നു വിളിക്കുന്നു. എല്ലാ ജീവജാലങ്ങൾക്കും തുല്യനീതി നൽകുന്ന മഹാബലിയാണ് ആ ആദർശരാഷ്ട്രത്തിന്റെ അധികാരി. ഓർമകൾ കവി കുന്നുകൂട്ടിയത് ഭാവി സ്വർഗം നിർമിക്കാനായിരുന്നുവെന്ന് ചുരുക്കം.

സംസ്കാരത്തിന്റെ ഔഷധവേരുകൾ തിരഞ്ഞ് ചരരാശിയിൽ പിറന്ന ഈ കവി ഒരവധൂതനെപ്പോലെ നാടായനാടെല്ലാം അലഞ്ഞുകൊണ്ടേയിരുന്നു. പുത്തൻ ടൂറിസ്റ്റിനെപ്പോലെ എല്ലാം മറന്നുള്ള യാത്രകളായിരുന്നില്ല. സർവേന്ദ്രിയങ്ങളും തുറന്ന് ഓരോ പുൽക്കൊടിയും പൂച്ചിരിയും അനുഭവിച്ചറിഞ്ഞുള്ള യാത്ര. ഓരോ മധുപാനവും മധുരവേദനയിൽ കലാശിച്ചു. ബന്ധങ്ങളോരോന്നും ബന്ധനങ്ങളായി. പിന്നെ പ്രാണക്കടെച്ചിലായി. ഇത്തിരി വെളിച്ചത്തെ പുൽകുമ്പോഴേക്കും ഇരുട്ടിന്റെ കടലിലായി. 'ഞാനെല്ലാം നേടിയാത്മാവ് നഷ്ടപ്പെട്ടോരഭയാർഥിയാം മർത്ത്യൻ' എന്നു കേഴുകയായി.

'ഏതോ കലിബാധയാൽ മാനം പോയി ശൂന്യത തെണ്ടുന്ന' തന്റെ ജാതകം കവിതന്നെ ഇങ്ങനെ തന്നിട്ടുണ്ട്. "അമ്പലത്തിലേക്ക് പുറപ്പെട്ടു. ശ്മശാനത്തിലെത്തി. കവിത തേടി ഇറങ്ങി. നാട്, വീട്, കുടുംബസ്വത്ത്, പൈതൃകം എല്ലാം നഷ്ടപ്പെട്ടു. ഹിമാലയക്കൊടുമുടി കയറാൻ പോയി. വഴുതി അഗാധതയിൽ വീണു. ശരിയാകുംതോറും തെറ്റ് കൂടിക്കൂടി വന്നു. അഴിയുംതോറും കെട്ടുകൾ മുറുകുന്നു. നീട്ടിവെയ്ക്കുന്തോറും കാല്പാട് പിഴയ്ക്കുന്നു. കാഴ്ചപ്പാട് മങ്ങുന്നു. ഇന്നു ഞാൻ മരുഭൂമിയിലെ ഒട്ടകമാണ്. മുള്ള് കടിച്ച് തിന്ന് വായയാകെ മുറിഞ്ഞ് ഒലിക്കുന്ന സ്വന്തം ചോര നുണയ്ക്കുന്ന ഒട്ടകം."[7]

കയ്ക്കുന്ന ഓർമ്മകൾ പൊള്ളിച്ചുണർത്തിയ പ്രാണവേദനയിൽ നിന്നാണ് 'കളിയച്ഛൻ' പോലുള്ള മഹത്തായ രചനകൾ പിറവിയെടുത്ത്. 'ചുമ്മാ പലപല വേഷങ്ങൾ കെട്ടി ആത്മസ്വരൂപമെല്ലാം 'നഷ്ടപ്പെട്ട്' ഒടുവിൽ ഏതോ കൊടും പാപശിക്ഷയേറ്റുവാങ്ങി 'ജീവിത വല്ലരിയുടെ വേരുണങ്ങി മരവിച്ചു മരിക്കുന്ന' കവി ഓർമ്മകളുടെ ഇരതന്നെ. ഭാഗവതരുടെ മകളോട് കല്യാണദിവസം കാണിച്ച മഹാപാപത്തിന്റെ നീറ്റൽ കൂടി കളിയച്ഛന്റെ പിറവിക്കുപിന്നിലുണ്ടെന്ന് 'കാല്പാടുകൾ' സൂചിപ്പിക്കുന്നു.

പ്രപഞ്ചപ്പൊരുളോർത്ത്, ചരാചരങ്ങളെ പോറ്റുന്ന സനാതന ചൈതന്യത്തിന്റെ ലീലാ, വിലാസങ്ങളോർത്ത് സ്വന്തം അസ്തിത്വത്തിന്റെ കാതലുകളാരാഞ്ഞ് ഊരുചുറ്റിയ മഹാകവിയെ നാം പ്രകൃതിഗായകനെന്ന് ചുരുക്കിപ്പറഞ്ഞു. സ്ഥലകാലങ്ങളെ നിഷേധിച്ച ആധുനികരുടെ അസ്തിത്വദർശനമായിരുന്നില്ല അത്യാധുനികനായ പിയുടേത്. നൈതിക ജാഗ്രതയോടെ ഭൂതഭാവികളെ വർത്തമാനത്തോട് കൂട്ടിക്കെട്ടുകയായിരുന്നു. ബഷീറിനെപ്പോലെ കാലരഹസ്യങ്ങൾ പി.യെ വല്ലാതെ അലട്ടിക്കൊണ്ടേയിരുന്നു.

"ഞാൻ, ഞാൻ - പൂച്ചെടിയിലെ പൂപോലെ, കടലിലെ തിരമാലപോലെ - തല പൊക്കുന്ന ഈ ഞാൻ ആരാണ്? നൂറുകൊല്ലം മുൻപ് ഞാനില്ല. തെല്ലിടനേരം ഈ ലോകത്തിൽ കടന്നുവന്ന് ഇത്രയും അരങ്ങിൽ ഇത്രയും കളിച്ച ഞാനാരാണ് ഞാനെവിടെ നിന്ന് വന്നു? എങ്ങോട്ട് പോകുന്നു? എന്റെ വീട് ഒരു ദിവസം ഒഴിഞ്ഞുപോകേണ്ട വാടക വീട് മാത്രം. ഈ ലോകം, യാത്രക്കാരൻ തീവണ്ടി സ്വന്തം എന്നഭിമാനിക്കും പോലെ കടന്നു പോകേണ്ട ഒരു തീവണ്ടിയാപ്പീസ് മാത്രം".[8]

കാലത്തെക്കുറിച്ചുള്ള ഇത്തരം ഉൽക്കണ്ഠകൾ കവിയെ സദാ ഭരിച്ചു. കാലം ഓർമ്മകൾ തന്നെ. കാലം നിലനിൽക്കുന്നത് ഓർമ്മകളിലാണ്. ക്ഷണിക ജീവികളായ മനുഷ്യരുടെ മദമാത്സര്യങ്ങളുടെ നേർക്ക് കവി ഊറിച്ചിരിച്ചു. കൂട്ടിനകത്തെ പെരുമ്പാമ്പിന്റെ പുറത്തിരുന്ന് അരിമണി കൊറിക്കുന്ന, ഇണ ചേരുന്ന കോഴിയാണ് (എഴുത്തച്ഛന്റെ തവളപോലെ) താനെന്ന് കവി 'ഇരുട്ടിലെ മനുഷ്യ' നെന്ന ലേഖനത്തിൽ കണ്ടറിഞ്ഞു. പത്തിവിരിച്ച് നിൽക്കുന്ന മഹാകാലമാകുന്ന കരിനാഗത്തിന്റെ കടിയേറ്റാണ് മൃതിയെ വകഞ്ഞുമാറ്റിയ പുതിയ ഉണർച്ചകൾ തനിക്കുണ്ടായതെന്ന് കവിതയിൽ എഴുതി. ക്ഷണികമെങ്കിലും ത്രികാലങ്ങളിൽ വേരുപടർന്ന മറ്റൊരു കാവ്യജീവിതം തനിക്കുണ്ടെന്ന തിരിച്ചറിവിലേക്ക് കവി വളർന്നു. ഒരു കോടി കൊല്ലം മുമ്പത്തെ ലോകത്തിനും ഒരു കോടി കൊല്ലത്തിനുശേഷം വരാനിരിക്കുന്ന ലോകത്തിനും നടുവിലാണ് താനെന്ന നൈരന്തര്യത്തെ ഓർമ്മിച്ച കവി മാവേലി മന്നനൊപ്പം ഉണ്ട ആയിരം ഓണനിലാവുകളെ കൈക്കുമ്പിളിൽ കോരിയെടുക്കുന്നു. നൂറുനൂറ്റാണ്ടിന്റെ പൂക്കളെ ഓർത്തു തരിക്കാൻ കവിക്കാവുന്നു. അനേകം നൂറ്റാണ്ടുകളിലൂടെ തന്റെ താമരത്തോണി ഒഴുകിപ്പോകുന്നത് വിഭാവനം ചെയ്ത്. നിത്യതയുടെ മഹാകാലത്തിലായിരുന്നു ആ കാവ്യജീവിതം കൊടിപറത്തിയത്.

ഇത്ര ഗംഭീരമായി മറ്റൊരു കവിയും മലയാളത്തിൽ തിരിച്ചുവന്നിട്ടില്ല. എന്തുകൊണ്ടിങ്ങനെ? 'പഴക്കച്ചൂരില്ലാത്ത എന്നും

കേരളത്തിലെ ജൈവവൈവിധ്യങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും നദി-മലകളുടെ ഭൂപ്രകൃതിയെക്കുറിച്ചുമെല്ലാം ഇത്രയും വിശദമായ ഓർമകൾ നമുക്ക് മറ്റാരാണ് കവിതയിൽ പകർന്നിട്ടുള്ളത്. എത്രതരം നാടൻ പൂക്കളും ചെടികളും വള്ളികളും പ്രാണികളും മരങ്ങളും മൃഗങ്ങളുമാണ് അണിനിരന്നത്. സംസ്കാരത്തിന്റെ ഔഷധവേരുകൾ തിരഞ്ഞ് ചരരാശിയിൽ പിറന്ന ഈ കവി ഒരവധൂതനെപ്പോലെ നാടായനാടെല്ലാം അലഞ്ഞുകൊണ്ടേയിരുന്നു.



▲ വൈക്കം മുഹമ്മദ് ബഷീർ

▲ മാധവിക്കുട്ടി

> സ്ഥലകാലങ്ങളെ നിഷേധിച്ച ആധുനികരുടെ അസ്തിത്വദർശനമായിരുന്നില്ല അത്യാധുനികനായ പിയുടേത്. നൈതിക ജാഗ്രതയോടെ ഭൂതഭാവികളെ വർത്തമാനത്തോട് കൂട്ടിക്കെട്ടുകയായിരുന്നു. ബഷീറിനെപ്പോലെ കാലരഹസ്യങ്ങൾ പി.യെ വല്ലാതെ അലട്ടിക്കൊണ്ടേയിരുന്നു. നൂറുനൂറ്റാണ്ടിന്റെ പൂക്കളെ ഓർത്തു തരിക്കാൻ കവിക്കാവുന്നു. നൂറ്റാണ്ടുകളിലൂടെ തന്റെ താമരത്തോണി ഒഴുകിപ്പോകുന്നത് വിഭാവനം ചെയ്ത്. നിത്യതയുടെ മഹാകാലത്തിലായിരുന്നു ആ കാവ്യജീവിതം കൊടിപറത്തിയത്.

പുത്തനായ, എത്രവായിച്ചാലും വായിക്കാൻ തോന്നുന്ന കവിതയാണ് കവിത' ഒരു കവിതയുടെ ആമുഖമായി കവിതന്നെ കുറിച്ച വാക്യമാണിത്. ഈ നിർവചനം നന്നേ ഇണങ്ങുന്നത് മലയാളകവിതയിലെ ഈ സൽപ്പുത്രനുതന്നെ. മലയാളിയുടെ സമകാല അസ്വാസ്ഥ്യങ്ങൾക്ക് സാംസ്കാരികൗഷധമാകാനും ജ്ഞാനത്തിന്റെ പുതിയ കണ്ണുകൾക്ക് കുളിർത്തണലുകൾ നൽകാനും പീക്കവിതകൾക്കായി. നവാധിനിവേശത്തിന്റെയും പരിസ്ഥിതി വിനാശത്തിന്റെയും ക്രൂരയാഥാർഥ്യങ്ങൾക്കിടയിൽ പ്രത്യാശയോടെ നമുക്ക് ഉറ്റുനോക്കാനുള്ള ഒരിടം ആ കാവ്യലോകത്തിലുണ്ട്.

കേരളത്തിലൊരു ഭൗമസദാചാരം രൂപപ്പെടുന്നതിന് വളരെ മുൻപ് പ്രവചനസ്വഭാവമുള്ള ഇക്കോളജീയ ദർശനങ്ങൾ രൂപപ്പെടുത്തിയ കവിയാണ് പി. പ്രകൃതിയായ പെറ്റമ്മയോട് മനുഷ്യൻ കാട്ടുന്ന ക്രൂരതയെ ചൊല്ലി നിരന്തരം വേദനിക്കുകയും ക്രോധിക്കുകയും ചെയ്ത കവി, പാൽച്ചോരയെല്ലാം വറ്റി തീറ്റയില്ലാതെ എല്ലും തോലുമായ മുത്തിപ്പശുക്കളായ ഗ്രാമങ്ങളെയും ആകാശത്തെ മിന്നൽക്കൊടിയുടെ മുഖത്ത് കരിതേക്കുന്ന പുകക്കുഴലുകളേയും മരങ്ങളുടെ ജഡങ്ങൾ കയറ്റി നിരനിരയായി കുന്നുകയറിപ്പോകുന്ന ശവലോറികളെയും 'മർത്ത്യൻ തീർക്കും സ്വാർഥലോക ദുർഗന്ധത്തിൽ അശുദ്ധമാകുന്ന, വെള്ളമില്ലാത്ത പൈപ്പിനുചുവട്ടിൽ കാത്തുകിടക്കുന്ന ഗ്രാമങ്ങളെയും ദയവില്ലാതെ കൊലചെയ്യപ്പെട്ട കാനന ലക്ഷ്മിയുടെ ചിതകളേയും പാമ്പുകൾ ഉറയൂരിയിട്ടത് പോലെ കിടന്ന, സ്വന്തം കുഴിതോണ്ടിക്കൊണ്ട് മനുഷ്യൻ നിർമ്മിച്ച അണക്കെട്ടുകളേയും ചുടുകാറ്റിൽ ആരോ കെട്ടിയിട്ട പശുവിനെപ്പോലെ നാവ് നീട്ടുകയും കണ്ണ് തുറിപ്പിക്കുകയും ചെയ്യുന്ന കരിമലകളേയും ആർദ്രതയോടെ നോക്കിക്കണ്ടു. 'ഊഴിയിൽക്കടലിൽക്കാറ്റിൽ നീരിൽ വാനത്ത് കൂടിയും വിഷം തളിക്കുന്ന രക്തരക്ഷസി'നെക്കുറിച്ചു പാടിയ, 'പ്രാക്തന സംസ്കാരത്തിൻ തായ്‌വേരു പുഴക്കുവാൻ മഴുവും കോടാലിയും ഒത്തൊരുമിക്കുന്നത് കണ്ട് 'നിർത്തുക വീരന്മാരെ വിപിന വധോത്സവം' എന്നലറിയ കവിയെ 'വൻ നദങ്ങൾ നാടിന്റെ ചോരഞരമ്പുകൾ' (വെള്ളം ഭൂമിയുടെ ചോരയാകുന്നു എന്ന് ബഷീർ) ആണെന്ന് അന്നേ വിളിച്ചുപറഞ്ഞ കവിയെ നാം മറവിക്കാരനെന്നും ഭക്തനെന്നും പിന്തിരിപ്പനെന്നും വിളിച്ച് ചെറുതാക്കിക്കളഞ്ഞു. കർഷകരുടെ ആത്മഹത്യകൾ പെരുകുന്ന ഇക്കാലത്ത്, 'വിത്തറ്റക്കൃഷി'യും കീർത്തിമുദ്രയുമൊക്കെ അന്ന് മലയാളിയുടെ ജീവിതത്തിലെ പാഠപുസ്തകങ്ങളാകാതെ പോയതിന്റെ നഷ്ടമറിയാം.

അധിനിവേശത്തിന്റെ ജൈത്രയാത്രയിൽ സംസ്കാരത്തിന്റെയും പരിസ്ഥിതിയുടെയും അടിത്തറയാണ് നിലം പരിശാവുന്നതെന്ന് മുൻകണ്ടറിയാൻ ഈ കവിക്കായി. 'ഗാമയുടെ കപ്പലി'ലൂടെ അധിനിവേശചരിത്രത്തിന്റെ വേരുകൾ കണ്ടെടുക്കപ്പെട്ടു. 'വന്മദാലൂഴി പിളർക്കുന്ന തേറ്റയും വെണ്മയിലുള്ളവും മൂടിമറച്ച് കൊണ്ടാണ് എല്ലാ അധിനിവേശങ്ങളും വന്നുകയറുന്നതെന്ന് കവി മുന്നറിയിപ്പ് നൽകി. സാൻഗബ്രിയേലിൽ കാപ്പാട് വന്നിറങ്ങിയ ഭീകരത ചൂണ്ടിക്കാട്ടിയതൊന്നും പക്ഷെ വേണ്ടപ്പെട്ടവർ കാണാതെ പോയി. അതുകൊണ്ടാണല്ലോ ഗാമ കപ്പലിറങ്ങിയതിന്റെ അഞ്ഞൂറാം വർഷം കൊട്ടിഘോഷിക്കാൻ മലയാളികളിൽ ചിലർ തുനിഞ്ഞിറങ്ങിയത്. കവിക്ക് കൊളോണിയൽ കാലത്ത് മനസ്സിലായത് നമുക്കിന്നും മനസ്സിലായിട്ടില്ലെന്നർഥം. മണ്ണിലും ഭാഷയിലും രുചിയിലും വേഷത്തിലും കാഴ്ചയിലും വിത്തിലും മണത്തിലും ശീലത്തിലും നിയമത്തിലും സംസ്കാരത്തിലുമെല്ലാം വന്നു കയറുന്ന ഏതധിനിവേശത്തേയും– 'ഗ്രാമീണ സംഗീത തരംഗവായ്പിലലിഞ്ഞുചേരാത്ത' എല്ലാ അപസ്വരങ്ങളേയും– കവി ചെറുത്തുകൊണ്ടേയിരുന്നു. അപ്പോഴൊക്കെ നാം കവിയെ പിന്തിരിപ്പനെന്നും ശാസ്ത്രവിരുദ്ധനെന്നും മുദ്രകുത്തി. ഓർമ്മകൾ ഉണ്ടായിരിക്കണം എന്ന പ്രതിബോധമാണ് കവി നിർമ്മിച്ചത്. ആഗോളീകരണം ക്ഷിപ്രസാധ്യമായതോടെ ജീവിതത്തിന് കൈവന്ന അപാരവേഗതയും കാഴ്ചകളുടെ പെരുക്കവും മനുഷ്യന്റെ ചരിത്രബോധത്തേയും ഓർമ്മകളേയും വന്ധ്യമാക്കുന്നുണ്ട്. വർത്തമാനകാലത്തിൽ മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട, ഭൂതഭാവികൾ നഷ്ടപ്പെട്ട ജീവികളായി മനുഷ്യർ ചുരുങ്ങിത്തീരുമ്പോൾ ഓർമ്മകളെ ഉയർത്തിപ്പിടിക്കുന്ന ഏതൊരു കലയും മറവിയെ നിഷേധിക്കുന്ന ഏതൊരു ഭാവനയും മഹത്തായതാണ്.

പന്ത് ഉരുമ്മിപ്പോയിട്ടും കളിയിൽ പിഴച്ച കവിയെ മലയാളികൾ പഴിച്ചു. ജീവിതക്കളിയിൽ കവി എന്നും തോറ്റ ടീമിലായിരുന്നു. എന്നാൽ കവിക്ക് കെട്ടിച്ചാർത്തിയ വ്യാജനെറ്റിപ്പട്ടങ്ങളെല്ലാം കാലം ഓരോന്നായി ഊരിയെറിഞ്ഞു. അന്ന് കോർട്ടിലെ പന്ത്കളിമാത്രമേ കാണികൾ കണ്ടുള്ളൂ. എന്നാൽ ആ ചെറിയ മൈതാനത്തിനപ്പുറത്ത് ആദ്യന്തങ്ങളില്ലാത്ത പ്രപഞ്ചത്തിന്റെ അത്യത്ഭുതകരമായ 'കളിപ്പന്തലി'ൽ താരഗ്രഹഗോളങ്ങൾ കലർന്നുള്ള അദൃശ്യമായ മറ്റൊരു വലിയ പന്തു കളിയുണ്ട്. അത് കണ്ടമ്പരന്നാവണം കുഞ്ഞിരാമൻ നായർ എഴുതിയത്.

“മാമലനാടിൻ കുലപരദേവതേ,
പൊന്നും പതിനാറുകൈകളിൽ’
ബ്രഹ്മാണ്ഡ–
മണ്ഡലപ്പന്താടുമാനന്ദദേവതേ!” ■

---

1. 'മഹാകവിയുടെ ജീവിതം' സി.പി. ശ്രീധരൻ
2. 'ഓർമ്മയുടെ പൂക്കളം' കെ. മാധവൻ
3. 'നിത്യകന്യകയെത്തേടി', പുറം : 74
4. 'കവിയുടെ കാല്പാടുകൾ', പുറം 11
5. 'കുഞ്ഞിരാമൻ നായർക്കവിത'. മേലത്ത് ചന്ദ്രശേഖരൻ
6. 'കവിയുടെ കാല്പാടുകൾ' പുറം 18
7. 'കവിയുടെ കാല്പാടുകൾ' പുറം 414
8. 'നിത്യ കന്യകയെത്തേടി' പുറം 112

2005 ഡിസംബർ 18 – 24
1181 ധനു 3 – 9
പുസ്തകം 83
ലക്കം 42
പ്രസിദ്ധീകരണത്തിന്റെ 73–ാം വർഷം

13/12/05

മാതൃഭൂമി
ആഴ്ചപ്പതിപ്പ്

മാനുഷിയുടെ രൂപവത്ക്കരണത്തിൽ കെ. വേണുവിനും പാർട്ടിക്കുമുള്ള പങ്കാളിത്തം സ്ത്രീവാദികൾക്ക് നിഷേധിക്കാനാവുമോ? വിവാഹപൂർവ ലൈംഗിക ബന്ധത്തെക്കുറിച്ച് പാർട്ടി പുലർത്തിയ പ്രതിലോമ നിലപാടുകൾ സ്ത്രീപ്രസ്ഥാനത്തെ എങ്ങനെയാണ് ബാധിച്ചത്? സാറാ ജോസഫും കെ. വേണുവും ഇന്ന് മുഖ്യധാരാ രാഷ്ട്രീയകക്ഷികളോട് സന്ധി ചെയ്യുമ്പോൾ അവരുടെ ഭൂതകാല ആദർശ രാഷ്ട്രീയം വഞ്ചനക്കിരയാവുന്നുണ്ടോ? പുതിയ കാലത്തിലെ സ്ത്രീവിമോചക പ്രവർത്തനങ്ങളുടെ സാധ്യതകൾ ആരായുകയാണ് ലേഖകൻ.

കണ്ണുകൾ തിളങ്ങും കാലം 8
എം.ജി. ശശി

കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങളുടെ ചരിത്രവും വർത്തമാനവും ഭാവിസാധ്യതകളും വിമർശനാത്മകമായി വിലയിരുത്തുകയാണ് ഈ സംഭാഷണത്തിൽ.

മുന്നിലുള്ളത് 'ഡൈനാമിക്' ആയ സാധ്യതകൾ 12
സംഭാഷണം – അജിത/ഗീത

നളിനി ജമീലയുടെ ആത്മകഥ മാറ്റിയെഴുതപ്പെടുന്ന പശ്ചാത്തലത്തിൽ വേശ്യാവൃത്തിയെക്കുറിച്ചുള്ള സ്ത്രീവാദ നിലപാടുകൾ വിശകലനം ചെയ്യപ്പെടുന്നു. നളിനി ജമീലയുമായി അഭിമുഖവും ആത്മകഥയിൽ നിന്നുള്ള ഭാഗങ്ങളും.

വേശ്യാവൃത്തി ഫെമിനിസ്റ്റ് പ്രശ്നമെന്ന നിലയിൽ 19
ദിലീപ്‌രാജ്

രതി വാങ്ങാമോ? 21
അഭിമുഖം – നളിനി ജമീല/ദിലീപ്‌രാജ്

നളിനി, ജമീല 24
ആത്മകഥാ ഭാഗങ്ങൾ – നളിനി ജമീല

മലയാളിയുടെ മൂല്യഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ കുടുംബമെന്ന സാമൂഹ്യസ്ഥാപനത്തിന്റെ പ്രസക്തിയെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. കുടുംബം നിറവേറ്റിയിരുന്ന ആവശ്യങ്ങൾ നേടിയെടുക്കാൻ ഈ സ്ഥാപനം അത്യാവശ്യമല്ലാതായതോടെ മലയാളി കുടുംബഘടനയിലുണ്ടാകുന്ന പരിണാമങ്ങളെക്കുറിച്ച്.

മലയാളികളുടെ കുടുംബം, പുതുരൂപങ്ങൾ.......................... 28
എൻ.പി. ഹാഫിസ് മുഹമ്മദ്

ലൈംഗിക ദാരിദ്ര്യം – മുഖ്യപ്രതി ക്രിസ്ത്യൻ മൊറാലിറ്റി 31
എം.എ. ജോൺ

ഫ്രാൻസിലെ കലാപങ്ങൾ 34
ബോറിസ് കഗാർ ലിറ്റ്സ്കി

ഫ്രാൻസിലെ തീ 36
ടി.ഡി. രാമകൃഷ്ണൻ

മലയിടിച്ചിലിന്റെ ഭീകര ദൃശ്യങ്ങൾ...... 42
എം.പി. വീരേന്ദ്രകുമാർ

ചരിത്രം വർത്തമാനത്തിൽ എഴുതുമ്പോൾ 45
സി.എസ്. വെങ്കിടേശ്വരൻ

പട്ടിണിയില്ലാത്ത കേരളം 65
എം.എൻ. കാരശ്ശേരി

ആഗോളീകരണത്തിന്റെ നിലയില്ലാക്കയത്തിലേക്ക്........................ 67
പി.ജെ. ജെയിംസ്

കവിത

പല കാലങ്ങളിൽ ഒരു പൂവ്.....................39
ഒ.പി. സുരേഷ്
അനധികൃതം 49
കെ.ആർ. ടോണി

കഥ

തെളിവെടുപ്പ്...50
ഇ.പി. ശ്രീകുമാർ

നോവൽ

ജീവപര്യന്തം–4.......................................55
കെ. അരവിന്ദാക്ഷൻ
അവനവന്റെ ആനന്ദം കണ്ടെത്താനുള്ള വഴികൾ–27...............61
സി.വി. ബാലകൃഷ്ണൻ

പംക്തികൾ

വായനക്കാർ എഴുതുന്നു...............................4
പുസ്തകനിരൂപണം..74
ബാലപംക്തി...80
ചരിത്രപഥം..82

മാതൃഭൂമി ആഴ്ചപ്പതിപ്പ്
എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്
കോഴിക്കോട് 673 001.
ഫോൺ: 0495–2765381
ഫാക്സ്: 0495–2760138

മാനേജിങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
ഡെപ്യൂട്ടി എഡിറ്റർ
എം.പി. ഗോപിനാഥ്

ചീഫ് സബ് എഡിറ്റർ
കമൽറാം സജീവ്
സബ് എഡിറ്റർമാർ
ഡോൺ ജോർജ്
എം.ആർ. രാജേഷ്

ചീഫ് ആർട്ടിസ്റ്റ്സ്
ജെ.ആർ. പ്രസാദ്
മദനൻ

മുഖചിത്രം
ഡിസൈൻ
ഇ.എൻ. ജയറാം

വേശ്യയെ സ്ത്രീയായി കാണാനും ലൈംഗികത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഫെമിനിസ്റ്റ് പ്രശ്നങ്ങളായുന്നയിക്കാനും എന്തുകൊണ്ടാണു സാധിക്കാത്തത്? എന്തുകൊണ്ടാണ് 'ഒരു ക്ലൈയൻറിൻെറ ആത്മകഥ' എഴുതപ്പെടാത്തത്? അഥവാ സങ്കല്പിക്കപ്പെടുകപോലും ചെയ്യാത്തത്?

SEXWORKERS
OP STIGMATISI
UNITED
QUÉBEC CANADA
STELLA
X WORKERS
CHILDREN
VERS AND FAMIL
D WORKE

വേശ്യാവൃത്തി ഫെമിനിസ്റ്റ് പ്രശ്നമെന്ന നിലയിൽ

ദിലീപ്‌രാജ്

'ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ' നളിനി ജമീല തന്നെ മാറ്റിയെഴുതിയിരിക്കുന്നു. 'ഞാൻ ലൈംഗികത്തൊഴിലാളി' എന്ന പേരിൽ. ഈ ആത്മകഥ ഇപ്പോഴുംതന്നെ ഉയർത്തിയിട്ടുള്ള വിവാദങ്ങൾ മറ്റൊരു കാര്യത്തെക്കുറിച്ചാണ് എന്നിൽ കൗതുകമുണർത്തിയത്. എന്തുകൊണ്ടാണ് 'ഒരു ക്ലൈയൻറിൻെറ ആത്മകഥ' എഴുതപ്പെടാത്തത്? അഥവാ സങ്കല്പിക്കപ്പെടുകപോലും ചെയ്യാത്തത്?

വേശ്യ എന്നത് ഒരു സാമൂഹ്യപദവിയാണ്. അല്ലെങ്കിൽ, ഒരു സാമൂഹ്യപദവിമാത്രമാണ്. അതിൽക്കവിഞ്ഞോ അതിൽക്കുറഞ്ഞോ ഒന്നുമല്ല. അതുകൊണ്ടാണ് ആ തൊഴിൽ വിട്ടാലും 'പദവി' ഒഴിയാബാധയായി പിന്തുടരുന്നത്. ചീത്തസ്ത്രീ എന്ന് നിയമപരമായും സാമൂഹ്യമായും മുദ്രയടിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ ജീവിതത്തിൻെറ സമസ്ത മണ്ഡലങ്ങളിലും ആ പദവിയിൽ തുടരാൻ നിർബന്ധിതരാവും. നളിനിജമീലയുടെ അനുഭവം തന്നെ കാണിക്കുന്നത് താത്കാലികമായോ പാർട്ട്-ടൈമായോ ഈ ജോലിചെയ്യാനുറച്ചാലും സാമൂഹ്യ ഇടപെടലുകൾ സ്ത്രീയെ മുദ്രയടിച്ച് ആ പദവിയിൽ ഉറപ്പിച്ചു നിർത്തുമെന്നാണ്. സ്ത്രീകൾക്ക് നിശ്ചിത സമയത്തേക്കു ചെയ്യാവുന്ന ഒരു പ്രവൃത്തിയായി ആരും ഇതിനെ അംഗീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ലൈംഗികത്തൊഴിൽ ഒരു തൊഴിലായി അംഗീകരിക്കപ്പെടുകയും വേശ്യ എന്ന പദവിക്കുമേൽ ചാർത്തപ്പെട്ടിട്ടുള്ള സ്റ്റിഗ്മ മാറുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എങ്കിൽമാത്രമേ ഒരാൾക്ക് വേണമെങ്കിൽ സ്വീകരിക്കാനും ഉപേക്ഷിക്കാനും പാർട്ട്-ടൈമായി ചെയ്യാനുമൊക്കെ സാധ്യതയുള്ള ഒന്നായി ഇത് അംഗീകരിക്കപ്പെടുകയുള്ളൂ. മറ്റൊരു തൊഴിലും ഈ സാധ്യത നിഷേധിക്കുന്നില്ല എന്നോർക്കുക. ലൈംഗികത്തൊഴിൽ ഉപേക്ഷിക്കണമെന്നു വാദിക്കുന്നവർ തന്നെ, അതു സാധിക്കണമെങ്കിൽ ആദ്യം പ്രവർത്തിക്കേണ്ടത് സ്ത്രീകൾക്കുമേൽ ചാർത്തപ്പെടുന്ന സ്റ്റിഗ്മ ഇല്ലാതാക്കാൻ വേണ്ടിയാണെന്നു ചുരുക്കം.

ക്ലൈയൻറ് എന്നത് (പുരുഷനെ സംബന്ധിച്ച്) ഒരിക്കലും ഒരു സാമൂഹ്യപദവിയായി ചാർത്തപ്പെടുന്നതല്ല. ക്ഷണികമായ ഒരു പ്രവൃത്തിമാത്രമാണ്. പുരുഷ സെക്സ്‌വർക്കറെ സംബന്ധിച്ചും ഏറെക്കുറെ അങ്ങനെയാണ്. ക്ലൈയൻറിനുമേൽ നിയമത്തിൻെറയോ സമൂഹത്തിൻെറയോ വൈദ്യശാസ്ത്രത്തിൻെറയോ കർശന നിയന്ത്രണങ്ങളില്ല. പുരുഷൻെറ ഒരിടപാട് (activity) അത്രതന്നെ. ആരും ക്ലൈയൻറായി മുദ്രയടിക്കപ്പെടുന്നില്ല. സ്ത്രീകൾ ക്ലൈയൻറുകളായാലും (അതിനുള്ള സ്വാതന്ത്ര്യവും വരുമാനവും സാഹചര്യവുമുണ്ടായാലും) രക്ഷയുണ്ടാവില്ല. അവർക്ക് ഇരട്ട സ്റ്റിഗ്മയെയാവും നേരിടേണ്ടിവരിക: 'വേശ്യാക്ലൈയൻറ്!'

ലൈംഗികത വിൽക്കാമോ എന്ന ചർച്ചയിൽ പണം കൊടുക്കുന്നയാളെ - ക്ലൈയൻറിനെ - ലിംഗപദവിയുടെയടിസ്ഥാനത്തിലും (പുരുഷൻ) പണം സമ്പാദിക്കുന്നയാളെ - ലൈംഗികത്തൊഴിലാളി - സാമ്പത്തികപദവിയുടെയടിസ്ഥാനത്തിലുമാണ് മുൻവിചാരിക്കുന്നത്. പുരുഷന് (ഉപഭോക്താവിന്) ലൈംഗികത വേണം, തൊഴിലാളിക്ക് (സ്ത്രീക്ക്) പണം വേണം എന്ന മട്ടിൽ. നളിനി ഈ സമവാക്യത്തെ ചോദ്യം ചെയ്യുന്നു: "ഒത്തിരിപ്പേർ എന്നോടു ചോദിച്ചിട്ടുണ്ട്, സെക്സ് പുരുഷൻെറ ആവശ്യമല്ലേ, അതു നിറവേറ്റിക്കൊടുക്കുന്നത് ഫെ ▶

മിനിസത്തിനു നിരക്കുന്നതാണോ എന്ന്. സെക്സ് പുരുഷനുമാത്രമാണെന്ന് എനിക്കു തോന്നിയിട്ടില്ല. സാധാരണ സ്ത്രീകളിൽ നിന്ന് ഫെമിനിസ്റ്റുകൾ വ്യത്യസ്തരല്ലാത്തതുകൊണ്ടാണ് അങ്ങനെ ചോദിക്കുന്നത്.'' (പുതിയ ആത്മകഥ, പുറം 116).

വേശ്യയെ സ്ത്രീയായി കാണാനും ലൈംഗികത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഫെമിനിസ്റ്റ് പ്രശ്നങ്ങളായുന്നയിക്കാനും എന്തുകൊണ്ടാണു സാധിക്കാത്തത്? വേശ്യ എന്ന സംവർഗത്തെ അചഞ്ചലമായി കാണുകയും വേശ്യാ – ചീത്തസ്ത്രീ എന്നു സമീകരിക്കുകയും ചെയ്യുന്നതിന്റെ ഫലമാണിത്. അത്ര കർക്കശമായ ഒന്നല്ല വേശ്യ/നല്ല സ്ത്രീ എന്ന വേർതിരിവ്. സ്ത്രൈണാനുഭവങ്ങളുടെ അനുസ്യൂതി (Continuity) യെ മുൻനിർത്തി ഇത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. വേശ്യാവൃത്തിയുടെ സവിശേഷത നിലനിൽക്കുമ്പോൾത്തന്നെ ഈ അനുസ്യൂതി പ്രധാനമാണ്. എങ്കിൽ മാത്രമേ വേശ്യാവൃത്തിയുടെ പ്രശ്നം ഫെമിനിസ്റ്റ് പ്രശ്നമായി കാണാൻ കഴിയൂ. ഇവ്ലീന ജിയോബ് എന്ന വേശ്യാ – രാഷ്ട്രീയപ്രവർത്തക* ഇങ്ങനെ നിരീക്ഷിക്കുന്നു: ''വേശ്യാവൃത്തി മറ്റൊന്നും പോലെയല്ല. മറിച്ച് മറ്റെല്ലാം വേശ്യാവൃത്തിക്കു സമാനമാണ്. കാരണം, സ്ത്രീകളുടെ അവസ്ഥയുടെ ഒരു മാതൃകയാണത്.''

പലപ്പോഴും സ്വന്തം വാദമുഖങ്ങൾ സ്ഥാപിക്കാൻവേണ്ടി നളിനിജമീല തന്നെ ഭാര്യxലൈംഗികത്തൊഴിലാളി എന്ന വിപരീതത്തെ ആശ്രയിക്കുന്നുണ്ട്. താർക്കികമായി ഫലപ്രദമായ ഒരു തന്ത്രമാണതെന്നതിൽ സംശയമില്ല. വേശ്യ എന്ന മുദ്രയെ ഗുണാത്മകമായി തലതിരിച്ചിടാനുള്ള ഒരു ശ്രമമാണത്. അപ്പോഴും ഒരു സ്ഥിരമുദ്രയായി 'വേശ്യ' തീരുകയാണ്. അത്രയ്ക്കു കർക്കശമായ വേർതിരിവല്ല ഭാര്യയും വേശ്യയും തമ്മിലുള്ളത്. അത്രയ്ക്ക് കർക്കശമല്ല നല്ലസ്ത്രീ/ചീത്തസ്ത്രീ, വേശ്യ/ഫെമിനിസ്റ്റ് തുടങ്ങിയ വേർതിരിവുകളും. വിവാഹത്തിൽ എന്താണു നടക്കുന്നത്? ഗാർഹിക-പ്രത്യുൽപാദന സേവനങ്ങൾക്കായി ലൈംഗികത വിൽക്കപ്പെടുകയല്ലേ? വേശ്യയെന്നു മുദ്രയടിക്കപ്പെടാത്തവരുടെ ജീവിതത്തിലെ ലൈംഗിക- സാമ്പത്തിക വിനിമയങ്ങളും കച്ചവടങ്ങളും ആരും പരിശോധിക്കുന്നില്ല. വിഭവങ്ങൾക്കും നിലനില്പിനും വേണ്ടി ദീർഘകാലാടിസ്ഥാനത്തിൽ ലൈംഗികത കൈമാറ്റം ചെയ്യുകയാണ് ഭാര്യ ചെയ്യുന്നത്. സ്ത്രീകളുടെ ലൈംഗികത്തൊഴിൽ എന്നതിന്റെ നിർവചനം ഈ നിലയ്ക്ക് കുറേക്കൂടി വ്യാപകാർഥമുള്ളതാവും. സ്ത്രീകൾ സമൂഹത്തിൽ പലതരം ലൈംഗിക-സാമ്പത്തിക വിനിമയങ്ങൾ പുരുഷന്മാരുമായി നടത്തുന്നുണ്ട്. ഭക്ഷണത്തിനും സമ്മാനങ്ങൾക്കും ആനുകൂല്യങ്ങൾക്കും വസ്ത്രങ്ങൾക്കുമൊക്കെ വേണ്ടി. അവരെ ഫുൾടൈം തൊഴിലാളികളാക്കാൻ നിർബന്ധിക്കുന്നത് ഭരണകൂട നിയന്ത്രണങ്ങളാണ്. തങ്ങളെ 'സംരക്ഷിക്കുന്ന' പിമ്പുമാരെയും ബ്രോതലുകളെയുംആശ്രയിക്കാനവർ നിർബന്ധിതരാവുകയാണ്. ഇത് നളിനി തന്നെ ഭംഗിയായി വ്യക്തമാക്കുന്നതു കാണുക: ''കെട്ടിടം പണി, ഹോം നഴ്സ് പോലുള്ള ജോലി ചെയ്യുന്നവരിൽ പലരും ശരിക്കും ലൈംഗികത്തൊഴിലിലേർപ്പെടുന്നുണ്ട്. കേരളത്തിലെ പല നഗരങ്ങളിലും കെട്ടിടം പണിയിൽ നിന്നാണ് കൂടുതലും സ്ത്രീകൾ ലൈംഗികത്തൊഴിലിലേക്ക് വരുന്നത്. അവർക്കു തൊഴിൽ കിട്ടണമെങ്കിൽ മേസ്തിരിയുടെ കൂടെ കിടക്കേണ്ട അവസ്ഥയാണ്. അല്ലെങ്കിൽ പിറ്റേന്ന് വേറെയാളെ വിളിക്കും. എന്തിന് കുറഞ്ഞ കൂലിക്ക് കെട്ടിടം പണിയും ലൈംഗികത്തൊഴിലും കൂടി ചെയ്യുന്നു. ഒന്നു മാത്രം പോരെ എന്നു ചിന്തിച്ച് ലൈംഗികത്തൊഴിലിനിറങ്ങുന്നവരാണ് ഭൂരിപക്ഷവും. അതിലാവുമ്പോൾ കൂടുതൽ പണവും കിട്ടും'' (പുതിയ ആത്മകഥ, പുറം 121).

വിവാഹത്തിൽ എന്താണു നടക്കുന്നത്? ഗാർഹിക-പ്രത്യുൽപാദന സേവനങ്ങൾക്കായി ലൈംഗികത വിൽക്കപ്പെടുകയല്ലേ? വേശ്യയെന്നു മുദ്രയടിക്കപ്പെടാത്തവരുടെ ജീവിതത്തിലെ ലൈംഗിക-സാമ്പത്തിക വിനിമയങ്ങളും കച്ചവടങ്ങളും ആരും പരിശോധിക്കുന്നില്ല. വിഭവങ്ങൾക്കും നിലനില്പിനും വേണ്ടി ദീർഘകാലാടിസ്ഥാനത്തിൽ ലൈംഗികത കൈമാറ്റം ചെയ്യുകയാണ് ഭാര്യ ചെയ്യുന്നത്. സ്ത്രീകളുടെ ലൈംഗികത്തൊഴിൽ എന്നതിന്റെ നിർവചനം ഈ നിലയ്ക്ക് കുറേക്കൂടി വ്യാപകാർഥമുള്ളതാവും.

▼ നളിനി ജമീലയും ഡോ. ജയശ്രീയും



താത്കാലിക വില്പനയെ മാത്രമല്ല, ദീർഘകാല വില്പനയെയും ലൈംഗികക്കച്ചവടത്തിൽ പെടുത്തുകയാണെങ്കിൽ കച്ചവടാധിഷ്ഠിത സമൂഹത്തിലെ സ്ത്രീകളുടെ സ്ഥിതിയിൽ ഏറ്റക്കുറച്ചിലുകൾ മാത്രമേ കാണാനാവൂ. ഒരു കമേഴ്സ്യൽ സമൂഹത്തിൽ സാമ്പത്തിക സ്വാച്ഛന്ദ്യമില്ലാത്ത അവരുടെ സ്ഥിതിയാണിതിനു പിറകിൽ.

ഇക്കാരണംകൊണ്ടുതന്നെ നളിനി ജമീലയുടേത് ഒരു 'സ്ത്രീയുടെ ആത്മകഥ' യായി വായിക്കാനാണ് ഞാൻ താത്പര്യപ്പെടുന്നത്. തീർത്തും അനന്യമായ ഒരു ജീവിതം തന്നെയാണതിൽ നമുക്കു മുന്നിൽ ചുരുൾ വിടരുന്നത്. കൂലിത്തൊഴിലാളി, വീട്ടുവേലക്കാരി, ലൈംഗികത്തൊഴിലാളി, ഭാര്യ, യാചക, കാമുകി, രാഷ്ട്രീയപ്രവർത്തക, പ്രാസംഗിക, സംവിധായിക തുടങ്ങി അവർ വസിക്കുകയും വിടുകയും പുനർനിവസിക്കുകയും ചെയ്യുന്ന കർമസ്ഥാനങ്ങളുടെ ബഹുലത ഒറ്റമുദ്രയിലൊതുക്കാവുന്നതല്ല (ഗുണത്തിനായാലും ദോഷത്തിനായാലും) ഒരാളുടെയും ജീവിതമെന്ന് ഒരിക്കൽക്കൂടി നമ്മെ ഉണർത്തുന്നു, ഹർഷസന്താപ സങ്കുലിതമായ സ്മരണകളിലൂടെ. ■

---

* രാജേശ്വരി സുന്ദർരാജൻ 'ദ പോസ്റ്റിറ്റ്യൂഷൻ ക്വസ്റ്റ്യൻ (സ്): ഫീമെയ്ൽ ഏജൻസി, സെക്ഷ്വാലിറ്റി ആൻറ് വർക്ക്' എന്ന പ്രബന്ധത്തിൽ ഉദ്ധരിച്ചിട്ടുള്ളവ

65

മാതൃഭൂമി ആഴ്ചപ്പതിപ്പ്

2000 ജനവരി 2-8
1175 ധനു 18 - 24
1921 പൗഷം 12 - 18
പുസ്തകം 77 ലക്കം 45
വില 10 രൂപ

മാനേജിങ്ങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
എക്സിക്യൂട്ടീവ് എഡിറ്റർ
വി. രാജഗോപാൽ
അസിസ്റ്റൻറ് എഡിറ്റർ
ടി. ബാലകൃഷ്ണൻ
സബ്ബ് എഡിറ്റർ
എ.പി. മുരളീകൃഷ്ണൻ

ചീഫ് ആർട്ടിസ്റ്റ്
ജെ.ആർ. പ്രസാദ്
സീനിയർ ആർട്ടിസ്റ്റ്
മദനൻ
ആർട്ടിസ്റ്റ്
പ്രദീപ്കുമാർ

മാതൃഭൂമി ആഴ്ചപ്പതിപ്പ്
സഹസ്രാബ്ദ പുതുവത്സരപ്പതിപ്പ്

മുഖചിത്രം:

ഫോട്ടോ: പുഷ്പജൻ, തളിപ്പറമ്പ്

ഉള്ളടക്കം

24/12

ലേഖനം

ഭാരതീയസാഹിത്യം ഇരുപതാം നൂറ്റാണ്ടിൽ	ഡോ. കെ.എം. ജോർജ്	19
അപചയത്തിൻെറ പടവുകൾ	പ്രൊഫ. എം.കെ. സാനു	26
99 കൊല്ലത്തെ മലയാള കവിത	ഡോ. എം. ലീലാവതി	30
നവോത്ഥാനവും പരിഷ്കരണവും	ഡോ. എം. ഗംഗാധരൻ	34
രാഷ്ട്രം, പൗരൻ-ചില പാഠഭേദങ്ങൾ	പി.എ. വാസുദേവൻ	37
വലംകൈയിൽ ലോകം ഇടംകൈയിൽ പ്രാണൻ	ടി. വേണുഗോപാലൻ	41
നൂറ്റാണ്ടിൻെറ അനുഭവരേഖ	കെ.എസ്. രവികുമാർ	44
ജ്ഞാനപീഠമേറിയ മലയാളികൾ	ഡോ. ആർസു	50
അപ്രസക്തമാവുന്ന സർഗാത്മകത	ഡോ. സി.പി. ശിവദാസൻ	53
ഇടർച്ചയും തുടർച്ചയും മാറിമറിഞ്ഞ ചിത്രകല	വിജയകുമാർ മേനോൻ	58
കേരള രാഷ്ട്രീയത്തിലെ ഊടുവഴി കാഴ്ചകൾ	കെ.പി. വിജയൻ	63
ഒരു നൂറ്റാണ്ടിൻെറ റൊമാൻസ്	വി.സി	67
സ്വത്വം തേടുന്ന മലയാള സിനിമ	ശ്രീവരാഹം ബാലകൃഷ്ണൻ	72
സി.ബി.ഐ. ഡയറിക്കുറിപ്പുകൾ - 9	കെ. മാധവൻ	76
നെരിപ്പോട്-18	ഒ. ഭരതൻ	83

കവിത

വരവേല്പ്	പി. ഭാസ്കരൻ	5
ഇരുപത്തൊന്നാം നൂറ്റാണ്ട്	യൂസഫലി കേച്ചേരി	10

കഥ

മരിച്ചില്ല	ടി. പദ്മനാഭൻ	6
അടയാളങ്ങൾ	സേതു	8
പറുദീസാനഷ്ടം	സുഭാഷ്ചന്ദ്രൻ	88

നോവൽ

പുതുമന-10	സുറാബ്	80
വിധി-2	ആശാപൂർണാദേവി	86
കളവിൻെറ വേദന-6	സുമംഗല	90

പംക്തികൾ

■ വളരുന്ന സാഹിത്യം 93 ■ വായനക്കാർ എഴുതുന്നു 96 ■
ദേശീയരേഖ - കാർട്ടൂൺ 98 ■

പ്രൊഫ. എം.കെ. സാനു

അപചയത്തിന്റെ പടവുകൾ

മടുപ്പുളവാക്കുന്ന നിശ്ചലതയാണ് കേരള സമൂഹത്തിന്റെ ഭൂതകാലചരിത്രം പ്രകടമാക്കുന്നതെന്ന് പല ചരിത്രകാരന്മാർക്കും അഭിപ്രായമുണ്ട്. ഈ അഭിപ്രായം വാസ്തവത്തിലധിഷ്ഠിതവുമാണ്. ജാതിവ്യവസ്ഥയുടെ അടിത്തറയിൽ ഒരു സാമൂഹ്യഘടന, കാര്യമായ മാറ്റമൊന്നും കൂടാതെ, ഇവിടെ നൂറ്റാണ്ടുകളായി നിലനിന്നുപോന്നു. രാജാക്കന്മാർ തമ്മിലുണ്ടായ യുദ്ധങ്ങൾക്കുപോലും ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനായില്ല. അതിന്റെ കാരണം ജാതിവ്യവസ്ഥയുടെ ദാർഢ്യത്തിലാണ് കാണേണ്ടത്. വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ എന്നിവയുമായി ഇഴുകിച്ചേർന്ന് ഉറച്ചുപോയ ആ വ്യവസ്ഥയിലിളക്കം വരുത്താൻ സാധാരണ സാഹചര്യങ്ങൾക്ക് സാദ്ധ്യമല്ല. ഉപരിതലത്തിലെ ചലനങ്ങളൊന്നും ആ അടിത്തറയെ സ്പർശിച്ചതേയില്ല. മലയാളി മനസ്സ് സാമൂഹിക കാര്യങ്ങളിൽ എപ്പോഴും പരിവർത്തന വിമുഖമായിരുന്നു എന്ന വസ്തുതയും ഇതോടൊപ്പം ഓർക്കേണ്ടതാകുന്നു (ഇപ്പോഴും സ്ഥിതി അങ്ങനെതന്നെയല്ലേ?).

ഈ പശ്ചാത്തലത്തിലാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളീയ സമൂഹത്തിൽ ആരംഭിച്ച പരിവർത്തനത്തെക്കുറിച്ച് നാം ഓർക്കേണ്ടത്. പരിഷ്കൃത രാജ്യങ്ങളിൽ രണ്ടു മൂന്നു നൂറ്റാണ്ടുകൾകൊണ്ടുണ്ടായ മാറ്റം കേരളത്തിൽ കേവലം ഒരു നൂറ്റാണ്ടുകൊണ്ടു സംഭവിച്ചു.

ദ്രുതഗതിയിലുണ്ടായ ആ പരിവർത്തനത്തിന് പ്രേരകമായ സാഹചര്യങ്ങൾ പലതാണ്. ലളിതമായ വിശകലനത്തിലൂടെ അവയൊക്കെയും വിശദമാക്കുക സാദ്ധ്യമല്ല. എങ്കിലും ആംഗലസംസ്കാരസമ്പർക്കമേല്പിച്ച ആഘാതം ആ സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് സംശയം കൂടാതെ പറയാം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നേടിയ സംസ്ക്കാരം മലയാളമനസ്സിൽ സ്വാതന്ത്ര്യബോധം അനിയന്ത്രിതമാംവിധം ഉദ്ദീപിപ്പിച്ചു. നൂറ്റാണ്ടുകളിൽ വേരൂന്നി നിലകൊണ്ട വികല വിശ്വാസങ്ങളെയും മൂഢാചാരങ്ങളെയും വെല്ലുവിളിക്കാനുള്ള ശക്തിയായി ആ സ്വാതന്ത്ര്യബോധം വളർന്നു. വിപ്ലവബോധമായി അത് വിവിധ മേഖലകളിലേക്ക് വികസിക്കുന്നതിന് ബ്രിട്ടീഷ് ഭരണം പ്രേരകമാവുകയും ചെയ്തു. ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികളും, നടപ്പാക്കിയ പരിഷ്ക്കാരങ്ങളും ദൂരവ്യാപകമായ ചലനങ്ങളാണ് കേരളീയ ജീവിതത്തിൽ ഉണർത്തിവിട്ടത്. അവർ അടിമത്തം നിരോധിച്ചു. ജന്മിത്തത്തിന്റെ അടിത്തറ ഇളകാൻ അതു കാരണമായി. ഭരണ കേന്ദ്രത്തിന്റെ പ്രവർത്തനരീതിയിൽ അവർ ആശാസ്യമായ മാറ്റങ്ങൾ വരുത്തി. പാശ്ചാത്യമാതൃകയിൽ കോടതികൾ പുനഃസംവിധാനം ചെയ്തു. തൽഫലമായി വിചാരണ, ശിക്ഷാക്രമം എന്നിവയിൽ മാറ്റം വന്നു. പ്രധാന പട്ടണങ്ങളിലെല്ലാം കോടതികൾ തുറക്കുകയും ചെയ്തു. സാമൂഹികനീതിയെ സംബന്ധിക്കുന്ന ബോധം സാർവ്വത്രികമാകുന്നതിനു ഇതൊക്കെയും സഹായിച്ചു. അത് സംഘടിതരൂപം പ്രാപിക്കാൻ താമസമുണ്ടായില്ല.

ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി തിരുവിതാംകൂറിൽ പ്രക്ഷോഭണം നടന്നത് 1829-ലാണ്. ദിവാനായിരുന്ന കേണൽ മൺറോ ഇടപെട്ടതുകൊണ്ട് അത് എളുപ്പം വിജയം വരിച്ചു. ഹിന്ദുക്കളായ ചാന്നാർസ്ത്രീകളും അതേ ആവശ്യം

●

**സാംസ്കാരിക രംഗത്ത്
പ്രവർത്തിക്കുന്നവർ ഇന്ന് മൂല്യങ്ങളെയല്ല
ആശ്രയിക്കുന്നത്, പരസ്യങ്ങളെയാണ്.
പരസ്യങ്ങളെയാകട്ടെ, കുത്തക പ്രഭുക്കൾ
കൈയടക്കിയിരിക്കുകയും ചെയ്യുന്നു.
അക്കൂട്ടരുടെ ആശ്രിതരിൽ
സർഗാത്മകതയുടെ ചൈതന്യം
പരിക്ഷീണമാകാതെ നിവൃത്തിയില്ല.
കപടനാട്യക്കാർ അരങ്ങ് കൈയടക്കുന്നു.
സംവേദന ശേഷിയുള്ള ഹൃദയങ്ങൾ
അവിടെ വന്ധ്യതയുടെ വരൾച്ചയെയാണ്
സന്ധിക്കുന്നത്**

●

ഉന്നയിച്ചു. അതും പ്രക്ഷോഭണമായി വളർന്നു. 1859-ൽ അതും വിജയിച്ചു. മദ്രാസ് ഗവർണ്ണർ ലോർഡ് ഹാരിസന്റെ ഇടപെടലാണ് അതിനു സഹായിച്ചത്. അദ്ദേഹം തിരുവിതാംകൂർ റസിഡന്റിനയച്ച കത്തിലെ ഒരു ഭാഗം സ്മരണീയമാണ്: ''സത്യവും ന്യായവും മാത്രമല്ല, നമ്മുടെ സാമാന്യമായ മനുഷ്യത്വബോധം പോലും ഇപ്രകാരം ഒരു ഭാഗത്ത് അണിനിരന്നിട്ടുള്ള ഒരു വിവാദ സംഭവം ഞാൻ കണ്ടിട്ടില്ല. ഇത്തരമൊരു സന്ദർഭത്തിൽ വളരെ ദൃഢമായ നില എടുത്തില്ലെങ്കിൽ സംസ്ക്കാരമുള്ള ലോകത്തിന്റെ കണ്ണിൽ നാം നാണംകെട്ടവരായിത്തീരും...''

ആചാരങ്ങളിലെന്നപോലെ വിശ്വാസങ്ങളിലും ബ്രിട്ടീഷ് ആധിപത്യം ഉലച്ചിൽ വരുത്തി. ചെറിയൊരു ദൃഷ്ടാന്തം നോക്കുക. 1898-ൽ, ''ജാത്യാചാരങ്ങൾക്ക് വിരോധം നേരിടാതിരിക്കുവാൻ തരമില്ലാത്തവിധത്തിൽ '' വിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിൽ അധികകാലം താമസിച്ച കോങ്കോത്ത് പുത്തൻവീട്ടിൽ രാമുണ്ണിമേനോനെ ക്ഷേത്രവിരോധം ചെയ്ത് ജാതിഭ്രഷ്ടനാക്കിയതായി കെ.പി. പത്മനാഭമേനോന്റെ ''കൊച്ചീ രാജ്യചരിത്രം'' ഒന്നാം ഭാഗത്തിൽ കാണുന്നു. എന്നാൽ, വിദ്യാഭ്യാസത്തിനുവേണ്ടിത്തന്നെ ഇംഗ്ലണ്ടിൽ താമസിച്ചു മടങ്ങിവന്ന പൂതാമ്പിള്ളിൽ നീലകണ്ഠമേനോനെ 1913ൽ 'പ്രായശ്ചിത്തം കഴിപ്പിച്ച് ശുദ്ധമാക്കി' ജാതിയിൽ ചേർക്കുകയേ ചെയ്തുള്ളൂ. പതിനഞ്ചു വർഷത്തിനുള്ളിൽ ആചാരത്തിനുണ്ടായ ഉലച്ചിൽ ഇതു വെളിപ്പെടുത്തുന്നു. വിശ്വാസങ്ങളിലുണ്ടായ ഇളക്കത്തെയും അത് സൂചിപ്പിക്കുന്നുണ്ടല്ലോ.

സമൂഹത്തിലെ ഈ ചലനങ്ങൾ മനുഷ്യമനസ്സിനരുളിയ ഉത്തേജനം അളവറ്റതായിരുന്നു. തലമുറകളിലൂടെ ശക്തിയാർജ്ജിച്ചു വളർന്ന അന്ധവിശ്വാസങ്ങളുടെ നുകത്തിൽ നിന്നു മോചനം നേടുന്നതിനു വേണ്ടി കേരളീയ മനസ്സ് വെമ്പൽ കൊള്ളുകയും ചെയ്തു. ആ വെമ്പലുളവാക്കുന്നതിൽ ക്രിസ്തുമതത്തിനും പങ്കുണ്ട്.

വിമോചനം എന്ന ആശയത്തിലേക്കാണ് നാം കടന്നിരിക്കുന്നത്. ജീവിതത്തിന്റെ സമസ്തമേഖലകളെയും അതു ഏകകാലത്ത് ബാധിക്കുന്നു. സമൂഹത്തിലും ഭരണത്തിലുമുണ്ടായ മാറ്റങ്ങളോടൊപ്പം സാംസ്കാരികവും ആത്മീയവുമായ തലങ്ങളിലും അഗാധസ്പർശിയായ മാറ്റങ്ങൾ ഇക്കാലത്തു സംഭവിച്ചു. ആ മാറ്റങ്ങളുടെ സമാഹൃത രൂപത്തിനാണ് നാം നവോത്ഥാനം എന്നു പറഞ്ഞു പോരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ കേരളീയ ജീവിതത്തെ സർഗ്ഗാത്മകമാക്കിത്തീർത്തത് ഈ നവോത്ഥാനമാണ്.

അതിന്റെ പ്രതീകമായി ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്ത് തെളിഞ്ഞു നില്ക്കുന്നത് ശ്രീ നാരായണ ഗുരുവാണ്. നൂറ്റാണ്ടുകളായി അടിമത്തമനുഭവിച്ച ഒരു സമൂഹത്തിന്റെ ചുട്ടുനീറുന്ന ഹൃദയവും ആർഷപാരമ്പര്യത്തിന്റെ ചൈതന്യമുൾക്കൊണ്ട ആത്മാവും സമ്മേളിച്ചപ്പോൾ ആ വ്യക്തിത്വം പ്രസരിപ്പിച്ച കാന്തിവിശേഷം സമുജ്ജ്വലമായിരുന്നു. ആത്മീയമേഖലയിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹം, ദൈവത്തിനുപകരം മനുഷ്യനെ മതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു കൊണ്ടാണ് തന്റെ കർമ്മപദ്ധതികൾക്കു രൂപം നൽകിയത്. അപ്പോൾ ഉച്ചനീചത്വങ്ങൾക്കെന്നല്ല, വിഭാഗീയതയ്ക്കുപോലും ഭൂമിയിൽ സ്ഥാനമില്ലെന്ന വീക്ഷണം തെളിഞ്ഞു വന്നു. ജാതിഭേദവും മതദ്വേഷവുമില്ലാത്ത മാതൃകാസ്ഥാനത്തെ സംബന്ധിക്കുന്ന സങ്കല്പം ആ വീക്ഷണത്തിൽ നിന്നല്ലാതെ ഉരുത്തിരിയുകയില്ലല്ലോ.

മനുഷ്യന്റെ അനന്തസാധ്യതകളിലുള്ള വിശ്വാസവും പ്രതീക്ഷയും, തൽഫലമായി, ആ കാലഘട്ടത്തിന്റെ അന്തരീക്ഷത്തെ ദീപ്തമാക്കിത്തീർത്തു.

നിങ്ങളിൽ വിശ്വങ്ങളെ ജയിക്കാൻ മതിയായ
മംഗല മഹാശക്തിയുറങ്ങിക്കിടക്കുന്നു
അതിനെത്തട്ടി നിങ്ങളുണർത്തി വിട്ടീടുകി-
ലതു താൻ കാമധേനു നിങ്ങൾക്കു സഹജരേ

എന്ന വാക്കുകളിൽ ആ വിശ്വാസവും,



ശ്രീനാരായണഗുരു

സ്വർണ്ണകാലം കഴിഞ്ഞില്ല
വരുന്നേയുള്ളു കാക്കുവിൻ
വരുത്തേണ്ടതു മാർത്ത്യന്റെ
ശ്രമത്താലെന്നു മോർക്കുവിൻ

എന്ന വാക്കുകളിൽ ആ പ്രതീക്ഷയും തെളിഞ്ഞുകാണാം.

മറ്റൊരുവശത്ത് മനുഷ്യകേന്ദ്രിതമായ വീക്ഷണം സാഹിത്യത്തിലൂടെയും പ്രകാശിതമാകാതെ നിവൃത്തിയില്ല. ചന്തുമേനോനും സി.വി. രാമൻപിള്ളയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അസ്തമന വേളയിൽത്തന്നെ കേരളീയമാനസങ്ങളിൽ സ്ഥാനം നേടി. തുടർന്ന് കവിത്രയം നവവസന്തവുമായി വന്നെത്തി. മാനവചേതനയിൽ സ്വാതന്ത്ര്യത്തിന്റെ തീവ്രജ്വാല പ്രകാശിക്കുന്നതിന്റെ ചിത്രങ്ങളാണ് അവർ നാനാരൂപങ്ങളിൽ ആവിഷ്കരിച്ചത്. സാഹിത്യത്തിൽ മാത്രമായി ഒതുങ്ങാതെ അവർ പൊതുജീവിതത്തിലും സ്ഥാനം നേടിയിരുന്നു.

ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും, ബന്ധനം ബന്ധനം തന്നെയാണെന്ന വീക്ഷണം ആ സാഹിത്യത്തിലെങ്ങും വ്യാപിച്ചിട്ടുണ്ട്. സുരക്ഷിതത്വവാഞ്ഛയാണ് സ്വാതന്ത്ര്യ ബോധത്തിന്റെ വിപരീതഭാവമെന്ന് സവിശേഷകാവ്യസന്ദർഭങ്ങളിലൂടെ അവർ വിളംബരം ചെയ്യുന്നു. 'സ്വാതന്ത്ര്യം തന്നെ ജീവിതം' എന്ന അദ്വൈത വീക്ഷണം ആ സന്ദർഭങ്ങൾ ഖണ്ഡിതമായി സ്ഥാപിക്കുന്നു. അപ്പോൾ, പാരതന്ത്ര്യം മൃതിയേക്കാൾ ഭയാനകമായനുഭവപ്പെടുക സ്വാഭാവികം.

അത്രമാത്രം സമുന്നതമായ ദർശനത്താൽ പ്രചോദിതരായിരുന്നതുമൂലം ആ സാഹിത്യകാരന്മാരുടെ വ്യക്തിത്വങ്ങൾക്ക് പ്രവാചക തുല്യമായ തേജസ്സുള്ളതായി നമുക്ക്

തോന്നിപ്പോകുന്നു.

സത്യം ശ്വസിച്ചും സമത്വമാർന്നും സ്നേഹ-
സത്തുനുകർന്നും കൃതാർത്ഥരായി
സ്വധർമ്മത്തൂടെ നടക്കട്ടെ മാനവ-
രിദ്ധര സ്വർഗ്ഗമായ് തീർന്നിടട്ടെ

എന്നത് മൊത്തത്തിൽ അവരുടെ ആശംസയും ആഹ്വാനവുമാകുന്നു.

സ്വാതന്ത്ര്യബോധത്തിന്റെ സജീവമായ ഘടകം, മറ്റുള്ളവർക്ക് സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കലൊണ്. ഭിന്നവും, വിരുദ്ധവുമായ ആശയങ്ങളെ സമചിത്തതയോടെ നേരിടാൻ ആ കാലഘട്ടത്തിനു കഴിഞ്ഞിരുന്നു എന്ന വസ്തുത ഇവിടെയാണ് ഓർമ്മിക്കേണ്ടത്. മതത്തിന്റെ മേഖലയിൽ പോലും വാദപ്രതിവാദങ്ങൾ അക്കാലത്ത് നടന്നിരുന്നു. ഹിന്ദുമതത്തെ ക്രിസ്ത്യാനിയും, ക്രിസ്തുമതത്തെ ഹിന്ദുവും വിമർശിക്കുന്നതിൽ അന്ന് ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. (ഇന്ന് അവ മതകലഹങ്ങൾക്കാണ് വഴിതെളിക്കുക).

അതുപോലെ വ്യക്തിഗതമായ സ്വഭാവദാർഢ്യത്തിനും ആ ഘട്ടത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. അവനവന്റെ ശത്രു അവനവനിൽ തന്നെയുണ്ടെന്നും ആ ശത്രുവിനെ കീഴ്പ്പെടുത്തുന്നതാണ് സംസ്കാരമെന്നും അവരറിഞ്ഞിരുന്നു. ''നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ''. എന്ന ആശയം വാച്യമായും വ്യംഗ്യമായും അക്കാലത്തെ സൃഷ്ടികളിൽ കാണാം.

ഉച്ചനീചത്വത്തിനും വിഭാഗീയതയ്ക്കും എതിരെ ഉണ്ടായ നവോത്ഥാനത്തോടെയാണ് ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകം പിറന്നത്. നൂറ്റാണ്ടുകളായി അടിമത്തം അനുഭവിച്ച ഒരു സമൂഹത്തിന്റെ ചുട്ടുനീറുന്ന ഹൃദയവും ആർഷ പാരമ്പര്യത്തിന്റെ ചൈതന്യമുൾക്കൊണ്ട ആത്മാവുമാണ് സമ്മേളിച്ചത്. നവോത്ഥാനം ജീവിതത്തിന്റെ സമസ്ത മേഖലകളെയും അഗാധ തലത്തിൽ സ്പർശിച്ചു

ചുമതലാബോധം, അദ്ധ്വാനശേഷി എന്നിവയും സ്വാതന്ത്ര്യബോധത്തിന്റെ ഘടകങ്ങളാണ്. ജനതയുടെ നേർക്കുള്ള കടമകൾ ചെയ്തു തീർക്കാൻ ആ കാലഘട്ടത്തിലെ മഹാരഥന്മാർ കഠിനമായി അദ്ധ്വാനിച്ചിരുന്നു. വ്യാസ മഹാഭാരതം മുഴുവൻ പരിഭാഷപ്പെടുത്തിയ കുഞ്ഞിക്കുട്ടൻ തമ്പുരാനെ ഓർമ്മിക്കുക. ആ മഹാപ്രയത്നത്തിനു ശേഷം അദ്ദേഹം കൊട്ടാരത്തിൽ ശങ്കുണ്ണിക്കെഴുതിയ കത്തുകളിലൊന്നിലെ ഈ വാക്കുകൾ നോക്കൂ:

പതിനെട്ടു പുരാണവും നമുക്കീ-
ദ്ധൃതിയിൽ ഭാഷയിലാക്കി വിട്ടിടേണം
മതിയായ കവീന്ദ്രർ പിന്തുണച്ചാ-
ലതിനീ ഞാൻ തലകാട്ടി ഏറ്റുനില്ക്കാം.
ആരുടെയും പിന്തുണ കിട്ടിയില്ലെങ്കിലോ?
ആരും തുണക്കില്ലിതിനെന്നു വന്നാൽ
ചേരുംവിധം ഞാൻ കഴിയുന്നപോലെ
താരുണ്യഗർവാൽ പറയുന്നതല്ലാ,
നേരുള്ളതോതാം പടുവേല ചെയ്യും.

അതെ, സംസ്കാരപരിപോഷണാർത്ഥം അക്ഷീണമായി ''പടുവേല ചെയ്യാൻ'' അവരേവരും-സന്നദ്ധരായിരുന്നു. വാല്മീകിരാമായണം വിവർത്തനം ചെയ്ത വള്ളത്തോൾ, കേരളസാഹിത്യ ചരിത്രം രചിച്ച ഉള്ളൂർ, പാവങ്ങൾ വിവർത്തനം ചെയ്ത നാലപ്പാട്ട്-ഇപ്രകാരം എത്രയോ ഉദാഹരണങ്ങൾ നമ്മുടെ കൺമുന്നിലുണ്ട്!

ആദർശബോധത്തിന്റെ അധിത്യകാസ്ഥാനത്ത് ഉയർന്നുനിന്നുകൊണ്ട് സഹജാതരെ ധർമ്മവീഥിയിലൂടെ മാതൃകാസ്ഥാനത്തേക്ക് നയിക്കുന്ന പ്രവാചകന്റെ പ്രതിച്ഛായയാണ് അന്നത്തെ ഏത് സാഹിത്യനായകനിലും ആധിപത്യം ചെലുത്തിയത്.

നമ്മുടെ സാംസ്കാരിക ചരിത്രത്തിലെ അടുത്തഘട്ടം മുപ്പതുകളിലാണ് തുടങ്ങുന്നത്. അവകാശ വാദങ്ങളുടെയും സംഘടനകളുടെയും കാലമാണത്. അതിന് പശ്ചാത്തലമൊരുക്കുന്നതിൽ പ്രസ്ഥാനങ്ങൾക്കും ചിന്താഗതികൾക്കും വ്യക്തികൾക്കും പങ്കുണ്ട്. സഹോദര പ്രസ്ഥാനം 1917-ൽ സമൂഹത്തിലും ചിന്താ മണ്ഡലത്തിലും സൃഷ്ടിച്ച പ്രകമ്പനം വലുതായിരുന്നു. അതിനു മുൻപുതന്നെ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള കാറൽ മാർക്സിന്റെ ജീവചരിത്രം പ്രകാശിപ്പിച്ചുകഴിഞ്ഞു. അദ്ദേഹം നടത്തിയ പോരാട്ടം കേരളത്തിൽ ജനാധിപത്യബോധം വ്യാപകമാകുന്നതിനുപകരിച്ചു. ബ്രഹ്മാനന്ദ ശിവയോഗിയുടെ ജീവിതവും ആശയങ്ങളും ആത്മീയതയെ സംബന്ധിക്കുന്ന നവീനവീക്ഷണം പ്രചരിപ്പിച്ചു. ദേശീയ പ്രസ്ഥാനവും ഗാന്ധിസവും ജനതയിൽ ആവേശം സൃഷ്ടിച്ചു. യുക്തിവാദപ്രസ്ഥാനം അന്ധവിശ്വാസങ്ങളെയും മൂഢാചാരങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് സ്വതന്ത്ര ചിന്തയുടെ വെളിച്ചം പ്രസരിപ്പിച്ചു. രാമവർമ്മത്തമ്പാനും സഹോദരൻ കെ. അയ്യപ്പനും എം.സി. ജോസഫും, കുസുമവും, കുറ്റിപ്പുഴ കൃഷ്ണപിള്ളയും മറ്റും ചേർന്ന് മനുഷ്യരുടെ മസ്തിഷ്കമണ്ഡലം ഉഴുതുമറിച്ചു. കേസരി എ. ബാലകൃഷ്ണപിള്ള, പ്രോമെത്യൂസിനെപ്പോലെ, നവദർശനത്തിന്റെ അക്ഷരമാലയും നിഷേധ വാസനയുടെ അഗ്നിയും യുവമാനസങ്ങൾക്ക് നൽകി. വി.ടി. ഭട്ടതിരിപ്പാട് അനാചാര ലംഘനത്തിന്റെ കലാപത്തിന് തീകൊളുത്തി... ഇപ്രകാരം വിവിധരീതികളിൽ ഇളകിയ കേരള ഭൂമിയിലാണ് സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റാശയങ്ങൾ വേഗത്തിൽ വേര് പിടിക്കാൻ തുടങ്ങിയത്. അവയുടെ പ്രേരണയാൽ സംഘടനകൾ ശക്തിപ്രാപിക്കുകയും ചെയ്തു.

പുരോഗമന സാഹിത്യപ്രസ്ഥാനം ഈ ജനകീയാന്തരീക്ഷത്തിന്റെ സന്താനമാണ്. ആത്മാവിഷ്ക്കരണത്തോടൊപ്പം ആശയോൽബോധനവും നിർവഹിക്കേണ്ട ധർമ്മം സാഹിത്യത്തിനുണ്ടെന്ന് മാത്രമല്ല ആ പ്രസ്ഥാനം വാദിച്ചത്. നീതിനിഷ്ഠമായ സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള സംഘടിത പരിശ്രമങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കാനുള്ള ഉപകരണമായും സാഹിത്യം ഉപകരിക്കണമെന്നുകൂടി ആ പ്രസ്ഥാനം ആഹ്വാനം ചെയ്തു. ആ ആഹ്വാനം ബധിരകർണ്ണങ്ങളിലല്ല പതിച്ചത്. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ദയനീയ ജീവിതം ചിത്രീകരിക്കുന്ന കൃതികൾ ഏറെയുണ്ടായി. അങ്ങനെ ഗദ്യസാഹിത്യത്തിൽ യഥാതഥ പ്രസ്ഥാനം തഴച്ചു. 'ദുഷ്ടമായ വ്യവസ്ഥിതിക്കെതിരെ ആഞ്ഞടിക്കുന്ന പല കൃതികളും ആവിർഭവിച്ചത് അക്കാലത്താണ്. പൊതുവിൽ ആ സാഹിത്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ ഇവയാണ്. 1. നീതി നിഷേധിക്കപ്പെട്ട അധഃസ്ഥിതരുടെ ജീവിതത്തിന്റെ യഥാതഥമായ ചിത്രീകരണം (2). ആശയോൽ ബോധനം. (3). പരിവർത്തനേച്ഛയുളവാക്കൽ.

എന്നാൽ സംഘടിത പരിശ്രമങ്ങൾ മനുഷ്യക്ഷേമത്തിന് ദോഷകരമാകാമെന്ന വീക്ഷണവും അക്കാലത്ത് കടന്നുവരാതിരുന്നില്ല. അതുകൊണ്ടാണ് ''സാഹിത്യകാരാ, നീ ഏത് ചേരിയിൽ?'' എന്ന ചോദ്യത്തിന് ''ഞാൻ മനുഷ്യന്റെ ചേരിയിൽ'' എന്ന് മറുപടി നൽകാൻ ചിലർ മു


വി.ടി. ഭട്ടതിരിപ്പാട്


കേസരി ബാലകൃഷ്ണപിള്ള

സഹോദരൻ അയ്യപ്പൻ

ന്നോട്ടുവന്നത്.. വ്യക്തിത്വം അടിയറ വെച്ചുകൊണ്ടുള്ള നീക്കം സാഹിത്യകാരനെന്നപോലെ സാഹിത്യത്തിനും ദോഷമാകുമെന്ന വാദം അവർ ഉയർത്തുകയും ചെയ്തു. അതിനെ കേന്ദ്രീകരിച്ചുണ്ടായ വിവാദം നമ്മുടെ സാഹിത്യചിന്തയുടെ വിസ്തൃതി വർദ്ധിക്കാനിടയായെന്ന വസ്തുത വിസ്മരിച്ചുകൂടാ.

സംസ്കാരം ജനങ്ങളിലെത്തിക്കുന്നതിൽ രചനാത്മകമായ പങ്ക് വഹിച്ച സംഘടനകൾ പലതുമുണ്ട്. വിസ്തരഭയത്താൽ അവയെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല. ഗ്രന്ഥശാലാസംഘം (1945), കേരള ശാസ്ത്രസാഹിത്യ പരിഷത്ത് (1957) എന്നിവ പ്രത്യേകം പരാമർശമർഹിക്കുന്നു എന്നു മാത്രം പറഞ്ഞുകൊള്ളട്ടെ.

സ്വാതന്ത്ര്യലബ്ധിക്കുശേഷവും പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനം കുറച്ചുകാലത്തേക്ക് തങ്ങിനിൽക്കാതിരുന്നില്ല. പക്ഷേ, അത് മന്ദീഭവിക്കയാണ് ചെയ്തത്. സാവധാനത്തിൽ അതിന്റെ സ്ഥാനത്ത് ആധുനികതാ പ്രസ്ഥാനം സ്ഥാനമുറപ്പിച്ചു. അതിലേക്ക് വഴിതെളിച്ച കാര്യങ്ങൾ പലതാണ്. ആഗോളതലത്തിൽ വ്യാപിച്ച അസ്തിത്വ ദർശനത്തിന്റെ തരംഗങ്ങൾ കേരളീയ മനസ്സുകളിലും ചലനമുളവാക്കി എന്നതാണ് ഒരു കാര്യം. അതിനുപാകമായ രീതിയിൽ യുവചേതന അക്കാലത്ത് വ്യഥിതവുമായിരുന്നു. ആദർശങ്ങളുടെ കുപ്പായമണിഞ്ഞ നേതാക്കന്മാർ അധികാരത്തിനും പദവിക്കും പണത്തിനുംവേണ്ടി പരസ്പരം കുതികാൽവെക്കുന്നത് അവർക്ക് കാണേണ്ടതായിവന്നു. പ്രത്യയശാസ്ത്രങ്ങൾ നൽകിയ വാഗ്ദാനങ്ങൾ വഞ്ചിക്കപ്പെടുന്നതും അവർ കണ്ടു. അതിന്റെ ഫലമായനുഭവപ്പെട്ട 'മോഹഭംഗം' (disillusionment) അസ്തിത്വവാദ മനോഭാവത്തിലഭയം തേടാൻ പ്രേരിതമായത് സ്വാഭാവികം. അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് സൗന്ദര്യബോധതലത്തിലനുഭവപ്പെട്ട വൈരസ്യം. ഏറെക്കാലം തുടർന്നുപോന്ന രചനാ ശൈലികൾ ജീർണ്ണിക്കാൻ തുടങ്ങിയിരുന്നു. സൗന്ദര്യത്തിന്റെ മേഖലയിലാണ് ഈ ജീർണ്ണത ഏറ്റവുമധികം മടുപ്പുള്ളവാക്കുന്നത്. അതിനെതിരെ യുവാക്കളുടെ സർഗ്ഗാത്മകവാസന കലാപമുയർത്താതെ നിവൃത്തിയില്ല. (അല്ലെങ്കിൽ യുവത്വത്തിന്നർത്ഥമില്ലല്ലോ.) മാത്രമല്ല, അനനുഭൂതപൂർവമായ അനുഭൂതികളാവിഷ്കരിക്കാൻ ചിരപരിചിത ശൈലികൾ അപര്യാപ്തമാണെന്ന് അവർക്ക് അനുഭവപ്പെടുകയും ചെയ്തു. പ്രമേയങ്ങളിലും ശില്പപരമായ സംവിധാനത്തിലും വൈചിത്ര്യം പ്രകടമാക്കിക്കൊണ്ട് ആധുനികതാപ്രസ്ഥാനം ആവിർഭവിച്ചതിന്റെ സാഹചര്യം ഇതാണ്.

•

മുപ്പതുകളിൽ ദേശീയ പ്രസ്ഥാനവും ഗാന്ധിസവും ജനതയിൽ ആവേശം സൃഷ്ടിച്ചു. യുക്തിവാദ പ്രസ്ഥാനം സ്വതന്ത്രചിന്തയുടെ വെളിച്ചം പ്രസരിപ്പിച്ചു. ഭട്ടതിരിപ്പാട് അനാചാരലംഘനത്തിന്റെ കലാപത്തിന് തീകൊളുത്തി. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ എത്തിയതോടെ പുരോഗമന സാഹിത്യ പ്രസ്ഥാനം പടർന്നു

•

കേരളീയരുടെ സൗന്ദര്യബോധത്തെ നവീകരിക്കുന്നതിൽ ആ പ്രസ്ഥാനം വഹിച്ച പങ്ക് നിഷേധിക്കാവുന്നതല്ല. അതോടൊപ്പം അതിൽ ആത്മനാശകമായ ദൗർബ്ബല്യവും നിലീനമായിരുന്നു. അതിരുകടന്ന വ്യക്തിപരതയും അഹന്തയുമാണ് ആ ദൗർബ്ബല്യങ്ങൾ. അവയ്ക്ക് ഏറെനാൾ നിലനിൽക്കാനാവില്ല. സമൂഹത്തെയും ലോകത്തെയും വിസ്മരിച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തിനും ജീവിതം തുടരുക സാധ്യമല്ല. ആധുനികതാ പ്രസ്ഥാനം അകാലവാർധക്യം വെച്ച് വൈകാതെ തളർന്നുപോയി.

അതിനുശേഷമുള്ള സാംസ്കാരികചലനങ്ങൾക്കിടയിലാണ് ഇന്നു നാം കഴിയുന്നത്. നാം അതിന്റെ ഭാഗമാണ്. അതിനാൽ, അകന്നുനിന്ന്, നിസ്സംഗതയോടെ, സമകാലിക സംസ്കാരത്തിന്റെ സവിശേഷതകൾ ദർശിക്കാൻ നമുക്കു കഴിയുകയില്ല, എങ്കിലും, പ്രകടമായ ഒരു വസ്തുതയെപ്പറ്റി പറയാതിരിക്കുന്നതെങ്ങനെ? സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നവർ ഇന്ന് മൂല്യങ്ങളെയല്ല ആശ്രയിക്കുന്നത്; പരസ്യങ്ങളെയാണ്. പരസ്യങ്ങളാകട്ടെ, കുത്തക പ്രഭുക്കൾ കൈയടക്കിയിരിക്കുകയും ചെയ്യുന്നു. അക്കൂട്ടരുടെ ആശ്രിതരിൽ സർഗ്ഗാത്മകതയുടെ ചൈതന്യം പരിക്ഷീണമാകാതെ നിവൃത്തിയില്ല. കപടനാട്യക്കാർ അരങ്ങ് കൈയടക്കുന്നതിന് അത് കാരണമായിത്തീരുന്നു. അക്കൂട്ടരുടെ അഭ്യാസങ്ങൾ പുരുഷാരത്തിന് രസമായിരിക്കാം. പക്ഷേ, സംവേദനശേഷിയുള്ള ഹൃദയങ്ങൾ അവിടെ വന്ധ്യതയുടെ വരൾച്ചയുമാണെന്ന് സന്ധിക്കുന്നത്. ●

കേരള രാഷ്ട്രീയത്തിലെ ഊടുവഴിക്കാഴ്ചകൾ

രാജപാതകളിൽ നിന്നുകാണാവുന്ന രാഷ്ട്രീയ ദൃശ്യങ്ങളെല്ലാം മാധ്യമങ്ങൾ നിത്യേന വാക്കുകളായും വർണചിത്രങ്ങളായും അവതരിപ്പിക്കുന്നുണ്ട്. അതുകാരണം ഈ ലേഖനത്തിലൂടെ കണ്ണോടിക്കുന്നത് ഊടുവഴിക്കാഴ്ചകളിലേക്കാണ്. തികച്ചും കൗതുകകരവും പണ്ടേ ശ്രദ്ധതിരിയേണ്ടിയിരുന്നതുമായ ദൃശ്യങ്ങളിലേക്ക്.

കെ.പി. വിജയൻ

രാഷ്ട്രീയമെന്നു പറയുന്നത് പൊതുപ്രവർത്തനവും ഭരണവും ചേർന്ന ഏർപ്പാടാണ്. അധികാരവും പണവും ഔപചാരികമായ ജനപിന്തുണയും ഭരണത്തിനാകയാൽ ഏതു പാർട്ടി അധികാരത്തിലെത്തിയാലും ഭരണത്തിനു മുൻതൂക്കം കിട്ടുന്നു. സ്വഭാവികമായും നമ്മുടെ മുന്നിലുള്ള ഒന്നാമത്തെ ചോദ്യം കേരളത്തിലെ ഭരണനിലവാരം എന്താണ് എന്നതത്രെ.

ദക്ഷിണേന്ത്യൻ സ്റ്റെയിറ്റുകളുടെ കാര്യമെടുത്താൽ ഭരണക്ഷമതയുടെ കാര്യത്തിൽ നമ്മുടെ സ്ഥാനം ഏറ്റവും താഴെയാണ്- ഏതാണ്ട് വളർച്ചമുട്ടിയ അവസ്ഥ. ഒന്നാം സ്ഥാനത്ത് തെലുഗുദേശവും ചന്ദ്രബാബു നായിഡുവും നിൽക്കുന്നു. ഇടക്കാലത്ത് ഭരണം ചില അപ്രാപ്തരുടെ കൈകളിലായിരുന്നിട്ടും കർണ്ണാടകത്തിനു രണ്ടാം സ്ഥാനമുണ്ട്. ധാരാളം അഴിമതിക്കഥകളും ഇടയ്ക്കിടെ ജാതി-മത സംഘട്ടനങ്ങളും ഉണ്ടായിട്ടും തമിഴ്നാട് പുരോഗതിയുടെപാതയിൽ നമ്മുടെ മുന്നിലാണ്. ചെറിയ സ്റ്റെയ്റ്റായ പുതശ്ശേരി അതിലും ഭേദമാണ്.

ഇവിടെ വളർച്ചയ്ക്ക് സഹായകമായ പല ഘടകങ്ങളുമുണ്ട്. പല കാരണങ്ങളാൽ ഒന്നും വേണ്ടവിധം ഉപയോഗിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത. ഏത് രാഷ്ട്രീയകക്ഷിയാണ്, ഏതു മുന്നണിയാണ് അതിനു കാരണക്കാർ എന്ന ചോദ്യത്തിന്നു വലിയ പ്രസക്തിയില്ല. രണ്ടു കൂട്ടരും മാറിമാറി ഭരിക്കുകയാണല്ലോ? പിന്നെ എവിടെയാണ് തകരാറ് എന്നു ചോദിച്ചാൽ ആദ്യം പറയാവുന്നത് 'വാർദ്ധക്യം' എന്ന ഒറ്റ വാക്കാണ്.

കുറെക്കാലമായി കേരളത്തിലെ രാഷ്ട്രീയ നേതൃത്വം വൃദ്ധന്മാരുടെ കൈകളിലാണ്. അവരിൽ മിക്കവരും രോഗികളുമാണ്. അക്കൂട്ടത്തിൽ ഒരാളുടെ കൂട്ടായ്മ ശ്രമമാണ് ഏറ്റവും ഒടുവിലായി കേട്ട ഒരു കഥ. മുൻ മന്ത്രിസഭകളുടെ പ്രവർത്തനങ്ങളൊക്കെ പിന്നാലെ വരുന്ന മന്ത്രിസഭകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ശരിയായ കീഴ്വഴക്കമല്ലെന്ന് അഴിമതി കേസിൽ പ്രതിയായ ഒരു മുൻ മുഖ്യമന്ത്രി പറയുന്നു; എങ്ങനെ!

ഒന്നാമത്തെ കേരള മന്ത്രിസഭ

പറഞ്ഞുവന്നത് വാർദ്ധക്യത്തെ കുറിച്ചാണല്ലോ. അതു കേരളപ്പിറവിയുടെ നാളുകളിലേക്കും ചിന്തയെ നയിക്കുന്നു. ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഉണ്ടായ ആദ്യത്തെ മന്ത്രിസഭയാണ് കേരളം കണ്ട ഏറ്റവും മികച്ച മന്ത്രിസഭയെന്നു കരുതുന്ന പല നിഷ്പക്ഷമതികളുമുണ്ട്. ഇ.എം.എസ്., അച്യുതമേനോൻ, ജോസഫ് മുണ്ടശ്ശേരി, ടി.വി.തോമസ്, കെ.ആർ.ഗൗരി, വി.ആർ.കൃഷ്ണയ്യർ എന്നിങ്ങനെ പോകുന്നു ആ ചെറിയ മന്ത്രിസഭാ പട്ടിക. എല്ലാവരും ചെറുപ്പക്കാർ നല്ല വിദ്യാഭ്യാസവും വിജ്ഞാനവും വൈഭവവും ഉള്ളവർ. ഇത്തിരി പ്രായക്കൂടുതൽ കോൺഗ്രസ്സിലൂടെ ഇടതു മുന്നണിയിൽ എത്തിച്ചേർന്ന ഡോ.എ.ആർ.മേനോൻ എന്ന സ്വതന്ത്രനേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ താനും തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും ഉത്സാഹപൂർവം ശരിചെയ്യണമെന്ന കാര്യത്തിൽ അദ്ദേഹം വാശിക്കാരൻ തന്നെയായിരുന്നു.

ആ മന്ത്രിസഭയ്ക്കും ഭരണകക്ഷികൾക്കും ഭരണപരിചയമില്ലാതിരുന്നതിനാൽ ചില പിഴവുകൾ പറ്റിയിട്ടുണ്ട്. അത് വിമോചന സമരത്തിലും മന്ത്രിസഭയുടെ പതനത്തിലും ചെന്നെത്തിക്കുകയും ചെയ്തു എന്നതു ചരിത്ര സംഭവമാണ്. പക്ഷേ, വിമോചന സമരം തെറ്റായിരുന്നു എന്ന് അത് നടത്തിയ കക്ഷിക്കാർ തന്നെ പിന്നീട് കുറിച്ചിട്ടുണ്ട്.

രവും ചരിത്രപരവുമായ കാരണങ്ങളാൽ കേരളം ഇന്ത്യയിൽ എന്നും ഏറ്റവും മതവിദ്വേഷം കുറഞ്ഞ സ്റ്റേറ്റായിരുന്നു. ആ സ്ഥിതിവിശേഷം തകർക്കാൻ അടുത്തകാലത്ത് ഏറെ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അത് വിജയിക്കില്ലെന്നാണ് ഞാൻ കരുതുന്നത്. പ്രധാന കാരണം മതത്തിൽ കേന്ദ്രീകരിച്ച് മത്സരിക്കുന്ന ഒരു പാർട്ടിക്ക് അധികാരത്തിൽ എത്താൻ ഇവിടുത്തെ ഭിന്നമത ജനസംഖ്യാതോത് തടസ്സമായിരിക്കും എന്നതുതന്നെ. രണ്ടാമതായി ഇവിടെ മതന്യൂനപക്ഷങ്ങൾ അവഗണിതവിഭാഗമല്ല, മുന്നോക്ക വിഭാഗമാണ് എന്നതും. വിദ്യാഭ്യാസത്തിൽമാത്രം-മുസ്ലിംകൾ-പ്രത്യേകിച്ചും സ്ത്രീകൾ-കുറച്ചു പിന്നോക്കമാണ്. അത് വേഗമായി പരിഹരിക്കപ്പെടുന്നുണ്ട്. കാലടി സംസ്കൃതസർവകലാശാലയിൽപോലും മുസ്ലിം പെൺകുട്ടികൾ പഠിക്കുന്നുണ്ട്. എക്കാലത്തേയുംപോലെ കേരളത്തിലെ യഥാർത്ഥ പീഡിതവർഗ്ഗം (പലസംവരണങ്ങളുണ്ടായിട്ടുപോലും) ദളിതരാണ്; പ്രത്യേകിച്ചും ആദിവാസികൾ.

നാളെയുടെ വാഗ്ദാനങ്ങൾ

ജോലിയോ ഭാവിയോ ഇല്ലാത്ത ചില യുവാക്കളെ ചില മത-രാഷ്ട്രീയ സംഘടനകൾ അക്രമങ്ങൾക്കുള്ള പിണിയാളുകളാക്കാൻ തട്ടിയെടുക്കുമ്പോൾതന്നെ, മറുവശത്ത്, ഉന്നതവിദ്യാഭ്യാസവും രാഷ്ട്രാന്തരീയ ജോലി സാധ്യതകളുമുള്ള മറ്റൊരു സംഘം യുവതീയുവാക്കൾ മറ്റു സംസ്ഥാനങ്ങളിലേക്കും മറ്റു നാടുകളിലേക്കും പറക്കുന്നുണ്ട്. അവർ ജാതിയും മതവും ദേശീയതപോലുമില്ലാത്ത ജീവിതവീക്ഷണം കൈവരിക്കുകയും ബന്ധങ്ങൾ സ്ഥാപിക്കുകയുമാണ്. സ്വയംനിർമിച്ച സെക്കുലറിസത്തെ സ്വജീവിതത്തിന്റെ ഭാഗമാക്കുകയാണ്. സ്വാഭാവികമായും അവരുടെ ജീവിതവിതാനത്തിൽപ്പെടുന്നത് സംസ്ഥാനക്കാരും മറ്റു ഭാഷക്കാരും അന്യവിശ്വാസക്കാരും അന്യ രാജ്യക്കാരുമെല്ലാം ചേർന്ന ഒരു കൂട്ടായ്മയാണിത്. കേരളത്തിൽ വളർന്നുവരാവുന്ന വിഭാഗീയതക്കെതിരെ ശക്തമായ ഒരു പ്രതിരോധനിര.

നമ്മുടെ നാട്ടുമ്പുറങ്ങളിൽ വളരെയേറെ വിവാദങ്ങൾ സൃഷ്ടിച്ചുകൊണ്ട് പടർന്നുപിടിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനവും ഭാവിക്ക് ഒരു നല്ല വാഗ്ദാനമാണ്. അത് വിജയിച്ചാൽ ഭരണകക്ഷികളുടെ വോട്ടു വർധിക്കുമെന്ന ഭയത്താൽ പ്രതിപക്ഷകക്ഷികളുടെ രാഷ്ട്രീയമായ എതിർപ്പും പലേടത്തും നിസ്സഹരണവും കാണാം. അധികാരവും അവിഹിതവരുമാനവും നഷ്ടമാകുമെന്നഭീതിയിൽ ഉദ്യോഗസ്ഥ വർഗത്തിന്റെ എതിർപ്പും ഉണ്ട്. ഇങ്ങനെ പലതും സൃഷ്ടിക്കുന്ന ബഹളങ്ങൾക്കും പ്രശ്നങ്ങൾക്കുമിടയിൽ ആ പദ്ധതിയുടെ മാനുഷികവശം ശ്രദ്ധിക്കപ്പെടാതെ പോവുകയാണ്.

മനുഷ്യബന്ധങ്ങളുടെ വസന്തം

ലോകമെമ്പാടുമുള്ള ഒരാധുനിക പ്രവണത എല്ലാതരം മനുഷ്യബന്ധങ്ങളും ശോഷിച്ചുവരുന്നു എന്നതാണ്. നാട്ടുകാർ തമ്മിൽ, അയൽക്കാർ തമ്മിൽ, ഭിന്ന ജോലിക്കാർ തമ്മിൽ, ഭിന്ന ജാതി-മതക്കാർ തമ്മിൽ, ഭിന്ന വരുമാനക്കാർ തമ്മിൽ- എല്ലാമെല്ലാം. ഈ അവസ്ഥയിലാണ് ഗ്രാമീണർ ഒത്തുചേർന്ന് പുതിയ പാതകൾ വെട്ടുന്നത്. ഒപ്പം ജോലി ചെയ്തും ഒപ്പം ഭക്ഷണം കഴിച്ചും, ഒപ്പം പൊതുആവശ്യത്തിനുള്ള നേട്ടം കൈവരിച്ചു. ഹൃദയബന്ധങ്ങളുറപ്പിക്കുന്നത് സ്പർധകൾ മാച്ചുകളയാനും സൗഹൃദവും സ്നേഹവും വരും നാളുകളിൽ വ്യക്തിപരമായ ആവശ്യങ്ങൾ കൂടി സഹകരണവും ഉറപ്പിക്കാൻ ഉതകുന്ന ഈ കൂട്ടായ്മ വിശിഷ്ടമാണ്.

കമ്യൂണിസ്റ്റ് പാർട്ടി ഈ നാട്ടിൽ ചെയ്ത ഏറ്റവും വലിയ തെറ്റ് തൊഴിലാളികളുടെ മുഖത്തുനിന്ന് പുഞ്ചിരി മാച്ചുകളഞ്ഞതാണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്-തമിഴ്നാട്ടിൽനിന്ന് കടന്നുവരുന്ന നിരക്ഷരരുടെ പുഞ്ചിരിയും കൊച്ചുവർത്തമാനവും കേൾക്കുമ്പോൾ പ്രത്യേകിച്ചും. ജനകീയാസൂത്രണപദ്ധതികളിലൂടെ തൊഴിലാളിക്ക് തൊഴിൽ നൽകുന്നവന്റെ നേരെ പുഞ്ചിരിക്കാനും കൊച്ചുവർത്തമാനം പറയാനുമുള്ള കഴിവു തിരിച്ചുകിട്ടുമെങ്കിൽ അത് വലിയ കാര്യമാണ്. അടുത്ത പടിയായി കൂടുതൽ വ്യക്തിപരമായ സഹകരണത്തിന്നു വഴി തുറക്കലുമാണ്.

ഇത്തരമൊരു നല്ല മാർഗ്ഗം സ്വയം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടും ഉത്തരകേരളത്തിൽ അമൂർത്തമായ, വിദ്വേഷത്തിന്റെയും കൊലപാതകങ്ങളുടെയും വഴിയിലൂടെ അന്ധമായി കുതിച്ചോടുന്നു എന്നു മനസ്സിലാക്കാനാവുന്നില്ല. അത് വർഗസമരവുമല്ല, വർഗ്ഗീയ സമരവുമല്ല.

ഒരു പുതിയ മർദ്ദിതവർഗം

രാഷ്ട്രീയരംഗത്തെ അസ്വാസ്ഥ്യജനകമായ ഒരു സമീപകാല പ്രവണത പത്രലേഖകന്മാരുടെയും ഫോട്ടോഗ്രാഫർമാരുടെയും നേരെ നടക്കുന്ന ആക്രമണങ്ങളാണ്. ഈ കാര്യത്തിൽ ആഗോള പാർട്ടിക്കാരും അഹിംസപാർട്ടിക്കാരും ഈർക്കിൾ പാർട്ടിക്കാരുമൊക്കെ സമാനചിന്താഗതിക്കാരാണെന്നു കാണുന്നു. ഭീകര പ്രവർത്തകരുള്ള സ്റ്റേറ്റുകളും ശിവസേനാ തെമ്മാടിക്കൂട്ടർ അഴിഞ്ഞാട്ടം നടത്താറുള്ള മുംബാ യും കഴിഞ്ഞാൽ ഏറ്റവുമധികം മാധ്യമ പ്രവർത്തകർ അഞ്ചോ പത്തോ കൊല്ലങ്ങൾക്കുള്ളിൽ ആക്രമിക്കപ്പെട്ടിട്ടുള്ളത് കേരളത്തിലാണ്. ക്രമേണ അത് സമരപരിപാടികള ടെ ഒരു ചടങ്ങായി മാറുകയാണെന്ന് തോന്നുന്നു; അതി നോടുള്ള എതിർപ്പും നിരാശാജനകമാണ്.

എവിടെ സംഘട്ടനം നടന്നാലും പത്രപ്രവർത്തകസംഘടനയുടെ ഏതെങ്കിലും പ്രാദേശികനേതാവോ സ്റ്റേറ്റ നേതാവോ ഒരു പ്രതിഷേധ പ്രസ്താവനയിറക്കും. അധികാ സ്ഥർക്ക് ഒരു നിവേദനവും കൊടുക്കും. ഉടൻ നടപടി ന്ന് വാക്കാൽ ഉറപ്പു കിട്ടും ; ചില അറസ്റ്റുകൾ നടന്നെന്നു വരും. അതോടെ സംഭവം തിരശ്ശീലയ്ക്കു പിന്നിൽ മറയു ഇത്തരം അക്രമങ്ങളുടെ പേരിൽ എന്ന്, എവിടെ, എ പേർ ഇതുവരെയായി ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് സം ടനാനേതാക്കളിൽനിന്നെങ്കിലും അറിയാൻ താത്പര്യ ണ്ട്. അക്രമങ്ങളുടെ നേരെ പത്രമുതലാളിമാരും അവരു സംഘടനയും സ്വീകരിക്കുന്ന അലംഭാവവും ആക്ഷേപ മാണ്. സത്യസന്ധമായി സ്വന്തം തൊഴിൽ ചെയ്യുന്ന ന്റെ പേരിൽ തെരുവിൽവെച്ച് പരസ്യമായി ആക്രമി പ്പെടുന്ന മറ്റൊരു തൊഴിലാളിവിഭാഗം ഉള്ളതായി അറി ല്ല.

1957 മുതൽ പത്തുകൊല്ലത്തോളം മാതൃഭൂമിയുടെ ഖകനായി പല മതരാഷ്ട്രീയ സംഘട്ടനരംഗങ്ങളിലും ഞാ വാർത്തകൾ തേടിച്ചെന്നിട്ടുണ്ട്. വഴിയും ആളുകളെ പരിചയപ്പെടുത്തിത്തരാൻ ചിലപ്പോൾ പ്രാദേശിക ലേ രെ കൂടെ കൂട്ടും എന്നു മാത്രം. തൃശൂർ മുതൽ തലശ്ശേരി- നൂർമേഖലവരെയുള്ള പ്രദേശങ്ങളിലെ ഈ യാത്രകൾക്ക യിൽ, 'മാതൃഭൂമി'യെ ശത്രുതയോടെ കണ്ടിരുന്നവരിൽ ന്നുപോലും ഒരു ഭീഷണിയും നേരിട്ടിട്ടില്ല. പത്ര ടുള്ള വിദ്വേഷം അവർ സ്റ്റേജിൽനിന്ന് ചീത്ത വിളിച്ചു ക്കലാണ് പതിവ്. ലേഖകനെ മാന്യമായ ഒരു തൊഴിൽ യ്യുന്ന ആളായയാണ് പരിഗണിക്കാറ്; തങ്ങളെ തേടിവന്ന സന്തോഷവും. മറിച്ച് ഇന്ന് മാധ്യമപ്രവർത്തകരെ ആ ക്കുന്നത് പബ്ലിസിറ്റിക്കും സ്വന്തം പടം പത്രങ്ങളിലു ലിവിഷനിലും വരുന്നതിനുള്ള എളുപ്പവഴിയുമായാ പല ചെറുപ്പക്കാരും കാണുന്നത്. അത് തെറ്റാണെ തങ്ങളുടെ അനുയായികളെ ആത്മാർത്ഥമായി ബോധ ടുത്താൻ ശ്രമിച്ച ഒരു നേതാവിനേയോ കുറ്റവാളികളെ ക്ഷിക്കുമെന്നുറപ്പ് വരുത്താൻ താത്പര്യമെടുത്ത ഭ ധികാരിയേയോ എനിക്കറിയില്ല. അതിനാൽ പത്രപ്ര ത്തകസംഘടനയും സ്ഥാപനങ്ങളുമെങ്കിലും ഇത്തരം വങ്ങളുടെ നേരെ ബഹുമുഖമായ സമരമാർഗങ്ങൾ ക ത്തിയേ പറ്റൂ. മലയാളപത്രപ്രവർത്തകരുടെ കുല വായ സി.വി. കുഞ്ഞുരാമൻ മറ്റൊരു വിഷയത്തെ ച്ച് ദശാബ്ദങ്ങൾക്കു മുൻപെഴുതിയ മുഖപ്രസംഗത്ത ഒരു വാചകം ഞാനവരെ ഓർമ്മിപ്പിക്കട്ടെ...

''തൊഴിക്കുംതോറും തൊഴുക, തൊഴുംതോറും ഴിക്കുക എന്ന ഏർപ്പാട് തുടരാവുന്നതല്ല.''

മാതൃഭൂമി
ആഴ്ചപ്പതിപ്പ്

2000 ജനവരി 9-15
1175 ധനു 25 - മകരം 1
1921 പൗഷം 19 - 25
പുസ്തകം 77 ലക്കം 46
വില 6 രൂപ

മാനേജിങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
എക്സിക്യൂട്ടീവ് എഡിറ്റർ
വി. രാജഗോപാൽ
അസിസ്റ്റൻറ് എഡിറ്റർ
ടി. ബാലകൃഷ്ണൻ
സബ്ബ് എഡിറ്റർ
എ.പി. മുരളീകൃഷ്ണൻ

ചീഫ് ആർട്ടിസ്റ്റ്
ജെ.ആർ. പ്രസാദ്
സീനിയർ ആർട്ടിസ്റ്റ്
മദനൻ
ആർട്ടിസ്റ്റ്
പ്രദീപ്കുമാർ



മുഖചിത്രം:
പത്മനാഭപുരം കൊട്ടാരം
ഫോട്ടോ: രാജൻപൊതുവാൾ

ഉള്ളടക്കം

ലേഖനം

കണിക്കൊന്നയുടെ സൗകുമാര്യം കടത്തനാട്ട് നാരായണൻ 6
മാധവിഅമ്മയുടെ കവിത സി.പി.ശിവദാസൻ 10
ഗ്രാമചാരുതയുടെ കാവ്യമൊഴികൾ ദിനേശൻ കരിപ്പള്ളി 13
പെരുന്തച്ചന്റെ ബലിഷ്ഠ ശില്പങ്ങൾ എം.ജി.ശശിഭൂഷൺ 18
സന്തുലിതമായ സമീപനം കെ.പി.ശങ്കരൻ 23
സി.ബി.ഐ. ഡയറിക്കുറിപ്പുകൾ-10 കെ.മാധവൻ 26
മോംഗ്യപ്രശ്നം-സച്ചിനും കപിലും ഒന്നു കളിച്ചു വിംസി 34
നെരിപ്പോട്-19 ഒ.ഭരതൻ 37
സിയാറ്റിൽ സമ്മേളനവും കൂട്ടായ്മയുടെ പുതിയ മാനങ്ങളും ടി.പി.കുഞ്ഞിക്കണ്ണൻ 45

കവിത

ചിലങ്ക ശ്രീധരനുണ്ണി 29
കുരുതിത്തെയ്യം ആലങ്കോട് ലീലാകൃഷ്ണൻ 32

കഥ

ആറാമത്തെ വെടിയുണ്ട വത്സലൻ വാതുശ്ശേരി 16
മുൻ നിശ്ചയങ്ങൾ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി 53

നോവൽ

ആണ്ടാൾപുരം പോകുംവഴി എൻ.എൻ.പിഷാരോടി 30
വിധി-3 ആശാപൂർണാദേവി 40
തണൽ ജി.ബാലചന്ദ്രൻ 50

പംക്തികൾ

■ വായനക്കാർ എഴുതുന്നു 4 ■ ശാസ്ത്രം 43 ■ ബാലപംക്തി 57 ■ വളരുന്നസാഹിത്യം (ജെ.പ്രഭാഷ്) 60 ■ ചിത്രശാല-വാനപ്രസ്ഥം (ഒ.പി.രാജ്മോഹൻ) 65 ■

അസ്തമിക്കുന്ന നൂറ്റാണ്ടിൽ നമ്മുടെ നിരൂപണം ആർജ്ജിച്ച നേട്ടങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം

സന്തുലിതമായ സമീപനം

കെ.പി. ശങ്കരൻ

വിടവാങ്ങുന്ന ശതകത്തിന്റെ സംഭാവനകൾ നമ്മുടെ നിരൂപണത്തെ ഏറക്കുറെ വികസിപ്പിച്ചിട്ടുണ്ട് എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ കുറിപ്പ് ആരംഭിക്കുന്നത്. ഇങ്ങനെയൊരു ഉപദർശനത്തിൽ ഒതുങ്ങുക എന്നല്ലാതെ, ഈ വികാസത്തിന്റെ ഓരോ ഉദ്ഗമവും വേറെ വേറെ എടുത്തു വിലയിരുത്തുക ഇത്തരമൊരു കുറിപ്പിൽ ആവശ്യമില്ല, അപ്രായോഗികമാണുതാനും.

സാധാരണ നിലയ്ക്ക് ഒരു സാഹിത്യശാഖയെ കണക്കിലെടുക്കുമ്പോൾ ശതകം എന്ന ഘടകത്തിന് കാര്യമായ പങ്കൊന്നും കല്പിച്ചോളണമെന്നില്ല. എന്നാൽ നമ്മുടെ നിരൂപണത്തിന്റെ നില അങ്ങനെയല്ല. ഇരുപതാം ശതകത്തോട് സ്വാഭാവികമായും ഇണങ്ങിക്കിടപ്പത്രേ അതിന്റെ ചരിത്രം. മറ്റേതു ശാഖയിലേക്കാളും ഒരു പക്ഷേ, നിർണായകവുമാണ് ഈ ഇണക്കം. ദീപ്തവും ഗാഢവുമായ സാഹിത്യ ശാസ്ത്രത്തിന്റെ ദീർഘപാരമ്പര്യം ഇന്ത്യയ്ക്ക് ഇല്ലായ്കയില്ല. അതിന്റെ ചില അലകൾ മലയാളത്തിലേക്ക് നേരത്തേ സംക്രമിക്കയും ചെയ്തിരിക്കാം. അതുകൊണ്ടൊന്നും, പക്ഷേ, നിരൂപണം എന്ന വ്യപദേശത്തിലൂടെ നാം ഇന്ന് എന്തു വിവക്ഷിക്കുന്നുവോ, അതിനെ തൃപ്തിപ്പെടുത്തുന്ന ഉപലബ്ധികൾ ഉണ്ടായില്ല. അതുണ്ടാവാൻ ഈ ശതകത്തിലേ സംഗതിയായുള്ളൂ. ഒറ്റ ദൃഷ്ടാന്തം സ്മരിച്ചാൽ മതി, ഇതു സ്പഷ്ടമാവും: കഴിഞ്ഞ ശതകത്തിന്റെ അന്ത്യത്തിലും ഈ ശതകത്തിന്റെ ആദിയിലുമായി പത്തുപതിനഞ്ച് കൊല്ലത്തോളം അന്നത്തെ മിക്ക പ്രാമാണികരും അണിപിരിഞ്ഞ് ആവേശത്തോടെ നടത്തിയ പ്രാസവാദം എന്ന കോലാഹലം; നിരൂപണത്തിനു നിർധരിക്കാവുന്ന വല്ലൊരു തത്ത്വവും അതിൽനിന്ന് ഉരുത്തിരിഞ്ഞ് കിട്ടിയോ? കിട്ടിയാൽത്തന്നെയും, ആ വാദത്തിൽ താരതമ്യേന ഉൽപതിഷ്ണുക്കൾ എന്നു കരുതാവുന്നവർ പോലും അത് തങ്ങളുടെ കാവ്യസംസ്കാരത്തിലേക്കു തൻമയീഭവിപ്പിച്ചുവോ? ഒടുക്കം അണികൾ ഏതോ ഒത്തുതീർപ്പിലെത്തി ഉപസംഹരിച്ച ആ കോലാഹലത്തെക്കുറിച്ച്, ബാലിശം എന്നല്ലാതെ ഇന്ന് എന്തിരിക്കുന്നു അയവിറക്കാൻ? അപ്പോൾ ഈ ബാലിശതയായിരുന്നു ഇരുപതാം ശതകത്തിന്റെ ഉദയം വരെയും നമ്മുടെ നിരൂപണത്തിന്റെ, അങ്ങനെ അവകാശപ്പെടാവുന്ന ഒരു സംവർഗം അന്ന് അങ്കുരിച്ചിരുന്നുവെങ്കിൽ അതിന്റെ, ഭാവമുദ്ര.

എന്നാൽ സാഹിത്യത്തിലെ ഏത് ആവിർഭാവവും ആകസ്മികമാവാൻ ഇടയില്ലല്ലോ. ഈ ശതകത്തിൽ ക്രമേണ തെളിഞ്ഞുവന്ന നിരൂപണം എന്ന സംവർഗത്തിന്റെ തെഴുപ്പിന് പൂർവ്വരംഗം ചമച്ചു എന്ന നിലയ്ക്ക് കഴിഞ്ഞ ശതകത്തിന്റെ അസ്തമയഘട്ടം ചരിത്രപ്രധാനമാണ്. പൂർവ്വരംഗത്തിന്റെ പ്രണേതാക്കളെ മുഴുവൻ ഇത്തരമൊരു കുറിപ്പിൽ പെടുത്തേണ്ടതില്ല. എന്നാലും പാശ്ചാത്യ വിദ്യാഭ്യാസ പ്രചാരവും പത്രപ്രവർത്തനവും ഒരുക്കിയ ഉൻമേഷത്തിന് ഉദാഹരണമായി സി.പി. അച്യുതമേനോനെയും അദ്ദേഹത്തിന്റെ 'വിദ്യാവിനോദിനി'യെയും ഓർക്കുന്നതാവും ഉചിതം. താൻ ആ മാസികയിലൂടെ നല്കിയ മാതൃകയാവട്ടെ, മലയാള നിരൂപണത്തിന് എന്നും നന്ദിയോടെ ഉന്നയിക്കുകയും ചെയ്യാം. ആധാരഗ്രന്ഥങ്ങളുടെ സൃഷ്ടിയിലാണ് എ.ആർ. രാജരാജവർമ്മ ഏറെ ശ്രദ്ധിച്ചത്. ആ ഗ്രന്ഥങ്ങളോ, നിരൂപണത്തിനു പ്രയോജനപ്പെടുത്താവുന്ന ഉപാദാനങ്ങൾ എന്ന

കുറ്റിപ്പുഴ കൃഷ്ണപ്പിള്ള

കുട്ടികൃഷ്ണമാരാർ

കേസരി ബാലകൃഷ്ണപിള്ള

മുണ്ടശ്ശേരി

എം.പി. പോൾ


ഡോ. ഭാസ്കരൻനായർ

എൻ.വി. കൃഷ്ണവാരിയർ

ല്ലാതെ, ശരിക്കും നിരൂപണമാവാൻ ഞെരുക്കം. എങ്കിലും പിന്നീടുണ്ടാവുന്ന ഉത്തേജനത്തിന്റെ പ്രചോദകരായി ചിലരെ സ്വരൂപിച്ചത് അദ്ദേഹത്തിന്റെ ശിക്ഷണം കൂടിയാവാം. പോരെങ്കിലോ, പഴയതിന്റെ തിളക്കത്തെ സാക്ഷ്യപ്പെടുത്തുക, പുതിയതിന്റെ സർഗാത്മകതയെ സ്വാഗതം ചെയ്യുക എന്നീ നിരൂപക ധർമ്മങ്ങളെ യഥാക്രമം 'കാന്താരതാരകം' വ്യാഖ്യാനത്തിലൂടെയും 'നളിനി'ക്ക് എഴുതിയ അവതാരികയിലൂടെയും അദ്ദേഹം നിർവ്വഹിക്കയും ഉണ്ടായല്ലോ. ഭാഷാഭൂഷണത്തിൽ അഭിധാമൂലവ്യഞ്ജന വിവരിക്കുന്ന സന്ദർഭത്തിൽ സാങ്കേതികതയുടെ പരിധി സാമാന്യേന ലംഘിച്ചുകൊണ്ട് അദ്ദേഹം ഒരുപമാനം നല്കുന്നു: ''അസ്തമിച്ച സൂര്യനോടു കൂടി അവസാനിക്കുന്ന പകൽ തന്റെ പ്രകാശശേഷം കൊണ്ട് സന്ധ്യയെന്നൊരു പുതിയ കാലത്തെ ഉളവാക്കുന്നതു പോലെ '' എന്ന്. കവിത അർത്ഥം പ്രസരിപ്പിക്കുന്ന പ്രക്രിയയെ ഇപ്രകാരം നിരീക്ഷിച്ചതിലെ സഹൃദയത്വം ഇപ്പോഴും നമുക്കു കാമ്യം തന്നെ.

ഈ സഹൃദയത്വം തന്റെ എല്ലാ ശിഷ്യരിലും സന്നിവേശിച്ചില്ല. അവരിൽ ചിലർ അല്പത്വങ്ങളിൽ അലംഭാവം കൊണ്ടു. അതിനു നിരക്കുന്നതായിരുന്നു അന്നത്തെ സർഗാത്മക സാഹിത്യവും. സാഹിത്യ പഞ്ചാനനൻ ക്ലാസിക്കുകളെ അഭിജാതമായി വിലയിരുത്തി. പക്ഷേ അതുകൊണ്ടു മിഴിവിടർന്ന ലക്ഷണം പുതിയ കൃതികളോട് സംവദിക്കുന്നതിൽ വെളിപ്പെട്ടില്ല. മറിച്ചായിരുന്നു മറ്റൊരു ശിഷ്യന്റെ സ്ഥിതി: പഴമയെ നിവൃത്തിയുള്ളിടത്തോളം വർജിക്കുക, പുതുമയെ വരിക്കുക എന്ന നിയോഗമാണ് കേസരി എ. ബാലകൃഷ്ണപ്പിള്ള എന്ന ആ ശിഷ്യൻ ഏറ്റെടുത്തത്. തനിക്കു വരിക്കാൻ പറ്റുന്ന പുതുമ മലയാളത്തിൽ ഇല്ലാത്ത അവസ്ഥയിൽ, അകാലികം എന്നു പറയാവുന്ന സ്വന്തം സ്പർശിനികൾ അദ്ദേഹം വിശ്വസാഹിത്യത്തിൽ സൂക്ഷ്മമായി വ്യാപരിപ്പിച്ചു. നമ്മുടെ നിരൂപണത്തിന് നടന്നു തീർക്കാനുണ്ടായിരുന്ന ഏറെ ദൂരം ഒന്നു രണ്ടു നൂറ്റാണ്ടിനകം ഈ ക്ഷീണഗാത്രൻ ഏതാണ്ടു തനിയെ തരണം ചെയ്തു എന്നതത്രേ വസ്തുത. വെറുതെയല്ല തന്റെ ആദ്യകൃതിക്ക് 'നവലോകം' എന്നദ്ദേഹം പേരുവിളിച്ചത്. നവത്വം എന്താണെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. സ്വയം അതിന്റെ സ്രഷ്ടാക്കളാവാൻ നമ്മുടെ പ്രതിഭകളെ പരിശീലിപ്പിച്ചു. തകഴി തൊട്ട്, പിന്നീട് സർഗാത്മക സാഹിത്യത്തിന്റെ ചരിത്രം പുതുക്കിയെഴുതിയ അനേകം പ്രതിഭകൾ ആ പരിശീലനത്തിൽ തഴച്ചവരാണല്ലോ. 'യുഗപുരുഷൻ' എന്നൊക്കെ ചില വിശേഷണങ്ങൾ നാം സജ്ജീകരിച്ചുവെച്ചിട്ടുണ്ട്. സൗകര്യം പോലെ അതാതാളുകൾക്ക് അവ ചാർത്തിക്കൊടുക്കുന്ന ഉദാസീനത ഇവിടെ സംഭവിക്കാറും ഉണ്ട്. എന്നാൽ ബാലകൃഷ്ണപ്പിള്ളയിലേക്ക് അന്വയിക്കുമ്പോൾ അത്തരം വിശേഷണങ്ങൾ അർത്ഥഗർഭമായിത്തീരുന്നു. നമ്മുടെ കഥാസാഹിത്യത്തിന്റെ [illegible] ഷണം വിശാലമാക്കാൻ സഹായിച്ചിട്ടുണ്ട് നാലപ്പാടൻ വിവർത്തനം ചെയ്ത 'പാവങ്ങൾ' എന്നതു വിഖ്യാതം. പാവങ്ങളെ അത്ര ഗാഢമായ ഉത്സാഹത്തോടെ ഉൾക്കൊള്ളുന്നതിനു പാകത്തിൽ നമ്മുടെ ഭാവുകത്വം സംസ്കരിച്ചതാവട്ടെ, ബാലകൃഷ്ണപിള്ളയാണ് എന്നു വിസ്മരിച്ചുകൂടാ. ഏതായാലും ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ നിരൂപണത്തിന്റെ വിധാതാക്കളിൽ കേസരിക്കുള്ള സ്ഥാനം കൃതജ്ഞതയോടെ അംഗീകരിക്കാതെ വയ്യ എന്ന് ഈ വശം സംഗ്രഹിക്കട്ടെ.

●

നമ്മുടെ നിരൂപണം തെളിമയും തിരിച്ചറിവും തേടിയതിന്റെ ചില മിന്നലാട്ടങ്ങൾ കാണുന്നുണ്ടെങ്കിലും ഒരു ശങ്ക. പഴയ സന്തുലനത്തിന്റെ പൈതൃകം ഇപ്പോൾ പാലിക്കപ്പെടുന്നുണ്ടോ? ആശയങ്ങളുടേയും സങ്കൽപ്പനങ്ങളുടേയും തലങ്ങും വിലങ്ങുമുള്ള പ്രവാഹം സ്വാഗതാർഹമാണ്. പക്ഷേ, താദാത്മ്യം നേടിത്തന്നെയാണോ നിരൂപകർ അവയെ വരവേൽക്കാറ്? അതോ ഉദ്ധരണികളുടെ മിഥ്യകളിൽ വായനക്കാർ ഭ്രമിച്ചോളും എന്നാണോ വ്യാമോഹം?

●

പ്രസിദ്ധമായ മഹാകവിത്രയം ഇതിനകം അവരുടെ സംഭാവനകൾ കൊണ്ട് മലയാള കവിതയിൽ പുതിയ സ്പന്ദങ്ങൾ ഉണർത്തി. ഇവ നിരൂപണത്തിൽ അനുസ്പന്ദങ്ങൾ ഉളവാക്കാൻ ഇടയാക്കി. മഹാകവിത്രയത്തിൽ ഉള്ളൂർ ഒരു പക്ഷേ ഒറ്റപ്പെട്ടു നില്ക്കുന്നു. അദ്ദേഹത്തിന്റെ ഗവേഷണങ്ങളും പഠനങ്ങളും അസ്സൽ നിരൂപണത്തിന്റെ സീമ

യിൽ ഒതുങ്ങിക്കൊള്ളണമെന്നില്ല. ആശാനും വള്ളത്തോളുമാണെങ്കിലോ, പത്രപ്രവർത്തനത്തിന്റെ ഭാഗമായി സ്വന്തം നിലയിൽത്തന്നെ നിരൂപണം പയറ്റിയവരാണ്. എന്നാൽ അതിലും പ്രധാനം, കവിതയിലൂടെ അവർ പുതിയ ഒരഭിരുചി കിളിർപ്പിച്ചു എന്നതത്രേ. ഈ കിളിർത്ത അഭിരുചിയുടെ ആവിഷ്കാരം ക്രമത്തിൽ നിരൂപണമായി തളിർത്തു- ആദ്യം അങ്ങിങ്ങ് അസംഘടിതരൂപത്തിലും പിന്നെ ആസൂത്രിതമായും. നമ്മുടെ രണ്ടു പ്രമുഖ നിരൂപകർ -കുട്ടികൃഷ്ണമാരാരും കുറ്റിപ്പുഴയും- വള്ളത്തോൾക്കവിതകൾക്കു വ്യാഖ്യാനമെഴുതി ചുവടുറപ്പിച്ചവരാണല്ലോ. സി.എസ്. നായരുമതെ, വള്ളത്തോളിന്റെ വക്താവ് എന്നാണ് പൊതുവേ പ്രസിദ്ധി; വസ്തുത പൂർണ്ണമായും അതിൽ അടങ്ങിക്കൊള്ളണമെന്നില്ല; സിദ്ധാന്ത ചർച്ചകളുടെ രൂപത്തിലും. ഉണ്ടല്ലൊ തന്റെ ചില പ്രബന്ധങ്ങൾ. വള്ളത്തോളിനെ സ്പർശിച്ച ഈ പ്രകരണത്തിൽ, നമ്മുടെ നിരൂപണത്തിന് അദ്ദേഹം നല്കിയ പരോക്ഷസംഭാവനയുമായി പൊരുത്തപ്പെടുത്തി, ഒരു വശം കൂടി സംക്ഷേപിക്കേണ്ടതുണ്ട്. നിരൂപണമെന്നത് ഗദ്യത്തിലുള്ള ഒരു നിബന്ധമാണ് എന്ന ധാരണ ഇന്നു നിയതമാണല്ലോ. പഴയ സാഹിത്യ ശാസ്ത്രങ്ങൾ പദ്യത്തിലായിരുന്നു എന്നത് ഈ ധാരണയ്ക്കു ബാധകമല്ല-അപ്പോൾ എന്തുവരുന്നു: നിരൂപകന്റെ സിദ്ധികളിൽ ഒന്നായി ഗദ്യത്തെയും ഗണിക്കാതെ വയ്യ. കണിശവും കലാത്മകവുമായ ഗദ്യത്തെ വഴക്കിയെടുക്കുക എന്നത് തന്റെ മുഖ്യമായ കർത്തവ്യം തന്നെ. വള്ളത്തോളിന്റെ വന്നേരിക്കളരി മലയാള ഗദ്യത്തിന് പുതിയൊരു വടിവരുളി എന്നതു പ്രസിദ്ധമാണല്ലോ.

ഗദ്യത്തിന്റെ ഈ ശില്പശാലയിൽ നിന്ന് ശിക്ഷണം നേടുകയും മലയാള ശൈലിയുടെ മർമം നിർധരിക്കുകയും ചെയ്ത മാരാർ അചിരേണ നമ്മുടെ അഗ്രിമനായ നിരൂപകനായി മാറി. അദ്ദേഹത്തിന്റെ ഉപലബ്ധികളെ പേരിനെങ്കിലും ഒന്നു തഴുകാൻ ഇവിടെ ഇടമില്ല. ഒന്നു മാത്രം: നമ്മുടെ നിരൂപണം ഈ കൃതഹസ്തന്റെ പരിചരണത്തിൽ നിശ്ശേഷം സർഗാത്മകമായി മാറി. കവിത, കഥ, നാടകം-ഇങ്ങനെ ഇവിടുത്തെ സർഗാത്മക സാഹിത്യത്തിന്റെ നാനാശാഖകളും പരമാവധി സമ്പന്നമാവുന്ന ഒരു സന്ദർഭത്തിലായിരുന്നു മാരാരുടെ നിരൂപണങ്ങളുടെ പിറവി എന്നത് പ്രത്യേകം സ്മരണീയമാണ്. അവയെ അദ്ദേഹം തീർത്തും വിഗണിച്ചില്ല. എന്നാലും തന്റെ കനപ്പെട്ട സംവാദങ്ങൾക്ക് വിഷയമാക്കിയത് അവയല്ല. പിന്നെയോ, വ്യാസനും വാല്മീകിയും ഭാസനും കാളിദാസനും ഒക്കെത്തന്നെ. ഈ വശം അദ്ദേഹത്തിന്റെ നിരൂപണങ്ങളുടെ സ്വീകാര്യതയ്ക്ക് ഒട്ടും ഊനം വരുത്തിയില്ല. എന്തെന്നാൽ ആ സംവാദങ്ങളിൽ പ്രസരിച്ച നൂതന പ്രകാശം ഉൾക്കൊള്ളുക എന്നത് അത്രയും ഉന്മേഷപ്രദമാണ്. മറ്റേതു സർഗാത്മകകൃതിയേക്കാളും മനഃപ്രസാദത്തോടെ മാരാരുടെ നിരൂപണം സ്വാഗതം ചെയ്യാൻ സന്നദ്ധരായി കുറെ വായനക്കാർ ഉരുത്തിരിഞ്ഞു. വിടവാങ്ങുന്ന നൂറ്റാണ്ടിന്റെ വിളുമ്പിൽനിന്നുകൊണ്ട് നമുക്ക് തിരിഞ്ഞുനോക്കാം: വായിക്കാതിരുന്നാൽ നഷ്ടം എന്ന അർഥത്തിൽ ഇതിനിടെ കൈവന്ന വെറും എട്ടുപത്തു കൃതികൾ എടുക്കുകയാണെങ്കിൽ, 'ഭാരതപര്യടനം' അതിൽ ഉൾപ്പെടില്ലേ? ഇതു സംബന്ധിച്ച് വ്യക്തിപരമായ ഒരനുഭവം അയവിറക്കാൻ ഈ കുറിപ്പിന്റെ നിയുക്തപരിധിയിൽപ്പോലും ഞാൻ പ്രലോഭിതനായിപ്പോകുന്നു. ജ്ഞാനപീഠപുരസ്കാരം ഏർപ്പെടുത്തിയിട്ട് അന്നു കാലം ഏറെയായിട്ടില്ല: അതിനെച്ചൊല്ലി ഉദാസീനത ജനിച്ചുകഴിഞ്ഞിരുന്നില്ല എന്നർഥം. അതിന് മലയാളത്തിൽ നിന്ന് കൃതി നിർദേശിക്കാൻ വിശേഷാൽ നിയുക്തമായ ഒരു മഹാ സാന്നിദ്ധ്യത്തിൽ വെച്ച്, എന്റെ അന്നത്തെ അപക്വമായ ഉത്സാഹം നിമിത്തം, ഞാൻ 'ഭാരതപര്യടനം' എന്ന് ഉച്ചരിച്ചുപോയി. ഈശ്വരാ, അതിന് കേൾക്കായ ശകാരം ഇന്നും മനസ്സിൽ വടുകെട്ടിക്കിടക്കുന്നു! ഇതിനകം എനിക്ക് പക്വത വന്നുവോ, അറിഞ്ഞുകൂടാ. 'ഭാരതപര്യടനത്തെ'ക്കുറിച്ചുള്ള എന്റെ ഉത്സാഹം ഇന്നും അന്യൂനമാണ്. ഏറ്റവും പുതിയ വായനയിലും അതെന്നെ ആകർഷിക്കുന്നു.

പക്വത ഏതായാലും നമ്മുടെ നിരൂപണത്തിന് വന്നു. അതാണല്ലോ മുഖ്യം. ഏകമുഖമായ ഉൽക്കണ്ഠകൾക്കും ഊന്നലുകൾക്കും അതീതമായി അത് സമനില, സന്തുലനം, നേടി എന്നതു വ്യക്തം. മാരാരുടെ നിരൂപണം ഏറെയും സ്വപ്രതീതിനിഷ്ഠമത്രേ. ആ പ്രതീതി ഒരു സുശിക്ഷിത മനസ്സിന്റേതായതിനാൽ അതിനു പ്രമാണം സിദ്ധിച്ചോളും എന്നുമാത്രം. പക്ഷേ, ചരിത്രഗതിയെക്കുറിച്ചുള്ള അന്തർബോധം ആ നിരൂപണത്തിൽ പ്രവർത്തിക്കുന്നതുപോരാ, എന്നാണെങ്കിൽ, ആ പോരായ്മ നികത്തുന്നു അപ്പുറത്തു മുണ്ടശ്ശേരി. സ്വന്തം ആത്മവിശ്വാസത്തെ മലയാള നിരൂപണത്തിന്റെ അധൃഷ്യതയായി പോഷിപ്പിക്കാനാ പ്രൊഫ. മുണ്ടശ്ശേരിക്ക് പ്രയാസമുണ്ടായില്ല. എന്തൊരു അന്തസ്സും തന്റേടവുമാണ് അദ്ദേഹം ഈ സാഹിത്യശാഖയ്ക്ക് സമ്മാനിച്ചത്! അങ്ങനെ, ജനിച്ചത് വൈകിയിട്ടാണ് എന്ന വസ്തുത കണക്കിലെടുക്കേണ്ടതില്ലാത്ത ഒരു മുതിർച്ച മുണ്ടശ്ശേരിയിലൂടെ മലയാള നിരൂപണം കൈവരിച്ചു. സന്തുലനമാണ് തന്റെ മതമെന്ന് 'കാവ്യപീഠിക'യിലൂടെയും മറ്റും സൈദ്ധാന്തികമായിസാക്ഷ്യപ്പെടുത്തിയതിരിക്കട്ടെ, താൻ പ്രായോഗികമായി അവലംബിച്ച സമീപനത്തിന്റെ കാതലും അതുതന്നെയാണല്ലോ. മാരാർ ഒരു വശത്ത് ശാശ്വത മൂല്യത്തെപ്പിടിച്ച് ആണയിടും; താമസമില്ല, മറുവശത്ത് സാഹിത്യത്തിന്റെ കാലിക നിയോഗത്തെപ്പറ്റി മുണ്ടശ്ശേരി ആവിഷ്ടനാവും. ശാകുന്തളത്തിലെ ദുഷ്യന്തനെ കാളിദാസൻ വെള്ളയടിച്ചു കാണിച്ചതായി മുണ്ടശ്ശേരി വിശദീകരിക്കും; മറുപടിയായി മാരാർ ഭാരതത്തിലെ ദുഷ്യന്തന്റെ വ്യക്തിത്വത്തെ വീണ്ടുവിചാരത്തിനെടുക്കും. ഇങ്ങനെ എത്രയെത്ര പ്രശ്നങ്ങൾ! ഈ പ്രമുഖർ ഇരുകോടികളിൽനിന്ന് ഇവ

മാരാർ ഒരു വശത്ത് ശാശ്വത മൂല്യത്തെപ്പിടിച്ച് ആണയിടും; താമസമില്ല, മറുവശത്ത് സാഹിത്യത്തിന്റെ കാലിക നിയോഗത്തെപ്പറ്റി മുണ്ടശ്ശേരി ആവിഷ്ടനാവും. ഇങ്ങനെ എത്രയെത്ര പ്രശ്നങ്ങൾ! ഈ പ്രമുഖർ ഇവയെ പ്രഗല്ഭമായി സമീകരിച്ചതിലൂടെ ഊറിക്കൂടിയതാണ് എന്റെ തലമുറയിലെ സാഹിത്യസംസ്കാരം. ഏകമുഖമായ ഉൽക്കണ്ഠകൾക്കും ഊന്നലുകൾക്കും അതീതമായി അത് സന്തുലനം നേടിയത് ഇക്കാലത്താണ്

(ശേഷം 52-ൽ)

സന്തുലിതമായ സമീപനം

(25-ൽനിന്നു തുടർച്ച)

യെ പ്രഗത്ഭമായി സമീകരിച്ചതിലൂടെ ഊറിക്കൂടിയതാണ് എന്റെ തലമുറയുടെ സാഹിത്യസംസ്കാരം. ഇന്നത്തെ ഒച്ചപ്പാടുകളിലൊന്നും അതിനാൽ ഞങ്ങളാൽച്ചിലർ ഉലയാറില്ല.

പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യ സംസ്കാരങ്ങളുടെ സമന്വയത്തിലൂടെ പതുക്കെ തുടംവെച്ച നമ്മുടെ നിരൂപണത്തിന്റെ സന്തുലനം എന്ന ആശയത്തിന് അധികമധികം ആയം നല്കാം എന്നു തോന്നുന്നു. മുകളിൽ പറഞ്ഞവരൊക്കെ കവിതയുടെ നിരൂപണത്തിലാണ് മിക്കവാറും വ്യാപരിച്ചത്. ഗദ്യത്തിന്റെ പ്രാമാണികത്വം ഒരു നിയോഗം പോലെ ഇടയ്ക്കിടെ ഏറ്റുപറഞ്ഞിരുന്ന മുണ്ടശ്ശേരിക്കും ഇഷ്ടപ്പെട്ട തട്ടകം കവിതതന്നെ. ഈ അവസ്ഥയ്ക്ക് സന്തുലനം വരുത്തി എന്നതത്രേ പോളിന്റെ അസന്ദിഗ്ദ്ധമായ സംഭാവന. അദ്ദേഹം അഭിമുഖീകരിച്ചത് പ്രാഥമികമായും കഥാസാഹിത്യത്തെയാണ്. അതിന്റെ ഉപവിഭാഗങ്ങളായ നോവലിനും ചെറുകഥയ്ക്കും മുപ്പതുകളുടെ ആരംഭത്തിലേ ലക്ഷണഗ്രന്ഥമെഴുതി. ഇവയ്ക്ക്, വിശേഷിച്ചും 'നോവൽ സാഹിത്യ'ത്തിന്, ഇന്നത്തെ നിലയിൽ എന്തെല്ലാം അപര്യാപ്തതകൾ അനുഭവപ്പെട്ടാലും ശരി, അന്ന് ഈ നേട്ടം നിസ്സാരമായിരുന്നില്ല. അതാത് സർഗാത്മകശാഖകളിൽ വേണ്ടത്ര വിഭവങ്ങൾ ഉണ്ടായശേഷം മാത്രം സാഹിത്യനിരൂപണം സ്വന്തം ചുമതല നിർവഹിക്കുക എന്നതാണ് സ്വാഭാവികം. പ്രൊ. പോൾ തന്റെ ലക്ഷണ ഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം ഈ ക്രമം ലംഘിച്ചു. 'സൗന്ദര്യ നിരീക്ഷണം' എന്ന ലഘുകൃതിയുമതെ, സാഹിത്യ നിരൂപണത്തിന് മൗലികമായ ഒരു പീഠികയൊരുക്കുന്നു എന്ന നിലയ്ക്ക്, അന്നത്തെ പശ്ചാത്തലത്തിൽ നിർയാണയകംതന്നെ. 'കാവ്യ പ്രചോദനം' പോലെ ചില പ്രബന്ധങ്ങൾക്കുമുണ്ട് നീണ്ടുനില്ക്കുന്ന പ്രസക്തി.

സന്തുലനത്തിന് വഴിയേ മാനങ്ങൾ വർധിച്ചുവന്നു. നിരൂപണം സൗന്ദര്യബോധത്തിന്റെ ഒരു കേവല വിഹാരമാണ് എന്ന വിശ്വാസത്തോടെ ഡോ. ഭാസ്കരൻ നായർ കാവ്യാനുശീലനത്തെ വിസ്മയത്തിന്റെ ചിറകുകളിൽ ആകാശത്തോളം ഉയർത്തി. കുറ്റിപ്പുഴയാവട്ടെ, നിശിതമായ യുക്തിചിന്തയിലൂടെ അതിനെ ഭൂമിയിലേക്ക് ഇറക്കി. കവിതയുടെ സന്നിധിയിലെ സവിശേഷമായ ഭാവതരളതയോടെ അതിന്റെ ആധാരത്തെച്ചൊല്ലി ഭാസ്കരൻനായർആവിഷ്ടമായ ഗദ്യത്തിലൂടെ വിസ്താരത്തിൽ മുഴുകവെ, മറുവശത്തുനിന്ന് മാരാർ അതിലെ വിരോധം നിർദേശിക്കാനും മുതിർന്നു. ഇടയ്ക്ക് തൃശ്ശൂരിരുന്നുകൊണ്ട് (അന്ന് അവിടെയായിരുന്നു ജോലി)എൻ. വി. കൃഷ്ണവാരിയർ, സഹജമായ കുസൃതിയോടെ സംശയിച്ചു: സത്യം തിരുവനന്തപുരത്തോ കോഴിക്കോട്ടോ അല്ല, അതിനു നടുക്കെവിടേയോ അല്ലേ! സന്ദേഹങ്ങളും അതിശായനങ്ങളുമൊക്കെ ഒഴിവാക്കി ആവുന്നത്ര ഋജുവാവണം നിരൂപകന്റെ പ്രസ്താവങ്ങൾ എന്ന അംശത്തിൽ എൻ. വി. ഉടനീളം നിഷ്കർഷിച്ചു. നിരൂപണം/ വിമർശനം -ഇത്തരത്തിൽ പലപ്പോഴും അർത്ഥനിഷ്ഠ കൂടാതെ പര്യായങ്ങളെപ്പോലെ ആളുകൾ ഉപയോഗിക്കാറുള്ള പദജോടികളെ നിർവചിച്ചു പകുത്തിടാനുള്ള ഉദ്യമവും ഇതിന്റെ ഉദാഹരണമാവാം.

വേറെ പലതും വിസ്തരഭയത്താൽ വിട്ടുകളഞ്ഞാലും എൻ.വി.യെക്കുറിച്ച് ഇത്രയും ഓർക്കുകതന്നെ വേണം: അനേകം അവതാരികകളിലൂടെ നിരൂപണത്തിന്റെ നിയോഗം അദ്ദേഹം നിറവേറ്റി. ഔപചാരികതയുടെ ആഭരണം എന്നതിനതീതമായി, കൃതിയുടെ അന്തർമണ്ഡലത്തിലേക്ക് ഒരനുപ്രവേശം-ഇതാണ് ആ അവതാരികകളുടെ സംസ്കാരം. എൻ. വി. മാത്രമല്ല, ഏറെപ്പേർ ഈ സംസ്കാരത്തിന്റെ അനുയായികളായി.

സന്തുലനത്തിന്റെ ഒരു ദൃഷ്ടാന്തം കൂടി: അതിനകം അരങ്ങുതകർത്ത് ആടിക്കഴിഞ്ഞ, പുരോഗമന പ്രസ്ഥാനത്തിന്റെ തിരുശേഷിപ്പ് എന്ന നിലയ്ക്കും മറ്റും എഴുത്തുകാരന്റെ പ്രതിജ്ഞാബദ്ധതയെക്കുറിച്ച് ഹിതകരമായ ഒരവബോധം നമ്മുടെ നിരൂപണത്തിനു തികഞ്ഞുകിട്ടി. സാഹിത്യത്തിൽ ജീവിതത്തിന്റെ ആവിഷ്കാരംതന്നെ പ്രധാനം; എന്നാൽ ഈ ആവിഷ്കാരത്തിൽ സത്യവും സങ്കല്പവും തമ്മിലുള്ള അനുപാതം എന്തായിരിക്കണം- ഈ അവബോധവും അതോടെ മുതിർന്നുവന്നു.

അങ്ങനെ നമ്മുടെ നിരൂപണം തെളിമയും തിരിച്ചറിവും തേടിയതിന്റെ ചില മിന്നാട്ടങ്ങളിൽ മിഴിനട്ടുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. പല പേരുകളും ഇതിൽ പരാമർശിച്ചിട്ടില്ല. ജീവിച്ചിരിക്കുന്ന നിരൂപകരുടെ കാര്യത്തിൽ അതൊരു നയമായി ഉദ്ദേശിച്ചിരിക്കുന്നു എന്നു പറയാം! എങ്കിലും അവരൊക്കെ ചേർന്ന് ഈ ശാഖയ്ക്ക് വരുത്തിയ സമ്പന്നതയും വ്യാപ്തിയും വൈചിത്ര്യവും ഒന്നും ചെറുതാക്കിക്കാണുക എന്റെ ഉന്നമല്ല.

ഒക്കെയായാലും ഒരു ശങ്ക: പഴയ സന്തുലനത്തിന്റെ പൈതൃകം ഇപ്പോൾ പാലിക്കപ്പെടുന്നുണ്ടോ? ആശയങ്ങളുടെയും സങ്കല്പനങ്ങളുടെയും തലങ്ങും വിലങ്ങുമുള്ള പ്രവാഹം സ്വാഗതാർഹം; പക്ഷേ, താദാത്മ്യം നേടിത്തന്നെയാണോ നിരൂപകർ അവയെ വരവേല്ക്കാറ്? അതോ ഉദ്ധരണികളുടെ മിഥ്യകളിൽ വായനക്കാർ വിഭ്രമിച്ചോളും എന്നാണോ വ്യാമോഹം? ഇടശ്ശേരിയുടെ 'ഒരു ഗന്ധർവൻ പാടുന്നു' എന്ന കവിതയോടു പലവട്ടം സംവദിച്ചിട്ടും ഞാനത് ഉൾക്കൊണ്ടതിന്നു സമഞ്ജസത പോരല്ലോ എന്നു സങ്കടമായി. ഒടുക്കം, ലീലാവതി ടീച്ചർ അതിന്റെ ഇഴ പേർത്തുതന്നതിൽ പിടിച്ചാണ് ഞാൻ ഉപശാന്തി നേടിയത്. ഇത്തരം അനുഭവം വല്ലൊരു വായനക്കാരനും വല്ലൊരു വിഭവത്തെക്കുറിച്ചും നേരിട്ടാൽ-ധാരാളമായി നേരിടുന്നുണ്ടാകും എന്നത്രേ എന്റെ മതിപ്പ്-വിശ്വാസപൂർവം ഇന്നത്തെ നിരൂപണത്തെ ആശ്രയിക്കാൻ ആവതുണ്ടോ? നടേ നിരീക്ഷിച്ചതുപോലെ, സർഗാത്മക സാഹിത്യത്തേക്കാൾ മുൻഗണനയോടെ വായിക്കാവുന്ന മുന്തിയ ഉദ്ഗമം എന്ന നില ഇപ്പോഴും നിരൂപണം സംരക്ഷിക്കുന്നുണ്ടോ? അതോ.കാലുഷ്യങ്ങളും വാഗ്വാദങ്ങളും വഴി വായനക്കാരെ തന്നിൽനിന്ന് അകറ്റുക എന്ന വിപരിണാമമാണോ അതിനു സംഭവിക്കുന്നത്? ആത്മാർഥത ധാർമികലോകത്തു മാത്രമല്ല, സാഹിത്യലോകത്തും അനിവാര്യമാണ് എന്ന് പണ്ടേ എം. പി. പോൾ പ്രസ്താവിച്ചത് ഓർമയിലേക്ക് പുനരാവാഹിക്കുന്നതാവും. എന്തായാലും നമ്മുടെ നിരൂപണത്തിന് ആരോഗ്യകരം. ●

മാതൃഭൂമി
ആഴ്ചപ്പതിപ്പ്

2000 മാർച്ച് 12 - 18
1175 കുംഭം 29
- മീനം 5
1921 ഫാൽഗുനം 22 - 28
പുസ്തകം 78 ലക്കം 3
വില 6 രൂപ

മാനേജിങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
എക്സിക്യൂട്ടീവ് എഡിറ്റർ
വി. രാജഗോപാൽ
അസിസ്റ്റൻറ് എഡിറ്റർ
ടി. ബാലകൃഷ്ണൻ
സബ്ബ് എഡിറ്റർ
എ.പി. മുരളീകൃഷ്ണൻ

ചീഫ് ആർട്ടിസ്റ്റ്
ജെ.ആർ. പ്രസാദ്
സീനിയർ ആർട്ടിസ്റ്റ്
മദനൻ
പ്രദീപ്കുമാർ

മുഖചിത്രം:

രാജ്ഘട്ടിലെ ഗാന്ധിസമാധി

ഉള്ളടക്കം

ലേഖനം

ഈ വിവാദത്തിനു പിന്നിൽ ഗോഡ്സെ ഉണ്ട് 6
ബിനോയ് വിശ്വം

അപവിപ്ലവത്തിൻെറ കൊടിയിറക്കം 9
ഹമീദ് ചേന്നമംഗലൂർ

ഓർമകളിലൂടെ - 2 18
പി.പി. ഉമ്മർകോയ

ചരിത്രരചന:
ഹെറെ ഡെട്ടസ് മുതൽ ഫുക്കോ വരെ 22
കെ. ബാലകൃഷ്ണക്കുറുപ്പ്

കേരളീയതയുടെ സ്ത്രൈണലാവണ്യം 26
എൻ.പി. വിജയകൃഷ്ണൻ

സി.ബി.ഐ. ഡയറിക്കുറിപ്പുകൾ-19 34
കെ. മാധവൻ

നൂറ്റാണ്ടിൻെറ ഇന്ത്യൻ ഹോക്കി ടീം 40
വിംസി

ബുദ്ധ-ഗയ 42
ഇളയിടത്ത് വേണുഗോപാൽ

ഘനവിതാനങ്ങളുടെ കല 52
പ്രൊഫ. തുമ്പമൺ തോമസ്

കവിത

ഒരു കൗമാരസ്മരണ 16
ശ്രീകുമാരൻ തമ്പി

ചൂല് 21
കെ.വി. രാമകൃഷ്ണൻ

ഗ്രീറ്റിങ് കാർഡ് 44
മധു ആലപ്പടമ്പ്

കഥ

ഓൾഡ് ഈസ് ഗോൾഡ് 30
യു.എസ്. രവീന്ദ്രൻ

കടുവക്കാട് 37
സുധീന്ദ്ര സർക്കാർ

പെരുങ്കളിയാട്ടം 45
പ്രഫുല്ലചന്ദ്രൻ മൂടാടി

നോവൽ

ആണ്ടാൾപുരം പോകുംവഴി-10 12
എൻ.എൻ. പിഷാരോടി

തണൽ-10 50
ജി. ബാലചന്ദ്രൻ

പംക്തികൾ

വായനക്കാർ എഴുതുന്നു 4 ശാസ്ത്രം 32 ബാലപംക്തി 56 വളരുന്ന സാഹിത്യം (എൻ.പി.ആർ., ഡോ. എൻ.എം. നമ്പൂതിരി) 61 ദേശീയരേഖ 65 ചിത്രശാല - ഹേ റാം (രാജ് മോഹൻ) 66

ആത്മകഥ



2

ഓർമകളിലൂടെ

പി.പി. ഉമ്മർകോയ

ബാല്യവും വിദ്യാഭ്യാസവും

എന്റെ ജീവിതകഥ എഴുതാൻ, ജനിച്ചുവളർന്ന കൊച്ചുതറവാട്ടിലേക്ക്, അമ്പതു വർഷങ്ങൾക്കുശേഷം തിരിച്ചുവന്നിരിക്കുകയാണ് ഞാൻ. എന്റെ വേരുകൾ ഈ വീട്ടിലും പരിസരത്തും ആഴ്ന്നിറങ്ങിയിരിക്കുന്നു. കോഴിക്കോട് മുസ്ലിം ഭൂരിപക്ഷ പ്രദേശമായ ഫ്രാൻസിസ് റോഡിലെ 'പരപ്പിൽ പുതിയ പുര'-അതാണ് എന്റെ ജന്മഗൃഹം. എന്റെ തറവാടിനെ പ്രദേശത്തുകാർ സാറിന്റവിടെ- സാറിന്റെ വീട്-എന്നാണ് മുൻപ് വിളിച്ചിരുന്നത്. ചുറ്റുപാടുമുള്ള പ്രമാണിമാരുടെ വലിയ വീടുകൾക്കിടയിലെ ഒരു കൊച്ചുവീട്. എന്റെ ഉമ്മയുടെ ഒരു കാരണവർ അധ്യാപകനായിരുന്നു. അബ്ദുൽ ഖാദർ മാസ്റ്റർ. അതുകൊണ്ടായിരിക്കണം സാറിന്റവിടെ എന്ന് വിളിപ്പേരുണ്ടായത്.

എനിക്ക് താങ്ങും തണലുമായിരുന്ന ഉമ്മയും ജ്യേഷ്ഠന്മാരും ജ്യേഷ്ഠത്തിയും മൺമറഞ്ഞു. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ പഠനവും ഇന്റർമീഡിയറ്റ് കോഴ്സും ഇവിടെ താമസിച്ചുകൊണ്ടാണ് ഞാൻ പൂർത്തിയാക്കിയത്. പിന്നീട് ബി.എ. ഓണേഴ്സ് ബിരുദം എടുത്ത് തിരിച്ചുവന്നതും ഇവിടേക്കുതന്നെ. എന്റെ വിവാഹം നടന്നതും മധുവിധുവിനായി വധുവിനെ കൊണ്ടുവന്നതും ഈ തറവാട്ടിലാണ്. പൊതുപ്രവർത്തനരംഗത്തേക്ക് ഞാൻ ഇറങ്ങിയത് ഈവീട്ടിൽ നിന്ന് കാലെടുത്ത് വെച്ചുകൊണ്ടാണ്. മന്ത്രിയായിരുന്ന കാലത്തും ഇവിടെ ഞാൻ പലതവണ വന്നുപോയിട്ടുണ്ട്. മുറിച്ചുമാറ്റാൻ കഴിയാത്ത ഒരു ബന്ധമാണ് എനിക്ക് ഈ വീടിനോടുള്ളത്.

മുക്കാൽ നൂറ്റാണ്ടു മുൻപ് ഞാൻ ഇവിടെ ജനിച്ചുവളർന്നപ്പോൾ ഇത്അവികസിതമായ, നഗരത്തിലെ ഏറ്റവുംപിന്നാക്കാവസ്ഥയിലുള്ള പ്രദേശമായിരുന്നു. വൈദ്യുതിയും ശുദ്ധജലവിതരണവുമില്ല. വേണ്ടത്ര പള്ളിക്കൂടങ്ങൾ ഇല്ല. വാഹനങ്ങളും കുറവ്. ഇന്ന് ഈ പ്രദേശത്ത് ഏറെ പരിഷ്കാരങ്ങൾ വന്നിരിക്കുന്നു. വേണ്ടത്ര സ്കൂളുകൾ, സൗകര്യമുള്ള റോഡുകൾ, പെൺകുട്ടികൾക്കൊരു ഹൈസ്കൂൾ, ധാരാളം ബസ്സുകൾ, എല്ലാഗൃഹങ്ങളിലും വൈദ്യുതി, റോഡുകളിൽ ഓട്ടോറിക്ഷകളും മോട്ടോർസൈക്കിളുകളും തലങ്ങും വിലങ്ങും. ഇന്നിത് ജനത്തിരക്കുള്ള പ്രദേശമാണ്. അന്തരീക്ഷം ശബ്ദമുഖരിതമാണ്. എന്റെ വീട്ടിലും ആധുനിക സൗകര്യങ്ങളുണ്ട്. അമ്പതുകൊല്ലം മുൻപ് ഞാനിവിടെ താമസിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന മുതിർന്ന തലമുറക്കാർ ആരും ഇന്നില്ല. അവരെല്ലാം കാലഗതിപ്രാപിച്ചു. ഞാൻ അവർക്കായി പ്രാർഥിക്കുന്നു.

'റബ്ബേ എന്നെ വളർത്തുന്നതിലും ഞാനാക്കുന്നതിലും നിർണായക പങ്ക് വഹിച്ച ഉമ്മയ്ക്കും ജ്യേഷ്ഠന്മാർക്കും സഹോദരിക്കും പരലോകമോക്ഷം നൽകണമേ.' ഇപ്പോൾ ഇവിടെയുള്ളത് എന്റെ മൂത്തമരുമകൾ കദീശബിയും അവരുടെ രണ്ടു മക്കൾ ആമിനബിയും ആയിശബിയുമാണ്-മരുമകളുടെ പുത്രന്മാർ ഇവിടെയല്ല താമസം. ആമിനബിയുടെ ഭർ

പി.പി. ഉമ്മർകോയ ജനിച്ച വീടിനു മുന്നിൽ

ത്താവ് ഇവിടെയുണ്ട്. അബൂബക്കർ കോയ. ആയിശബിയുടെ ഭർത്താവ് അബ്ദുൽഅസീസ് ബാംഗ്ലൂരിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. അവർക്ക് രണ്ടാൺമക്കളാണ്. ആസിഫും സഫറും. ഇവരെല്ലാം എന്നെ സ്നേഹാദരവുകളോടെ പരിചരിക്കുന്നു. ഈ കുടുംബത്തിന്റെ സ്നേഹനിർഭരമായ ആതിഥ്യത്തിന് ഞാനവരോട് കടപ്പെട്ടിരിക്കുന്നു. അവർക്ക് നല്ലാൻ എന്റെ പക്കൽ സ്നേഹം മാത്രം.

എന്റെ ഹൃദയം ഒരേ സമയം സന്തോഷിക്കുകയും ദുഃഖിക്കുയും ചെയ്യുന്നു. പലരുടെയും വിരഹവും പലതിന്റെയും അഭാവവും പുതിയ പരിഷ്കാരവും എനിക്ക് അനുഭവപ്പെടുന്നു. എന്റെ കുടുംബബന്ധങ്ങൾ ഇപ്പോഴും ശിഥിലമായിട്ടില്ലെന്ന കാര്യത്തിൽ ഞാൻ ആശ്വസിക്കുന്നു. അന്യോന്യം സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ആളുകൾ ഇന്നുമുണ്ടെന്നത് ഒര ഭാഗ്യമായി ഞാൻ കാണുന്നു.

പി.പി. ഉമ്മർകോയയും അനന്തിരവളും

ഫോട്ടോ: ആർ.ജെ. വിഷ്ണു

എന്റെ ജനനത്തിയ്യതി കൃത്യമായി ആർക്കുമറിയില്ല. എന്റെ പ്രദേശത്തെ പല രക്ഷിതാക്കളും കുട്ടികളുടെ ജനനത്തിയ്യതി കുറിച്ച്‌വെക്കാറില്ല. സ്കൂളിൽ ചേർക്കുമ്പോൾ സ്കൂൾ അധികൃതർ കൊടുക്കുന്ന ജനനത്തിയ്യതിയാണ് കുട്ടികൾക്കുള്ളത്. അവർ ജൂലായ് ഒന്നിനോ ജനവരി ഒന്നിനോ ജനിച്ചതായിട്ടായിരിക്കും രേഖ. അങ്ങനെ ഏതാണ്ട് എല്ലാകുട്ടികളും സമവയസ്കരായി കണക്കാക്കപ്പെടുന്നു. കച്ചവടക്കാരനായ ബാപ്പ മമ്മു അദ്ദേഹത്തിന്റെ കണക്കുപുസ്തകത്തിലെവിടെയോ എന്റെ ജനനത്തിയ്യതി കുറിച്ചുവെച്ചിട്ടുണ്ടാകും. അദ്ദേഹം നേരത്തേമരിച്ചതിനാൽ റിക്കാർഡുകളെല്ലാം നഷ്ടപ്പെട്ടു. അതുകൊണ്ട് ഞാനും ജനനത്തിയ്യതിയില്ലാത്തവനായി .ഒരു ബാപ്പയുടെ ലാളനയും പരിചരണവും എനിക്ക് ലഭിച്ചിട്ടില്ല.

ഞാനാദ്യമായി സ്കൂളിൽ പോയ ദിവസം ഓർമിക്കുകയാണ്. രാവിലെ സ്കൂളിൽ നിന്നെത്തിയ അധ്യാപകനാണ് വിദ്യാലയത്തിൽ ചേർക്കാൻ എന്നെ കൊണ്ടുപോയത്. ഞാൻ പഠിച്ച മദ്രസത്തുൽ മുഹമ്മദിയ്യ 1918 ലാണ് സ്ഥാപിതമായത്. എട്ടാം തരം വരെയുള്ള ഒരു മിഡിൽ സ്കൂൾ. അതിന്റെ സ്ഥാപകന്മാർ കാമാക്കന്റകത്ത് കുഞ്ഞഹമ്മദ്കോയ ഹാജിയും കൊയപ്പത്തൊടി മുഹമ്മദ് കുട്ടിഹാജിയും വിലയകത്ത് ഹാജി ആലിബറാമിയുമായിരുന്നു. വിദ്യാഭ്യാസ പരമായിപിന്നാക്കം നിന്നിരുന്ന ഒരു പ്രദേശത്തെ കുട്ടികൾക്ക് ഇങ്ങനെ ഒരു സ്ഥാപനത്തിലൂടെ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കിയ ഈ മഹാത്മാക്കൾ സമൂഹത്തിന് വിലപ്പെട്ട സേവനങ്ങളാണർപ്പിച്ചത്.

നിരക്ഷരരായിരുന്നുവെങ്കിലും, ഉമ്മയും സഹോദരി ആമിനബിയും എന്നെ സ്നേഹപൂർവം വളർത്തുകയും എന്റെ വിദ്യാഭ്യാസത്തിൽ പരമാവധി ശ്രദ്ധിക്കുകയും ചെയ്തു. ഉമ്മ അസാധാരണ സ്വഭാവസവിശേഷതകളുള്ള ഒരു സ്ത്രീയായിരുന്നു. കാര്യക്ഷമതയായിരന്നു അവരുടെ സ്വഭാവത്തിന്റെ മുഖമുദ്ര. വീട്ടുകാര്യങ്ങൾ നിയന്ത്രിക്കാനും വേണ്ടവിധത്തിൽ നടത്താനുമുള്ള സാമർഥ്യം അവർക്കുണ്ടായിരുന്നു. കുടുംബാംഗങ്ങളുമായും അയൽപക്കക്കാരുമായും അവർ നല്ലബന്ധം പുലർത്തി. അവർക്കെല്ലാം പ്രിയങ്കരിയായിരുന്നു ഉമ്മാച്ചബിയെന്ന എന്റെ ഉമ്മ. കല്ല്യാണങ്ങൾക്കും സൽക്കാരങ്ങൾക്കും ഒത്താശചെയ്യാനും അടുക്കളപ്പണിവരെ ചെയ്ത് സഹായിക്കാനും അവർക്ക് താൽപ്പര്യമായിരുന്നു. ഉമ്മയുടെ മേൽനോട്ടത്തിൽ എന്റെ സ്കൂൾ ജീവതം സുഖമായി മുന്നോട്ട് നീങ്ങി. പഠിത്തത്തിൽ അത്യധികം താൽപ്പര്യമുണ്ടായിരുന്നതിനാൽ എനിക്ക് അധ്യാപകരുടെ ശ്രദ്ധപിടിച്ചുപറ്റാനും പരീക്ഷകളിൽ ഉയർന്ന മാർക്ക്‌നേടാനും സാധിച്ചു. രക്ഷാകർത്താവായ ജ്യേഷ്ഠൻ കോയട്ടിയാണ് എന്റെ വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിച്ചത്. പുരോഗമനാശയക്കാരനായ അദ്ദേഹം പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകണമെന്ന പക്ഷക്കാരനായിന്നു. അതുകൊണ്ട് പുളിക്കൽ സ്വദേശിയായ മുത്തുബി എന്റെ വീട്ടിനടുത്ത് പെൺകുട്ടികൾക്കായി ഒരു പള്ളിക്കൂടം തുടങ്ങിയപ്പോൾ പലരും പെൺകുട്ടികളെ സ്കൂളിലേക്കയയ്ക്കാൻ മടിച്ചിരുന്നുവെങ്കിലും ജ്യേഷ്ഠൻ കോയട്ടി തന്റെ മരുമക്കളായ കച്ചബിയേയും, ഇമ്പിച്ചി പാത്തുമാബിയേയും പള്ളിക്കൂടത്തിൽ ചേർത്തു. സമൂഹത്തിൽ ചലനം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു പെൺകുട്ടികൾക്കുള്ള സ്കൂൾ.

സമൂഹത്തിൽ യാഥാസ്ഥിതിക വിഭാഗത്തിന്റെ സ്വാധീനം ശക്തമായി നിലനിന്ന കാലമായിരുന്നു അത്. യാഥാസ്ഥിതികൻമാർ പുരോഗമനാശയക്കാരായ മതപണ്ഡിതൻമാരെപ്പോലും വെറുതെ വിട്ടില്ല. എന്റെ വിദ്യാലയത്തിൽ നടന്ന ഒരു സംഭവം ഞാനിന്നും ഓർമിക്കുന്നു: അറബി പണ്ഡിതൻമാരായിരുന്ന

> യാഥാസ്ഥിതികന്മാർ പുരോഗമനാശയക്കാരായ മതപണ്ഡിതന്മാരെപ്പോലും വെറുതെ വിട്ടില്ല. അറബി പണ്ഡിതന്മാരായിരുന്ന മൂസമൗലവിയും അബ്ദുറഹിമാൻ മൗലവിയും ഉബൈദുള്ള മൗലവിയും ഞാൻ പഠിച്ചിരുന്ന എം.എം. സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടു. അവർ പുരോഗമനാശയങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നുവെന്നായിരുന്നു ആരോപണം.

മൂസമൗലവിയും അബ്ദുറഹിമാൻ മൗലവിയും ഉബൈദുള്ള മൗലവിയും എം.എം സ്കൂളിലെ സർവീസിൽ നിന്നും പുറത്താക്കപ്പെട്ടു.

അവർ പുരോഗമനാശയങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നുവെന്നായിരുന്നു ആരോപണം. (പ്രശ്നത്തിന്റെ ഗൗരവം ഞാൻ മനസ്സിലാക്കിയത് വളരെ വർഷങ്ങൾക്കുശേഷമാണ്) അന്നൊരുദിവസം ഞാൻ സ്കൂളിലെത്തിയപ്പോൾ ഗേറ്റിനടുത്തുള്ള മുതിർന്ന ക്ലാസിലെ വിദ്യാർഥികൾ എന്നെ തടഞ്ഞുകൊണ്ട് പറഞ്ഞു: ''ഇന്ന് സ്കൂളിൽ പോകണ്ടാ.'' അവർ പഠിപ്പ്മുടക്കിയിരിക്കയാണ്. ഉസ്താദുമാരെ പുറത്താക്കിയതിലുള്ള അവരുടെ സങ്കടം കാണിക്കാൻ. ഞാൻ വീട്ടിലേക്ക് തിരിച്ചുപോന്നു.

പ്രാഥമികപള്ളിക്കൂടത്തിൽ എന്നെ പഠിപ്പിച്ച അധ്യാപകരുടെ ഓർമകൾ എന്റെ മനസ്സിൽ ഓളം വെട്ടുകയാണ്. ഒരിക്കൽ ഒരു സഹപാഠി കൊണ്ടുവന്ന 'തക്കി' പിടിച്ചുപറ്റാനുള്ള ശ്രമത്തിൽ എന്റെ കൈവിരൽ മുറിഞ്ഞ് രക്തമൊലിക്കാൻ തുടങ്ങിയപ്പോൾ എനിക്ക് ഫസ്റ്റ്എയ്ഡ് നല്കിയത് കേളൻമാസ്റ്ററായിരുന്നു. പഞ്ചസാര പൊടിച്ച് മുറിവിൽ കെട്ടിയാണ് അദ്ദേഹം ചികിത്സിച്ചത്. സ്കൂളിലെ ഹാളിൽ വെച്ച് ഉച്ചയ്ക്കും വൈകുന്നേരവും കുട്ടികൾ നമസ്കാരം നടത്തുമ്പോൾ അവർ അച്ചടക്കം പാലിക്കുന്നുണ്ടോഎന്ന് നോക്കാനുള്ള ചുമതല കേളൻ മാസ്റ്റർക്കായിരുന്നു.

പ്രൈമറി ഹെഡ്മാസ്റ്ററായിരുന്ന ഇബ്രാഹിം മാസ്റ്റർ കോട്ടുധരിച്ച്, തലയിൽ ചുവന്ന തൊപ്പിയും വെച്ചാണ് സ്കൂളിൽ വരാറുള്ളത്. അദ്ദേഹത്തിന്റെ ഗൗരവഭാവം ആരിലും ഭയം ജനിപ്പിക്കുന്നതായിരുന്നു. ആ ചുവന്ന തൊപ്പി ദൂരെ കാണുമ്പോൾത്തന്നെ കുട്ടികൾ കളി മതിയാക്കി ക്ലാസിൽ കയറിയിരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ചൂരലിന്റെ രുചി അറിയാത്തവരില്ല.

കുട്ടികൾക്ക് പ്രിയങ്കരനായിരുന്നു ഡ്രിൽമാസ്റ്റർ ഗോവിന്ദമേനോക്കി. അദ്ദേഹം കുട്ടികളെ കളികളിൽ തത്പരരാക്കിയത് വിശേഷ രീതിയിലായിരുന്നു. ഖദർധാരിയായ ചിണ്ടൻ മാസ്റ്റർ കുട്ടികളിൽ വായനശീലം വളർത്താൻ ശ്രമിച്ചിരുന്നു. ഞാൻ പ്രാഥമിക ക്ലാസിൽപഠിച്ചിരുന്നപ്പോൾ, ഉയർന്ന ക്ലാസിലെ കുട്ടികളെപഠിപ്പിച്ചിരുന്ന, എല്ലാവർക്കും പ്രിയങ്കരനായ ഒരധ്യാപകനെ ദൂരെ നിന്ന് കാണാറുണ്ടായിരുന്നു. എ.കെ. ഗോപാലൻ നമ്പ്യാർ. പിന്നീട് 'എ.കെ.ജി.' എന്ന പേരിൽ അറിയപ്പെട്ട നേതാവ്.

ഞാൻ മിഡിൽ സ്കൂളിൽ എത്തിയപ്പോൾ ഹെഡ്മാസ്റ്റർ മുഹമ്മദലിയായിരുന്നു. പാന്റും കോട്ടും ധരിച്ചാണ് അദ്ദേഹം സ്കൂളിൽ വന്നിരുന്നത്. അദ്ദേഹത്തിൽ നിന്ന് എനിക്ക് ദുഃഖകരമായ ഒരനുഭവം ഉണ്ടായി: സ്വാതന്ത്ര്യ സമരത്തിലെ മുന്നണിപ്പോരാളിയും മുസ്ലിം സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മൗലാന മുഹമ്മദലിയുടെ ചരമം ജനങ്ങളെ ദുഃഖത്തിലാഴ്ത്തി. അന്ന് സ്കൂളിനവധിയായിരുന്നു. വൈകുന്നേരം എന്റെ പ്രദേശത്തുനിന്ന് ഒരുജാഥ കടപ്പുറത്തേക്ക് നീങ്ങി. ഞാനും സഹപാഠികളും ആ ജാഥയിൽ പങ്കെടുത്തു. ഞങ്ങൾ ആദ്യമായി പങ്കെടുത്ത ജാഥ. കടപ്പുറത്ത് വലിയ ജനക്കൂട്ടം. അനുശോചന യോഗത്തിൽ പലനേതാക്കളും സംസാരിച്ചു, മൗലാനാ സാഹിബിന്റെ സേവനങ്ങളും കഴിവുകളും പ്രകീർത്തിച്ചുകൊണ്ട്. ആ അനുശോചന യോഗം എനിക്കും കൂട്ടുകാർക്കും പുതിയ ഒരു അനുഭവമായിരുന്നു. അവിടെ പറഞ്ഞ കാര്യങ്ങൾ കേട്ട് ഞങ്ങൾ അമ്പരന്നു. ഇങ്ങനെയുള്ള മഹാന്മാരെകുറിച്ച് ഞങ്ങളൊന്നും കേട്ടിരുന്നില്ല. ഇതൊരു പുതിയ വഴിത്തിരിവായിരുന്നു. യോഗം കഴിഞ്ഞ് മടങ്ങിയതിന്ശേഷം മൗലാനയുടെ നാമത്തിൽ ഒരു സംഘമുണ്ടാക്കാൻ ഞങ്ങൾ കുറച്ച്കൂട്ടുകാർ തീരുമാനിച്ചു. മുഹമ്മദലി സ്മാരക ബാലസമാജം ഉണ്ടാക്കി. ഇത് മഹാന്മാരെ കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാനുള്ള വേദിയാകണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. ഞാനതിന്റെ മുഖ്യ സംഘാടകനായി. അടുത്ത ദിവസം യോഗം വിളിച്ചുകൂട്ടുന്ന നോട്ടീസ് ഞാനെഴുതി, കൂട്ടുകാരെ കാണിക്കാൻ പോയി. ഇടവേളയിൽ നോട്ടീസ് കുട്ടികളെ കാണിക്കുമ്പോൾ, പെട്ടന്ന് വരാന്തയിലൂടെ നടന്നുപോയ ഹെഡ്മാസ്റ്റർ മുഹമ്മദലിക്ക് എന്തോ സംശയം തോന്നി. നോട്ടീസ് വാങ്ങി, കൂടെ ചെല്ലാൻ ആവശ്യപ്പെട്ടു. ആപ്പീസ് മുറിയിൽ വെച്ച് അദ്ദേഹം നോട്ടീസ് വാങ്ങി വലിച്ചുകീറി. 'ഇതൊന്നും സ്കൂളിൽ കൊണ്ടുവരാൻപാടില്ല' എന്ന നിരോധനാജ്ഞയും നല്കി. എന്നെയും കൂട്ടുകാരെയും കഠിനമായി മർദ്ദിച്ചു. എന്റെ പള്ളിക്കൂട ജീവിതത്തിലെ ആദ്യ മർദ്ദനമായിരുന്നു അത്.

ബാലസമാജം പ്രവർത്തനം അതോടെ നിലച്ചതിൽ വിഷമം തോന്നിയെങ്കിലും ഞാൻ നിരാശനായില്ല. ദേശീയ പ്രസ്ഥാനത്തെക്കുറിച്ചും മഹാന്മാരെക്കുറിച്ചും കൂടുതൽ പഠിക്കാൻ ഞാൻ ഉറച്ചു. അന്നുമുതൽ ഞാനൊരു വായനക്കാരനായി. എന്റെ ജ്യേഷ്ഠൻ മൊയ്തീൻ കോയയുടെ നേതൃത്വത്തിൽ എന്റെ വീടിന്റെ അടുത്തുതന്നെ ഒരു ലൈബ്രറിയുണ്ടായിരുന്നു. അവിടെനിന്ന് എടുത്ത അനവധി പുസ്തകങ്ങൾ വായിച്ചു. തങ്ങൾസ് റോഡിൽ ഉണ്ടായിരുന്ന മറ്റൊരു ലൈബ്രറിയും ഞാൻ പരമാവധി ഉപയോഗപ്പെടുത്തി. വീട്ടിൽ വിദ്യുച്ഛക്തിയില്ലാതിരുന്നതുകൊണ്ട് മണ്ണെണ്ണവിളക്കായിരുന്നു ഏക ആശ്രയം. ചിമ്മിണിയില്ലാത്ത തിരിവിളക്ക്. വീട്ടിലാരും എന്റെ വായനയെ തടസ്സപ്പെടുത്തിയില്ല. രാത്രി വിളക്കിലെ മണ്ണെണ്ണ തീരുന്നതുവരെ ഞാൻ വായിക്കുമായിരുന്നു. നോവലുകളും ചെറുകഥകളും ചരിത്രപുസ്തകങ്ങളും വായിക്കാൻ ഞാൻ സമയം കണ്ടെത്തി. പ്രാഥമിക ക്ലാസിൽ പഠിച്ചിരുന്നപ്പോൾത്തന്നെ എന്റെ ഉമ്മ എന്നെ വായിക്കാൻ പ്രേരിപ്പിച്ചു. സന്ധ്യകഴിഞ്ഞാൽ ഞാൻ ഇരുന്ന് പഠിക്കണമെന്ന് അവർക്കു നിർബന്ധമായിരുന്നു. ഞാൻ പഠിക്കുമ്പോൾ ഉമ്മ എന്റെ അടുത്തുവന്നിരിക്കും, വായന ശ്രദ്ധിക്കാൻ. എന്നാൽ, പരന്നവായന എന്റെ പഠനത്തിന് തടസ്സമായില്ല. പഠന വിഷയങ്ങൾ കൂടുതൽ ശ്രദ്ധയോടെ പഠിച്ചു. അങ്ങനെ ഓരോക്ലാസിലും ഉയർന്ന മാർക്കോടെ ജയിക്കാൻ കഴിഞ്ഞു. സാധാരണ വിദ്യാർഥിയെക്കാളുമധികം ലോകപരിചയം നേടാൻ എനിക്കു സാധിച്ചു. പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളുമായി പരിചയപ്പെടാൻ സാധിച്ചത് എനിക്കനുഗ്രഹമായി. മിഡിൽ സ്കൂൾ വിദ്യാഭ്യാസം ഉന്നത നിലവാരത്തിൽത്തന്നെ ഞാൻ പൂർത്തിയാക്കി.

കൂടുതൽ വായിക്കാനും സാഹിത്യസമാജം പരിപാടികളിൽ സോത്സാഹം പങ്കെടുക്കാനും ഒരു പ്രഭാഷകനാകാനും പ്രോത്സാഹനം നൽകിയത് അധ്യാപകരായിരുന്നു. പ്രഭാഷകനെന്ന നിലയ്ക്ക് പരിചയം നേടാൻ എന്നെ സഹായിച്ചത് സാഹിത്യസമാജങ്ങളാണ്. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് നാടകത്തിൽ അഭിനയിക്കാനുള്ള അവസരവും എനിക്കുകിട്ടി. ഒരു മുസ്ലിം പ്രമാണിയുടെ വേഷമായിരുന്നു എന്റേത്. എന്റെ രണ്ട് പുത്രന്മാരായി അഭിനയിച്ചത് ജന്മനാ കലാകാരനായ വി.എൻ.എം ആലിക്കോയയും മുസ്ലിംകളുടെയിടയിൽ ആദ്യമായി എഞ്ചിനീയറിംഗ് ബിരുദമെടുത്ത കെ.പി. അഹമ്മദ്കോയയുമായിരുന്നു.

ഞാൻ കൊച്ചുകുട്ടിയായിരുന്നപ്പോൾ മറ്റൊരുസൗഭാഗ്യവും എനിക്കുണ്ടായി. എന്റെ വീടിന്റെ തൊട്ടടുത്ത് ഒരു ശിശുസംരക്ഷണ കേന്ദ്രം നിലവിൽ വന്നു. ക്രിസ്ത്യൻ പുരോഹിതൻമാരായിരുന്നു അതിന്റെ സംഘാടകർ. അവരുടെ നേതാവ് റവറന്റ് ഫാദർ ഗോൾഡ്മാനായിരുന്നു. ഒരു വിദേശ മിഷണറി. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി അവർ സ്തുത്യർഹമായ സേവനം നൽകി. ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് വൈദ്യപരിശോധന ഏർപ്പെടുത്തി. സൗജന്യമായ മരുന്നു വിതരണവും. ദിവസവും പാലും മീനെണ്ണയും നല്കി. ഞാൻ ഈ സൗകര്യം പൂർണമായും ഉപയോഗപ്പെടുത്തി. അങ്ങനെ എന്റെ ആരോഗ്യം മെച്ചപ്പെട്ടു.

(തുടരും)

ആത്മകഥ



3

ഓർമകളിലൂടെ

പി.പി. ഉമ്മർകോയ

മാറ്റത്തിന്റെ തുടക്കം

മദ്രസത്തുൽ മുഹമ്മദീയയിൽ നിന്ന് എട്ടാം തരം പാസ്സായ കുട്ടികൾ ഹൈസ്കൂളിലേക്ക് പ്രവേശനം കിട്ടാൻ പാടുപെടണം. എന്നാൽ എനിക്കും എൻെറ കുറച്ചു സതീർഥ്യർക്കും സാമൂതിരി ഹൈസ്കൂളിൽ പ്രവേശനം കിട്ടി. അവിടെ വെച്ച് വലിയ ഒരു ഭാഗ്യം കൂടി എനിക്ക് ലഭിച്ചു.

ഒരു ദിവസം പ്യൂൺ ക്ലാസ്സിൽ വന്ന് ഹെഡ്മാസ്റ്റർ വെങ്കട്ടരാമയ്യർ എന്നെ കാണണമെന്നറിയിച്ചപ്പോൾ ഒരു ഞെട്ടലാണ് എന്നിലുണ്ടായത്. ഞാനെന്തെങ്കിലും തെറ്റുചെയ്തോ? എന്നെ ശിക്ഷിക്കാനാണോ? സ്കൂളിൽ നിന്നു പുറത്താക്കുമോ? ഭയാശങ്കകളോടെ ആണ് ഞാൻ ഹെഡ്മാസ്റ്ററുടെ ഓഫീസിലേക്ക് ചെന്നത്. ''സർ, ഉമ്മർകോയ വന്നിരിക്കുന്നു'' എന്ന് പറഞ്ഞപ്പോൾ, അദ്ദേഹം പ്രസന്ന ഭാവത്തോടെ എന്നെ അറിയിച്ചത് സന്തോഷകരമായ വർത്തമാനമായിരുന്നു. ഞാൻ പഠിച്ച മിഡിൽ സ്കൂളിലെ പഴയ റിക്കാർഡുകൾ കണക്കിലെടുത്ത് അദ്ദേഹം എനിക്ക് ഗവൺമെൻറ് സ്കോളർഷിപ്പ് ശുപാർശ ചെയ്തിരുന്നു. അക്കാലത്ത് ഗവൺമെൻറ് സ്കോളർഷിപ്പ് നേടുകയെന്നത് വലിയ സംഭവമായിരുന്നു. അഭിമാനിക്കത്തക്ക നേട്ടം. സാമ്പത്തിക ഞെരുക്കങ്ങളോടെ വിദ്യാഭ്യാസം നടത്തിയിരുന്ന എനിക്ക് അതൊരു ആശ്വാസമായി. തളിയിലെ സ്കൂളിൽ ചേർന്ന മുതൽ ഉച്ചയൂണ് വലിയ പ്രശ്നമായിരുന്നു. വീട്ടിൽ എത്തി ഉണ്ണു കഴിച്ച് പോകാൻ പറ്റില്ല. പാളയത്തെ ഒരു ഹോട്ടലിൽ ചെന്ന് ഭക്ഷണം കഴിക്കണം. ഒരൂണിന് വില ഏറ്റവും ചുരുങ്ങിയത് ഒരണ (ഇന്നത്തെ ആറു പൈസ). രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ ഉമ്മ എനിക്ക് ഒരണ തരും. ചില ദിവസങ്ങളിൽ ഒരണ തികച്ചും കിട്ടില്ല. രണ്ട് മുക്കാലോ (അരയണ) മൂന്ന് മുക്കാലോ കിട്ടും. അതുകൊണ്ട് എന്തെങ്കിലും പലഹാരം വാങ്ങിക്കഴിക്കും. അങ്ങനെ ഉച്ചയൂണ് കഴിക്കാത്ത ദിവസങ്ങളും ഉണ്ടായിരുന്നു. സാമൂതിരിയിൽ പഠിച്ചിരുന്ന പി.പി. മമ്മു, പി.പി.കോയസ്സൻ എന്നീ വിദ്യാർഥികൾക്ക് അവരുടെ വീട്ടിൽ നിന്ന് ആഹാരം കൊടുത്തയച്ചിരുന്നു. പാളയത്തെ അൽ അമീൻ ലോഡ്ജിൽ വെച്ചാണ് അവർ ഊണ് കഴിച്ചിരുന്നത്. ഞാൻ ഹോട്ടലിൽ നിന്ന് ഊണ് കഴിച്ച് അവരുടെ കൂടെ ലോഡ്ജിൽ പോകും. പ്രസിദ്ധനും സ്വാതന്ത്ര്യ സമര നേതാവുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്



അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ആർഭാടങ്ങളും നടമാടിയ പരിതഃസ്ഥിതിയിലാണ് ഞാൻ വളർന്നത്. ആഭരണങ്ങളുടെ തൂക്കം നോക്കി മാന്യത കണക്കാക്കിയിരുന്ന കാലം. പഴമയോടുള്ള ഭ്രമംകൊണ്ട് പുതിയ പരിഷ്കാരങ്ങളെക്കുറിച്ചും ജീവിതസമ്പ്രദായത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതിനെക്കുറിച്ചും ഭൂരിപക്ഷം പേരും ചിന്തിച്ചില്ല.

നടത്തിയിരുന്ന പത്രമായിരുന്നു 'അൽ അമീൻ' ; സാഹിബിൻെറ സഹപ്രവർത്തകനായിരുന്നു പ്രഗല്ഭനായ ഇ. മൊയ്തു മൗലവി സാഹിബ്. അവർ താമസിച്ചിരുന്നത് പ്രസ്സിൻെറ അടുത്തു തന്നെയുള്ള വീട്ടിലാണ്. 'അൽ അമീൻ' എന്നറിയപ്പെട്ട വീട്. അങ്ങനെയാണ് അബ്ദുറഹിമാൻ സാഹിബിനെയും മൊയ്തു മൗലവി സാഹിബിനെയും ഞാൻ ആദ്യം കണ്ടത്. വർഷങ്ങൾക്കു ശേഷം അബ്ദുറഹിമാൻ സാഹിബിൻെറ ആദർശങ്ങൾ പിൻപറ്റാനും മൊയ്തു മൗലവിയുടെ സഹപ്രവർത്തകനാകാനും എനിക്ക് ഭാഗ്യമുണ്ടായി.

ഹൈസ്കൂളിൽ ചരിത്രാധ്യാപകനായിരുന്ന ഗോപാലൻ നായർ മാസ്റ്റർ എൻെറ ഗുണകാംക്ഷിയും മാർഗദർശിയുമായിരുന്നു. ഇൻറർ മീഡിയറ്റ് ക്ലാസ്സിൽ ചരിത്രം ഐച്ഛിക വിഷയമായെടുത്ത് ഒരു ബിരുദമെടുക്കണമെന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു. എന്ത് ബിരുദമെടുക്കണമെന്നും ഐച്ഛിക വിഷയം എന്തായിരിക്കണമെന്നും ഒരു ധാരണ എനിക്കുണ്ടായിരുന്നില്ല. അതിന് എന്നെ സഹായിച്ചത് ഗോപാലൻ നായർ മാസ്റ്ററാണ്.


അബ്ദുറഹിമാൻ സാഹിബ്

ഓയിൽ പെയിൻറിങ്ങ്: ആർ.കെ. പൊറ്റശ്ശേരി

അക്കാലത്തെ പ്രശസ്തമായ സ്ഥാപനമായിരുന്നു സാമൂതിരി കോളേജ്. മികവുറ്റ അധ്യാപകർ. പ്രിൻസിപ്പാൾ രവിവർമ രാജാ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ എം.എ. ബിരുദധാരി. ഓക്സ്ഫോർഡ് ഗൗൺ ധരിച്ചാണ് അദ്ദേഹം ക്ലാസ്സിൽ വന്നിരുന്നത്. അദ്ദേഹത്തിനു മുൻപ് എ.വി. കുട്ടികൃഷ്ണമേനോനായിരുന്നു പ്രിൻസിപ്പാൾ. ഖദർ വസ്ത്രധാരി. മുണ്ടും കോട്ടുമാണ് വേഷം. മഹാകവി രവീന്ദ്രനാഥ ടാഗോറിൻെറ 'ശാന്തിനികേതന'ത്തിൽ നിന്നാണ് അദ്ദേഹം ബിരുദമെടുത്തിരുന്നത്. പ്രിൻസിപ്പാൾ രവിവർമ എനിക്കൊരു സഹായം നല്കി; മാനേജ്മെൻറ് സ്കോളർഷിപ്പ്.

മദിരാശി ക്രിസ്ത്യൻ കോളേജിൽ ബി.എ. ഓണേഴ്സ് കോഴ്സിനു ചേരാനും ഐച്ഛിക വിഷയമായി സാമ്പത്തിക ശാസ്ത്രമെടുക്കാനും എന്നെ പ്രേരിപ്പിച്ചത് ഹൈസ്കൂളിലെ ഗോപാലൻ നായർ മാസ്റ്ററായിരുന്നു. ഈ സഹായത്തിന് ഞാൻ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. കോഴിക്കോട് നഗരത്തിലെ മുസ്ലിങ്ങളിൽ നിന്ന് ആദ്യമായി പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദമെടുക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. എൻെറ സതീർഥ്യരായിരുന്ന കെ.വി. അഹമ്മദ് കോയയും എം.കെ. മുഹമ്മദ് കോയയുമാണ് കോഴിക്കോട്ടെ മുസ്ലിങ്ങളിൻ നിന്ന് ഒന്നാമതായി എൻജിനീയറിങ്ങ് ബിരുദമെടുത്തതും മെഡിക്കൽ ബിരുദമെടുത്തതും. അങ്ങനെ ഒരേ കൊല്ലം മദ്രസ്സത്തുൽ മുഹമ്മദിയ്യായിലെ പൂർവ വിദ്യാർഥികളായ ഞങ്ങൾ മൂന്ന് പേരും കോളേജ് വിദ്യാഭ്യാസത്തിന് മദിരാശിയിൽ പോയി.


പട്ടാഭി സീതാ രാമയ്യ

സാമൂതിരി കോളേജിലെ ജൂനിയർ ഇൻറർ മീഡിയറ്റിന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഇൻറർ മീഡിയറ്റ് ക്ലാസ് പാർലമെൻറിൻെറ സ്പീക്കറായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ആ സ്ഥാനം അധിക കാലം വഹിക്കാൻ എനിക്കു കഴിഞ്ഞില്ല. സ്വാതന്ത്ര്യ സമര സേനാനിയും പണ്ഡിതനുമായ ഡോ. പട്ടാഭി സീതാരാമയ്യ കോഴിക്കോട് സന്ദർശിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ സമീപിച്ചു. കോളേജ് വിദ്യാർഥികളുടെ ഒരു യോഗത്തിലേക്ക് ഞാനദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം വരാമെന്നേറ്റു. എന്നാൽ ഈ പരിപാടിക്ക് പ്രിൻസിപ്പാൾ അനുമതി തന്നില്ല. കോളേജിൽ വെച്ച് അങ്ങനെയുള്ള രാഷ്ട്രീയ നേതാക്കളുടെ പരിപാടി നടത്തേണ്ടതില്ലെന്ന് അദ്ദേഹം കർശനമായി പറഞ്ഞു. ഇതിൽ കഠിനമായ മനോവേദനയുണ്ടായ ഞാൻ, പ്രിൻസിപ്പാളിൻെറ നടപടിയിൽ പ്രതിഷേധിച്ച് സ്പീക്കർ സ്ഥാനം രാജിവെച്ചു.

വിദ്യാഭ്യാസം പുരോഗമിച്ചതോടെ എൻെറ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ വരാൻ തുടങ്ങി. അക്കാലത്തെ മുസ്ലിം വിദ്യാർഥികളുടെ വേഷം പഴഞ്ചൻ രീതിയിലായിരുന്നു. ഫുൾകൈ ഷർട്ടും കോട്ടും വെള്ളത്തുണിയും തലയിൽ തൊപ്പിയും. തല മൊട്ടയടിക്കൽ നിർബന്ധമായിരുന്നു. എൻെറ ജ്യേഷ്ഠൻ തല മൊട്ടയടിച്ചിരുന്നില്ല. മുടി പറ്റെ വെട്ടിക്കുകയായിരുന്നു പതിവ്. ആ സമ്പ്രദായം ഞാനും തുടർന്നു. പിന്നീട് ഞാൻ മുടി ക്രോപ്പ് ചെയ്യാൻ തുടങ്ങി. ഭാഗ്യത്തിന് എൻെറ കുടുംബത്തിൽ നിന്ന് എതിർപ്പൊന്നും ഉണ്ടായില്ല. എങ്കിലും, ഞാൻ തല മറയ്ക്കണമെന്നും അച്ചടക്കമുള്ള ഒരു മുസ്ലിമാകണമെന്നും കൃത്യ സമയത്ത് നമസ്കരിക്കണമെന്നും കൃത്യമായി നോമ്പനുഷ്ഠിക്കണമെന്നും എൻെറ കുടുംബത്തിന് വലിയ നിർബന്ധമായിരുന്നു. ഞാൻ ഭക്തിയും അർപ്പണ ബോധവുമുള്ള ഒരു മുസ്ലിമായി വളർന്നു. എൻെറ ചുറ്റുപാടുമുള്ള പലർക്കും എൻെറ വിദ്യാഭ്യാസവും വേഷങ്ങളും തൃപ്തിയായില്ല. ഉയർന്ന വിദ്യാഭ്യാസത്തെ കുറിച്ച് ചിന്തിക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. എൻെറ പഠനത്തിന് സഹായം ചെ


മൊയ്തു മൗലവി

യ്തിരുന്ന ജ്യേഷ്ഠനെ പുച്ഛമായിരുന്നു പലർക്കും. എന്റെ പ്രദേശത്ത് സ്ഥാപിതമായ മിഡിൽ സ്കൂളിനെ കുറിച്ചും അവർക്ക് മതിപ്പുണ്ടായിരുന്നില്ല.

യാഥാസ്ഥിതിക പണ്ഡിതന്മാരുടെയും പുരോഹിതന്മാരുടെയും കൈപ്പിടിയിലായിരുന്നു സമൂഹം. സമൂഹത്തിൽ ഒരു വിധത്തിലുള്ള പരിഷ്കരണവും ആവശ്യമില്ലയെന്ന നിലപാടായിരുന്നു അവർക്ക്. വളരെ സങ്കുചിതമായിരുന്നു അവരുടെ നിലപാട് . ഇസ്ലാമിക ആദർശങ്ങളെക്കുറിച്ച് ശരിയായ ധാരണകൾ ഉൾക്കൊള്ളാത്തവരായിരുന്നു സമൂഹത്തിൽ അധികവും. അവരെ കൂടുതൽ മതബോധമുള്ളവരും കാര്യ വിവരമുള്ളവരുമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പുരോഹിത മേധാവികൾ തടഞ്ഞു. സ്വന്തം വിശ്വാസങ്ങളും ധാരണകളും ആദർശങ്ങളുമായിക്കഴിഞ്ഞിരുന്ന ശരിയായ മതാനുയായികളെ, പുരോഗമന വാദികളെന്നും 'വഹാബികളെന്നും' മുദ്രകുത്തി, ഭൂരിപക്ഷം അകറ്റിനിർത്തി. പുരോഹിതന്മാരുടെ നേതൃത്വത്തിൽ അണിനിരക്കാത്തവരെ അവർ അനഭിമതരാക്കി. അക്കൂട്ടത്തിൽ ആയിരുന്നു എന്റെ ജ്യേഷ്ഠനും കുടുംബവും ഞാനും. സമൂഹത്തിൽ നിലനിന്ന അന്ധവിശ്വാസങ്ങളെ അവഗണിച്ചുവെന്നതായിരുന്നു ഞങ്ങളുടെ കുറ്റം.

ആൺകുട്ടികളും പെൺകുട്ടികളും വിദ്യാഭ്യാസം നേടണമെന്ന ആശയക്കാരനായിരുന്നു ജ്യേഷ്ഠൻ. ഈ പഴഞ്ചന്മാർക്ക് ഏറ്റവും മഹത്തായ മതകാര്യം മഖ്ബറകളിലെ നേർച്ചയായിരുന്നു. മഹാത്മാക്കളുടെ മഖ്ബറകൾ തീർഥാടന കേന്ദ്രങ്ങളായത് അങ്ങനെയാണ്. അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ആർഭാടങ്ങളും നടമാടിയ പരിതഃസ്ഥിതിയിലാണ് ഞാൻ വളർന്നത്. വലിയ ആഘോഷങ്ങളോടും ആർഭാടങ്ങളോടുംകൂടി നടന്ന വിവാഹങ്ങൾ. ആഭരണങ്ങളുടെ തൂക്കംനോക്കി മാന്യത കണക്കാക്കിയിരുന്ന കാലം. ധൂർത്തും ആർഭാടങ്ങളുംമൂലം എത്രയോ കുടുംബങ്ങളുടെ അടിത്തറ തകർന്നു. കുടുംബജീവിതം എങ്ങനെ ഭദ്രമാക്കണമെന്നും സമൂഹ ജീവിതത്തിൽ എങ്ങനെപങ്കാളിയാകണമെന്നും അറിയാത്തവരായിരുന്നു മിക്കവരും. മതചട്ടങ്ങൾ അനുസരിക്കാനും മതപരമായ പ്രാർഥനകളും കർമങ്ങളും അനുഷ്ഠിക്കുവാനും അവർ ശ്രദ്ധാലുക്കളായിരുന്നുവെങ്കിലും, മതത്തിന്റെ മൗലിക പ്രമാണങ്ങളെക്കുറിച്ചോ മതസംസ്കാരത്തെക്കുറിച്ചോ അവർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നില്ല. അതുകൊണ്ടാണ് കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും പ്രാകൃതമായ പല ആചാരങ്ങളും നിലനിന്നത്. പഴമയോടുള്ള ഭ്രമംകൊണ്ട് പുതിയ പരിഷ്കാരങ്ങളെക്കുറിച്ചും ജീവിത സമ്പ്രദായങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതിനെക്കുറിച്ചും അവർ ചിന്തിച്ചില്ല. സമൂഹത്തിൽ താഴെ കിടന്ന വിഭാഗങ്ങൾക്ക് ഉയർന്ന വിഭാഗക്കാർ ഒരു പരിഗണനയും നല്കിയില്ല. സമൂഹത്തിന്റെ ഏറ്റവും വലിയ ദൗർബല്യം ഏതൊരു കാര്യത്തെയും ബുദ്ധിപരമായി സമീപിക്കാനും പരിശോധിക്കാനും നല്ലതിനെ സ്വീകരിക്കാനും അല്ലാത്തതിനെ നിരാകരിക്കാനും വേണ്ട ചങ്കൂറ്റമില്ലായ്മയായിരുന്നു. ഇളം തലമുറകളെ ജീവിതത്തിന് എങ്ങനെ ഒരുക്കണമെന്നും വിദ്യാഭ്യാസമുള്ളവരും സ്വഭാവവൈശിഷ്ട്യമുള്ളവരും അധ്വാനശീലരുമാക്കണമെന്നുമുള്ള ആശയങ്ങൾക്ക് സമൂഹത്തിൽ പരിഗണന ലഭിച്ചില്ല. ആഡംബരങ്ങൾക്കും അനാവശ്യ കാര്യങ്ങൾക്കും പണം ചെലവഴിക്കാൻ താത്പര്യം കാണിച്ചവർ വിദ്യാഭ്യാസകാര്യങ്ങൾക്കും സാമൂഹിക സേവന പ്രവർത്തനങ്ങൾക്കും പണം ചെലവഴിക്കാൻ തയ്യാറായില്ല. തങ്ങളുടെ പൊങ്ങച്ചം നിലനിർത്താൻ അവർ കണക്കില്ലാതെ പണം ചെലവാക്കി. വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ സങ്കുചിതമായ കാഴ്ചപ്പാടാണ് അവർക്കുണ്ടായിരുന്നത്. ആൺകുട്ടികൾ സാക്ഷരരാകണമെന്നുള്ള ഒരു വിചാരമല്ലാതെ, അവർക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിക്കണമെന്നുള്ള കാര്യം സമൂഹത്തിന്റെ ശ്രദ്ധയിലുണ്ടായിരുന്നില്ല. സമൂഹത്തിലെ അധികമാളുകളും സ്വന്തം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻപോലും സാമ്പത്തിക ശേഷിയില്ലാത്തവരായിരുന്നു. ചെറുകിട വ്യാപാരങ്ങളിൽ ഏർപ്പെട്ടവരായിരുന്നു ഒരു വലിയ വിഭാഗം. കായികാധ്വാനംകൊണ്ട് കഷ്ടിച്ച് കഴിഞ്ഞുകൂടിയവരും ധാരാളം ഉണ്ടായിരുന്നു. മത്സ്യബന്ധനത്തിലും ചരക്കുകയറ്റിയിറക്കുന്ന ജോലിയിലും ഏർപ്പെട്ടിരുന്നവരിൽ കൂടുതലും മുസ്ലിംകളായിരുന്നു. നിരക്ഷരരായ ജനങ്ങൾ. വളരെ പരിമിതമായ ജീവിത സൗകര്യങ്ങൾ. ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും സാങ്കേതിക നേട്ടങ്ങളെക്കുറിച്ചും അവർ അജ്ഞരായിരുന്നു. അന്ധവിശ്വാസങ്ങളിലും അജ്ഞതയിലും കുടുങ്ങിക്കിടന്നു അവരുടെ ജീവിതം.

മുസ്ലിം യാഥാസ്ഥിതികരുടെ അസഹിഷ്ണുതയും അക്രമമനോഭാവവും പ്രകടമായ ഒരു സംഭവത്തിന് ഞാൻ ദൃക്സാക്ഷിയായി. പരപ്പിൽ ശാദുലി പള്ളിയിൽ ഒരു-വഹ്ള്-മതപ്രസംഗം നടന്നിരുന്നു. പണ്ഡിതനായ കുറ്റ്യാടി അബ്ദുള്ളക്കുട്ടി മൗലവിയായിരുന്നു പ്രഭാഷകൻ. രാത്രി നടക്കാറുള്ള പ്രസംഗം കേൾക്കാൻ ഞാനും സന്നിഹിതനാകാറുണ്ടായിരുന്നു. പെട്രോമാക്സ് വിളക്കിന്റെ പ്രകാശത്തിൽ, പള്ളിക്കകത്തും പുറത്തും തടിച്ചുകൂടിയ ജനങ്ങളോട് മൗലവി പല മതകാര്യങ്ങളും സംസാരിക്കും. മതപരമായ വിജ്ഞാനവും കാര്യബോധവും ഉണർത്തുന്ന ഒരു പരിപാടിയായിരുന്നു അത്. എന്നാൽ ഒരു രാത്രി പെട്ടെന്ന് പള്ളിയിലേക്ക് ഇരമ്പിക്കയറിയ ഒരക്രമിസംഘം പെട്രോമാക്സ് വിളക്കുകൾ അടിച്ച്തകർക്കുകയും മൗലവിയെ ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തു. അക്രമി സംഘത്തിന്റെ കൈയേറ്റംമൂലം പ്രദേശത്താകെ അരക്ഷിതാവസ്ഥയുണ്ടായി. അടുത്ത ദിവസംമുതൽ പ്രഭാഷണം നടന്നത് പോലീസിന്റെ സാന്നിധ്യത്തിലായിരുന്നു.

എന്തിനാണ് അക്രമികൾ മൗലവിയെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചതെന്ന് എനിക്കു മനസ്സിലായില്ല. മൗലവി അനിസ്ലാമിക കാര്യങ്ങൾ പഠിപ്പിക്കുന്നുവെന്നായിരുന്നു കുറ്റാരോപണം. ഇസ്ലാമിക കാര്യങ്ങൾ കൂടുതൽ പഠിക്കാനും മതാനുഷ്ഠാനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും ജനങ്ങളെ ഉദ്ബോധിപ്പിച്ചതാണ് മൗലവി ചെയ്ത കുറ്റം. വെള്ളിയാഴ്ചതോറും നടക്കുന്ന ജുമുഅ നമസ്കാരത്തോടനുബന്ധിച്ചുള്ള ഖുത്തുബ-പ്രസംഗം-മലയാളത്തിലാക്കണമെന്ന അഭിപ്രായക്കാരനായിരുന്നു മൗലവി. മുസ്ലിംകളുടെ ഇടയിൽ നിലവിൽ ഉണ്ടായിരുന്ന പല ആചാരങ്ങളും ആർഭാടപൂർണമായ വിവാഹഘോഷങ്ങളും മുസ്ലിംകൾക്ക് ചേർന്നതല്ലെന്നും മൗലവി ഉണർത്തിയിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും വിദ്യാഭ്യാസം നേടണമെന്നും കാര്യബോധമുള്ള നല്ല മനുഷ്യരാകണമെന്നും അദ്ദേഹം സമൂഹത്തെ ഉദ്ബോധിപ്പിച്ചു. ഇത്തരത്തിലുള്ള ശരിയായ വിശ്വാസ പ്രമാണങ്ങളിലേക്കും ജീവിത സമ്പ്രദായത്തിലേക്കും മുസ്ലിംകളെ ക്ഷണിക്കുകയും തെറ്റായ അന്ധവിശ്വാസങ്ങളിൽനിന്ന് മുസ്ലിംകൾ മോചിതരാകണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. സ്ത്രീകളുടെ ഉദ്ധാരണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾക്കും മൗലവി ആഹ്വാനം നല്കി. സാധാരണക്കാരായ മുസ്ലിംസ്ത്രീകൾ എന്തെങ്കിലും ജോലിചെയ്ത് വരുമാനം ഉണ്ടാക്കിയിരുന്നു. സമ്പന്ന വീടുകളിലെ വീട്ടുജോലികളായിരുന്നു അധികപേരും ചെയ്തിരുന്നത്. അവർ അങ്ങനെ ഞെരുങ്ങി ജീവിച്ചിരുന്നുവെങ്കിലും യഥാർഥത്തിൽ ഇരുട്ടിലായിരുന്നു. സ്ത്രീകളുടെ ഉദ്ധാരണമായിരുന്നു സമൂഹത്തിനു മുൻപിലുള്ള ഒരു വലിയ വെല്ലുവിളി. എന്നാൽ സമൂഹനേതാക്കൾ ഇതിനെപ്പറ്റിയൊന്നും ചിന്തിച്ചതേയില്ല.

എന്റെ ചെറുപ്പകാലത്ത് നടന്ന ഒരു തിരഞ്ഞെടുപ്പിനെക്കുറിച്ച് ഞാൻ ഓർക്കുന്നു. മുനിസിപ്പൽ തിരഞ്ഞെടുപ്പിനെക്കുറിച്ച് എനിക്കറിയാമായിരുന്നു. നികുതികൊടുത്ത കെട്ടിടയുടമസ്ഥർ വോട്ടുചെയ്യുന്ന തിരഞ്ഞെടുപ്പ്. ജനങ്ങൾ രണ്ട് ചേരികളായിട്ടാണ് മത്സരിക്കുന്നത്. എന്നാൽ, ഇതാ അതിലും വലിയ ഒരു തിരഞ്ഞെടുപ്പ് കേന്ദ്രനിയമസഭയിലേക്ക് നടക്കുന്നു. പ്രഗല്ഭമതികളായ രണ്ടു

(ശേഷം 60-ാം പേജിൽ)

ചാക്യാർകൂത്ത്

വി. കലാധരൻ

മലയാളിയുടെ ചിരിക്ക് അർത്ഥത്തിന്റെ കരുത്തും ആത്മവിമർശനത്തിന്റെ വീര്യവും കൊടുത്തത് ചാക്യാരും നമ്പ്യാരുമാണല്ലോ. തുള്ളലിൽ ഫലിതപ്രകാശനം പക്ഷേ, ഏകാഗ്രമായ പ്രവൃത്തിയല്ല. തുള്ളൽക്കഥാ വായന തരുന്ന ഫലിതരസം സമവ്യാപ്തിയിൽ തുള്ളൽ കലാകാരനിൽ നിന്ന് കിട്ടുക പ്രയാസം. നൃത്തത്തിന്റെയും നാട്യത്തിന്റെയും താള, മേള, ഗീതങ്ങളുടെയും സങ്കലിത കാന്തിയിൽ തുള്ളലിലെ ഫലിതം ശിഥിലമാവുന്നു. അതിന്റെ അനുഭവം ദ്രഷ്ടാവിനെ ഹാസ്യത്തിന്റെ സൂക്ഷ്മ ധമനികളിലേക്കു നയിക്കുന്നില്ല. ഇതിന്റെ നേർവിപരീതാവസ്ഥയാണ് ചാക്യാർകൂത്തിൽ പരിചയിക്കുന്നത്. അരങ്ങിലെ ചാക്യാരുടെ രൂപവും രീതികളും ചലനങ്ങളും സ്തോഭങ്ങളും ചമയ വിധാനങ്ങളും ഹാസ്യരസത്തിന്റെ ഉദ്ദീപനോപാധികളാണ്. ഇവയെല്ലാം ചേർന്ന് ചാക്യാരുടെ വാക്പ്രപഞ്ചം ഫലശ്രുതിയിലെത്തുന്നു.



കാലത്തിന്റെ ജ്വാല

ആഖ്യാനം

ഇതിഹാസങ്ങളുടെ ആഖ്യാനത്തിന് വേണ്ടുവോളം പാരമ്പര്യ മാധ്യമങ്ങളുള്ള നാടാണ് ഭാരതം. നമ്മുടെ കൊച്ചുകേരളത്തിൽ പോലും പുരാണേതിഹാസ സംവേദനത്തിന് എത്രയെത്ര കലാരൂപങ്ങൾ! അവയിൽ വ്യാപകമായ സമ്മതി ലഭിച്ചത് ഹരികഥയ്ക്കും ചാക്യാർകൂത്തിനുമാണ്. തിരുവിതാംകൂറിൽ ഹരികഥയും കൊച്ചിയിലും തെക്കേമലബാറിലും ചാക്യാർകൂത്തും ജനപ്രിയക്ഷേത്രകലകളുടെ പതാകകളായി. ഹരികഥ കാലാന്തരത്തിൽ കഥാപ്രസംഗമായിത്തീർന്നു. ചാക്യാർകൂത്താവട്ടെ കാലത്തിന്റെ ഇടപെടുലുകൾക്കു വഴങ്ങാതെ പരിണാമരഹിതമായി നിലകൊണ്ടു. മദ്ധ്യകേരളത്തിന്റെ കലാസംസ്കാരത്തിന് സഹജമായ യാഥാസ്ഥിതികത്വമാവണം ഇതിനു കാരണം. രംഗനിരീക്ഷണവും 'ചാരി'യും വിദൂഷക സ്തോഭവും ജപവും കഴിഞ്ഞാൽ ചാക്യാർ വാക്കിലേക്കു പ്രവേശിക്കും. കൂത്തിന്റെ വ്യവഹാരത്തിനായി പ്രാകൃതം, സംസ്കൃതം, മലയാളം എന്നീ മൂന്നു ഭാഷകളും ചാക്യാർ പ്രയോഗിക്കുന്നുണ്ടല്ലോ. ഏതെങ്കിലും കഥാശകലവുമായി ബന്ധപ്പെട്ട ശ്ലോകം ചൊല്ലി അന്വയിച്ച് അതിലോരോ പദത്തിന്റെയും പ്രത്യക്ഷവും പരോക്ഷവുമായ വിവക്ഷകൾ വെളിപ്പെടുത്താൻ സംഭവപരമ്പരകളെ സൃഷ്ടിക്കുന്ന ചാക്യാരുടെ വാഗ്വിലാസത്തിന് സമാനതകളില്ല.



നിരാർദ്രമായ ചിരി

കൂത്തിന്റെ വാമൊഴി രൂപപ്പെട്ടത് വള്ളുവനാടൻ മലയാള ബ്രാഹ്മണരുടെ ഭാഷാസംസ്കാരത്തിൽ നിന്നാവുമോ? മദ്ധ്യമലബാറിൽ ഇന്നു നാം കേൾക്കുന്ന നമ്പൂരിഭാഷയിൽ ചാക്യാരുടെ സ്വരപ്രപഞ്ചത്തിൽ നിന്നുള്ള സ്വാധീനമുണ്ടോ? ബ്രാഹ്മണ്യത്തിന്റെ അംശാധികാരമുള്ള ചാക്യാർ കുടുംബങ്ങളും നമ്പൂതിരിമാരുമായുള്ള വേഴ്ചകൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കൂത്തമ്പലത്തിൽ വരേണ്യനായ കാഴ്ചക്കാരനെന്ന നിലയിലാണ് നമ്പൂരി അരങ്ങിലെ ചാക്യാരുമായി ബന്ധപ്പെടുന്നത്. ചാക്യാരുടെ വിജ്ഞാനതേജസ്സിൽ ആനന്ദിക്കുകയും നർമവചസ്സുകളിൽ കലവറയില്ലാതെ കുലുങ്ങിച്ചിരിക്കുകയും ചെയ്യുന്ന നമ്പൂരിക്ക്

ചാക്യാർകുടുംബങ്ങൾ സംബന്ധസ്ഥാപനങ്ങളാവുക സ്വാഭാവികമാണ്. ഇരുസമുദായങ്ങളുടെയും ഭാഷാപരവും സാംസ്കാരികവുമായ നിക്ഷേപങ്ങൾ പരസ്പരം പങ്കുവെക്കാൻ കഴിഞ്ഞതാണ് ഈ സഹവർത്തിത്വത്തിന്റെ സദ്ഫലം. ചാക്യാരുടെ മലയാളത്തിന് പക്ഷേ, വിസ്തൃതമായ വിനിമയമൂല്യമില്ല എന്നാണ് കൂത്തിലും കൂടിയാട്ടത്തിലും കീർത്തി നേടിയിട്ടുള്ള പൈങ്കുളം ചെറിയ രാമച്ചാക്യാരുടെ അഭിപ്രായം. തിരുവിതാംകൂറുകാർക്ക് കൂത്തിന്റെ വാചികാംശവുമായി തന്മയീഭവിക്കാൻ നല്ല പ്രയാസമുണ്ടെന്ന് ചാക്യാർ അനുഭവനിരീക്ഷണം ചെയ്യുന്നു. ചാക്യാർമൊഴിയിൽ അടക്കം ചെയ്തിട്ടുള്ള ധ്വന്യാർത്ഥസമ്പന്നമായ ധാതുക്കളും വ്യാക്ഷേപകശബ്ദങ്ങളും മധ്യമലബാറിന്റെ മാത്രം ഭാഷാശേഖരത്തിൽ നിന്നുള്ള പ്രവാഹമാണ്.

> നാം ജീവിക്കുന്ന കാലത്തിന്റെ ബഹുസ്വരതയും അനുഭവശൈഥില്യവും മായിക പ്രലോഭനങ്ങളും നാനാതരം ജ്ഞാനരൂപങ്ങളും തിരിച്ചറിയാൻ കെല്പുള്ള കലാകാരനു മാത്രമേ – ചാക്യാർകൂത്തിലായാലും – ഈ സമൂഹത്തിൽ ഇനി നിലനില്ക്കാനാവൂ.

– ഒരു പുനർവായന

വ്യക്തിയും സമൂഹവും

വിശേഷണ ദൂഷണം ചെയ്യുന്ന വിദൂഷകൻ തന്നെയാണല്ലോ പ്രബന്ധക്കൂത്തിലെ ചാക്യാരും. ‘ശ്ലാഘ്യഗീർ’ എന്ന പദത്തിന്റെ വ്യാവർത്തിത രൂപമാണ് ‘ചാക്യാർ’. മിഴാവ് ഒച്ചപ്പെടുത്തി വിദൂഷക ക്രിയ കഴിഞ്ഞാൽ ചാക്യാരുച്ചരിക്കുന്ന വാക്കുകൾക്ക് പ്രബോധനത്തിന്റെ ദാർഢ്യവും മതദർശനത്തിന്റെ വഴക്കവുമുണ്ട്.

‘‘സർവ കാലവും ഭഗവന്നാമങ്ങളെ ഉച്ചരിച്ചുച്ചരിച്ചിരിപ്പൂ എന്നാൽ തന്നെ ജന്മജന്മാന്തരങ്ങളായിരിക്കുന്ന സുകൃതദുഷ്കൃതങ്ങൾ തുല്യങ്ങളായിരിക്കും സമയത്തിങ്കൽ ഈശ്വരനെ സേവിക്ക ആയതല്ലോ രക്ഷയുടെ പൂർത്തിയായിരിക്കുന്നത്.... ഭവാന്മാർക്ക് പല പ്രകാരേണയും ഉണ്ടാകുമല്ലോ സങ്കടങ്ങൾ. ആദ്ധ്യാത്മികങ്ങളായും ആധിഭൗതികങ്ങളായും ആധിദൈവികങ്ങളായും. ഇങ്ങനെ ബഹുവിധങ്ങളായിരിക്കുന്ന സങ്കടങ്ങളെ ആസകലം യഥാവലെ ദൂരത്തിങ്കൽ കളഞ്ഞ് ഇഹലോകത്തിൽ സൗഖ്യത്തേയും പരലോകത്തിങ്കലേക്ക് ശ്രേയസ്സായിരിക്കുന്ന മോക്ഷത്തേയും സാധിപ്പിക്ക. ആയതിനു വേണം എല്ലാ ജനങ്ങളും എല്ലാ സമയത്തിങ്കലും പ്രയത്നം ചെയ്തുകൊള്ളുവാൻ. ആയതത്രെ ഇവിടെ ജന്മസാഫല്യമാകുന്നത്.’’ ഇതിൽ നിന്നാണ് ചാക്യാർ മെല്ലെ കഥയിലേക്കു കടക്കുന്നത്.

മേല്പത്തൂർ നാരായണ ഭട്ടതിരിയുടെ പ്രബന്ധങ്ങളെ ഉപജീവിച്ചുകൊണ്ട് കഥ പറയുന്ന ചാക്യാർ നിലവിലുള്ള രാഷ്ട്രീയ സാമൂഹികസ്ഥിതികളെ സന്ദർഭാനുസരണം വിശകലനം ചെയ്യുന്നു. ചിലപ്പോൾ ചാക്യാർ രാഷ്ട്രീയ സംവാദത്തിനുള്ള സന്ദർഭങ്ങൾ മന:പൂർവ്വം കണ്ടെത്തുന്നു. രാജഭരണകാലത്ത് ചാക്യാരുടെ സമൂഹവിമർശനങ്ങൾക്കും രാഷ്ട്രീയാപഗ്രഥനങ്ങൾക്കും ഭരണാധിപരും അവരുടെ പാർശ്വവർത്തികളും ഒരളവോളം അംഗീകാരം കല്പിച്ചിരുന്നതിന് സാംഗത്യമുണ്ട്. അക്കാലം ഭരണവിമർ

കൂത്തമ്പലം

–ഫോട്ടോ: അനിൽ നീലിമ–

ശനത്തിന് മറ്റുമാദ്ധ്യമങ്ങളില്ല. ഇന്ന് പത്രങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും ഏറെക്കുറെ സമഗ്രമായി നിർവഹിച്ചുപോരുന്ന രാഷ്ട്ര വ്യവഹാര വിചാരണകളും വ്യക്തിദൂഷണവും പഴയ ചാക്യാരുടെ അധികാരാവകാശങ്ങളായിരുന്നു. വിദൂഷകവൃത്തിയുടെ മൂല്യം കെ.പി. നാരായണപ്പിഷാരോടി വിലയിരുത്തുന്നുണ്ട്. ''നാടകവൃത്തിയോട് ബന്ധപ്പെടുത്തിക്കൊണ്ട് കഥകളും ഉപകഥകളും അവതരിപ്പിച്ച് വ്യാഖ്യാനിച്ച് പ്രേക്ഷകന്മാരിൽ ഓരോരുത്തനും ഉള്ള ദോഷങ്ങളെ വിദൂഷകൻ ഉദ്ഘോഷണം ചെയ്യുന്നു. എന്നെക്കുറിച്ചാണ് പറയുന്നത് എന്ന് അതാത് ദോഷമുള്ളവർക്ക് അതിസ്പഷ്ടമായിത്തോന്നും. അവർ തന്നത്താൻ മനസാ നിന്ദിക്കും. താൻ അറിഞ്ഞോ അറിയാതെയോ തന്നിൽ കടന്നുകൂടിയിട്ടുള്ള ദോഷങ്ങളെ ദൂരീകരിക്കാൻ അവർ സ്വയം പ്രേരിതരാവുകയും ചെയ്യും.

'' ഇപ്പറഞ്ഞതിനെല്ലാം പ്രസക്തിയുണ്ടായിരുന്ന കാലം എന്നോ അവസാനിച്ചു. ചാക്യാർ ഉപയോഗിച്ചു പോരുന്ന ആഖ്യാനസങ്കേതങ്ങൾക്ക് അളക്കാനാവാത്ത വിധം സൂക്ഷ്മവും ഗഹനവുമാണ് ആധുനിക സമൂഹത്തിന്റെ ചലനസംസ്കാരം. ചാക്യാരുടെ ദ്വയാർത്ഥ പ്രയോഗങ്ങൾക്കും ഉപരിപ്ലവമായ നിരീക്ഷണങ്ങൾക്കും വർത്തമാനകാലത്തിന്റെ വൈരുധ്യങ്ങളെയും വൈവിധ്യങ്ങളെയും പ്രതിഫലിപ്പിക്കാനാവില്ല. അച്യുതൻ, കരുണാകരൻ, ശങ്കരൻ എന്നിങ്ങനെ ചില സംജ്ഞകളെ ആവർത്തിക്കുന്നതിലൂടെ കേരള രാഷ്ട്രീയത്തിന്റെ കേന്ദ്രഭാവങ്ങളിലേക്ക് തങ്ങൾ കടന്നുചെല്ലുന്നതായി അഭിമാനിക്കുന്ന ചാക്യാന്മാരുണ്ട്. ഇവരുടെ ചങ്കൂറ്റം നമ്മെ വല്ലാതെ വേദനിപ്പിക്കും. വ്യക്തിയുടെയും സമൂഹത്തിന്റെയും വിലക്ഷണങ്ങളെ ബുദ്ധിയുടെ അനുഗ്രഹമില്ലാത്ത പ്രാകൃതമായൊരു മുഷ്കിന്റെ ഭാഷയിൽ പെരുപ്പിച്ചുകാട്ടുന്ന ചാക്യാർ ഭൂതകാലത്തിൽ നിന്നിറങ്ങിവന്ന അധികാരത്തിന്റെ ഭീഷണരൂപമായിത്തീരുന്നു. അരങ്ങിൽ നിൽക്കുന്ന ചാക്യാരെ നേരിടാൻ സദസ്സിന് അവകാശമില്ല എന്ന അലിഖിത നിയമം അയാളെ പലപ്പോഴും അഹങ്കാരത്തിന്റെ അധിത്യകയിലേക്കു നയിക്കുന്നു.

ഫലിതവും പരിഹാസവും

താനുൾപ്പെടുന്ന സമൂഹത്തിന്റെ പെരുമാറ്റങ്ങളും രുചിവൈചിത്ര്യങ്ങളും ഭാവാന്തരങ്ങളും താപസാന്ദ്രതയോടെ വിമർശിക്കാനും വിലയിരുത്താനും സന്നദ്ധരാവുന്ന വലിയ കലാകാരന്മാർക്ക് ഫലിതവും പരിഹാസവും തങ്ങളുടെ സർഗ്ഗ സാക്ഷാത്ക്കാരത്തിനുള്ള ആണവായുധിയായിത്തീരുന്നു. ചാക്യാരുടെ ഫലിതരുചിയും പരിഹാസപാടവവും ഏതു കാലത്തുമുള്ള ജനങ്ങളുടെ സംസാരവിഷയമാണ്. കൊച്ചിമഹാരാജാവിന്റെ മുഖത്തുനോക്കി 'ഗണപതി വാഹനരിപുനയനാ'' എന്നു സംബോധന ചെയ്ത അമ്മന്നൂർ ചാച്ചുചാക്യാർ പിന്നീട് തിരുമുമ്പിൽ ഹാജരായപ്പോൾ ''ഇപ്പോൾ പൂച്ചയെക്കണ്ട എലിയേപ്പോലെയായി'' എന്ന് വിനയം വിടാതെ പരിഹസിച്ച കഥ നാം പല വട്ടം കേട്ടിട്ടുണ്ട്. ഭരണാധികാരിയെ ചാക്യാരുടെ വേഷമിട്ടു മാത്രമല്ല സ്വന്തം സ്വത്വബലത്തിന്റെ ഊറ്റത്തിലും നിസ്തേജനാക്കാൻ കഴിഞ്ഞ ചാച്ചുചാക്യാർ കലാകാരന്റെ നിരുപാധികമായ സ്വാതന്ത്ര്യം വിളംബരം ചെയ്യുകയായിരുന്നു. ഫ്യൂഡലിസത്തിന്റെ നിഷ്ഠുരമായ അന്തരീക്ഷത്തിലും വ്യക്തിത്വത്തിന്റെ നിർഭയപ്രകാശനമാണ് ചാക്യാർ സാധിച്ചത്.

വടക്കുന്നാഥന്റെ കൂത്തമ്പലത്തിൽ ഹനുമാന്റെ ലങ്കാദഹനം വർണിക്കവേ കാണികൾക്കിടയിലിരുന്ന സ്വന്തം അച്ഛനെ തിരിച്ചറിഞ്ഞ് ലങ്കാവാസിയുടെ പരിഭ്രമം നിറഞ്ഞ നിലവിളി സങ്കേതമാക്കി ''ഇതാ ഇവിടെയുണ്ട് എന്റെ അച്ഛൻ'' എന്നു ഹൃദയഭേദകമായി വിളിച്ചു പറഞ്ഞ പൈങ്കുളം രാമച്ചാക്യാർ അന്നു നിലവിലിരുന്ന ബ്രാഹ്മണ്യത്തിന്റെ മിഥ്യാഭിമാനവും കാപട്യവും നിർദ്ദാക്ഷിണ്യം പ്രസിദ്ധം ചെയ്തു. അടക്കിവെച്ച അമർഷവും ദു:ഖവുമാണ് ഇവിടെ ചാക്യാരെ പരിഹാസമൂർച്ഛയിലെത്തിച്ചത്.

സമൂഹ വ്യവസ്ഥിതിയുടെ മേൽ പതിച്ച കുപിതദൃഷ്ടിയായും ആത്മശോകത്തിന്റെ വെളിപാടായും ഫലിതവും പരിഹാസവും കൂത്തിൽ പ്രതിഫലിച്ചിരുന്ന കാലം ഇന്ന് നമുക്ക് തിളക്കമുള്ള ഒരോർമ്മപോലുമല്ല. അത്രത്തോളം മാറിക്കഴിഞ്ഞിരിക്കുന്നു കൂത്തിന്റെ വാക് പ്രകൃതിയും ചാക്യാരുടെ മനോഭാവങ്ങളും. വിദൂഷക വാങ്മയത്തിൽ ഇന്ന് നൈസർഗ്ഗിക ഫലിതത്തിന്റെ ശ്രുതിപോലും കേൾക്കാനില്ല. കാണികളെ ഒറ്റയ്ക്കും ഒന്നിച്ചും നിന്ദിക്കുന്ന പൈശാചിക പരിഹാസവും വെൺമണിയെപ്പോലും ലജ്ജിപ്പിക്കുന്ന അശ്ലീല വാക്യങ്ങളും കൊണ്ടുള്ള അവിശുദ്ധപ്രകടനങ്ങളായിട്ടാണ് പലരുടേയും 'കൂത്ത്'' നമുക്കനുഭവപ്പെടുക. കാണികളിലൊരുവനെ 'വാനരം' എന്നു വിളിച്ചാക്ഷേപിക്കുക, അംഗവൈകല്യം നോക്കി ചിരിക്കുക, ഇങ്ങനെ ലൗകിക മനുഷ്യനു സംഭവിക്കുന്ന ദുർവിധിയാണ് , അവന്റെ തിന്മകൾ നിറഞ്ഞ കർമ്മമല്ല, ചാക്യാരുടെ പരിഹാസത്തിന് വിഷയീഭവിക്കുന്നത്. ഫലിതവും പരിഹാസവും ചാക്യാർക്ക് ധൂർത്തടിക്കാനുള്ളതല്ലെന്നും സാന്ദർഭികമായ ഔചിത്യം പരിശോധിച്ച് കരുതലോടെ കൈകാര്യം ചെയ്യേണ്ട വിശിഷ്ടങ്ങളായ രണ്ടു പ്രയോഗമുറകളാണവയെന്നും അമ്മന്നൂർ മാധവചാക്യാർ വിവേകിയായത് പിന്മുറക്കാരിൽ വീണ്ടുവിചാരത്തിന്റെ വെളിച്ചമായി ഇനിയും മാറിയിട്ടില്ല.

സമകാലിക രാഷ്ട്രീയത്തിന്റെ ഉള്ളിലിരുപ്പുകളറിയാതെ അഭിനവ ചാക്യാന്മാർ അവരുടെ കൂത്തുകളിൽ രാഷ്ട്രീയം യഥേഷ്ടം എടുത്തു പെരുമാറുന്നുണ്ട്. പ്രമേയാനുപേക്ഷണീയം എന്ന വ്യാജേന അവർ പെൺമണികളുടെ അവയവവർണ്ണനകളിൽ ഹാസ്യാനുകൂലനത്തോടെ മുഴുകുന്നു. ഭാവനയുടെ മാന്ത്രിക സ്പർശ മേൽക്കാത്ത നർമ്മോപാഖ്യാനങ്ങളിൽ സ്വയം രമിക്കുന്നു. ഇവരുടെ ഇത്തരം വചനാഭ്യാസങ്ങൾ കേട്ട് ആരാണ് ഇക്കാലത്ത് ചിരിക്കുക? സാധാരണക്കാരായ സഹൃദയ സമൂഹം ഇവരെ കേട്ടു ചിരിക്കുന്നുണ്ട്. സാമാജികരെ രസിപ്പിക്കാനായി ചാക്യാർ സൃഷ്ടിക്കുന്ന വാഗ് വ്യായാമം കണ്ട് അതിന്റെ ഉപഭോക്താക്കളാവാൻ വിധിക്കപ്പെട്ടവരെന്ന നിലയിൽ അവർ പാടുപെട്ട് ചിരിച്ചുപോവുകയാണ്. ഈ ചിരിയുടെ പൊരുളറിയാനുള്ള ശേഷി ബുദ്ധിമാന്മാരും സൂത്രശാലികളുമായ ചാക്യാന്മാരിൽ നിന്ന് ഒഴിഞ്ഞുപോവുകയാണോ?

നാം ജീവിക്കുന്ന കാലത്തിന്റെ ബഹുസ്വരതയും അനുഭവ ശൈഥില്യവും മായിക പ്രലോഭനങ്ങളും നാനാതരം ജ്ഞാനരൂപങ്ങളും തിരിച്ചറിയാൻ കെല്പുള്ള കലാകാരനു മാത്രമേ- പാരമ്പര്യ കലകളിലായാലും ആധുനിക കലകളിലായാലും- അനുക്ഷണം മാറിക്കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ ഇനി നിലനില്പാനാവൂ. കലകളുടെ പ്രാചീന സങ്കേതങ്ങളും ഋജുവായ പ്രമേയാഖ്യാനവുമായി അവന് ഇനിയും ഒരടി മുന്നോട്ട് നീങ്ങാനാവില്ല. പൊതുനിരീക്ഷണം വിട്ട് ഇവിടെ സംഗതമായ കൂത്തിലേക്കു മടങ്ങട്ടെ. സ്ഥല-കാല-ബദ്ധമായ വാമൊഴിയിൽ മിതത്വം പാലിച്ച് ദേശ കാലാതീതമായ ഭാവാഭിനയ ഭാഷയെ സൂക്ഷ്മസംവേദന സമർഥമാക്കുമ്പോഴാണ് ചാക്യാന്മാർ അവരുടെ കുലവൃത്തിയായ പ്രബന്ധക്കൂത്തിലും മന്ത്രാങ്കം പോലെ പ്രാദേശിക ചരിത്രങ്ങളുടെ നിശിതമായ വിചാരണ ഹാസ്യത്തിന്റെ ആസുരലാവണ്യത്തിലൂടെ സാദ്ധ്യമാക്കുന്ന സമാനവ്യവഹാരങ്ങളിലും പ്രസക്തരാവുന്നത്. കൂത്തിനേയും കൂടിയാട്ടത്തേയും പഴമയുടെ ജീർണ്ണിച്ച ആസക്തികളിൽ നിന്നും വാക്കുകളുടെ ആഭാസജന്യമായ ആർഭാടത്തിൽ നിന്നും രക്ഷിച്ചെടുക്കാൻ കഴിവും സന്നദ്ധതയുമുള്ളവരിലാണ് ഇവയുടെ നിലനിൽപ്പ് ഇനിമേൽ യാഥാർത്ഥ്യമാവുക.

●

മാതൃഭൂമി ആഴ്ചപ്പതിപ്പ് 2000 ഒക്ടോബർ 22 - 28

പുസ്തകം 78 ലക്കം 35 വില 7 രൂപ 11[illegible] തുലാം 6-12 1922 ആശ്വിനം [illegible]-കാർത്തികം 6

18/10/2000.

ലേഖനം

6 അഴീക്കോടിന്റെ 'തത്ത്വമസി'യിൽ മാക്സ്മുള്ളറുടെ കൃതികളിൽനിന്നുള്ള സ്വതന്ത്ര തർജമകളോ ഉദ്ധരണികളോ ആണ് നിറഞ്ഞുനില്ക്കുന്നത്. അതിനാൽ അതിലെ പല പ്രസ്താവങ്ങളും അപൂർണമാണ് – 'തത്ത്വമസി'ക്കെതിരെ ഒരു നിശിത വിമർശനം

അഴീക്കോടിന്റെ 'തത്ത്വമസി' മോഷണവും അനുകരണവും

എം. ആർ. രാജേഷ്



11 ഓർമക്കുറിപ്പുകൾ
കമലാ സുരയ്യ

12 ഇന്ദ്രധനുസ്സുമായി വന്നവൻ
ആലങ്കോട് ലീലാകൃഷ്ണൻ

16 ഞങ്ങളുടെ 'ടീ അമ്മാവൻ'
മീരാ പ്രതാപ്

19 മരണം
സ്വാമി സിദ്ധിനാഥാനന്ദ



കസേര
ഇ.പി. രാജഗോപാലൻ 26

ജപ്പാനിലെ വിശേഷങ്ങൾ
അനുരാധ അജയ്കുമാർ 34

നാടകനിയോഗം –10
ഭരത്ഗോപി 40

ഇന്ത്യൻ ക്രിക്കറ്റ് കപിൽദേവിനുശേഷം
വിംസി 42

മാനേജിങ്ങ് എഡിറ്റർ: പി.വി. ചന്ദ്രൻ എഡിറ്റർ: കെ.കെ. ശ്രീധരൻ നായർ എക്സിക്യൂട്ടീവ് എഡിറ്റർ: വി. രാജഗോപാൽ
അസിസ്റ്റന്റ് എഡിറ്റർ: ടി. ബാലകൃഷ്ണൻ സബ് എഡിറ്റർ: എ.പി. മുരളീകൃഷ്ണൻ
ചീഫ് ആർട്ടിസ്റ്റ്: ജെ.ആർ. പ്രസാദ്, മദനൻ സീനിയർ ആർട്ടിസ്റ്റ്: പ്രദീപ്കുമാർ

കവിത

രക്ഷാകവചം
എ. അയ്യപ്പൻ 18

അശ്നമോൾക്ക് ഒരു മിഠായി
വി. നാരായണൻ നമ്പ്യാർ 21

പോളിമോർഫിസം
ജയൻ കെ. സി. 29

പൊരുൾ
ഏറ്റുമാനൂർ സോമദാസൻ 53

കഥ

ദുഷ്യയവ്സ്കി എന്തിനു രക്ഷപ്പെട്ടു?
അയ്യപ്പപ്പണിക്കർ 27

കാക്കകൾ
പി. ആർ. നാഥൻ 45

പങ്കായം
ഉണ്ണികൃഷ്ണൻ പൂങ്കുന്നം 48

നോവൽ

വാൾമുനയിൽ വച്ച മനസ്സ്-5
പെരുമ്പടവം ശ്രീധരൻ 23

ചെങ്ങാറും കുട്ടാളും-21
നാരായൻ 30

ഞ്യാവു
എ. വിജയൻ 50

പംക്തികൾ

വായനക്കാർ എഴുതുന്നു 4 പ്രകൃതിപാഠം 24 ഔഷധച്ചെടികൾ 32 ശാസ്ത്രം 33 അടുക്കള 54 കാൽപാടുകൾ 55 ബാലപംക്തി 56 വളരുന്ന സാഹിത്യം (കെ.പി. വിജയൻ, ഡോ. വി. എസ്. ശർമ) 60 വാങ്മയം 61 സാഹിത്യവേദി 63 ദേശീയരേഖ 65 ചിത്രശാല-കല്ലുകൊണ്ടൊരു പെണ്ണ് (ഒ.പി. രാജ്മോഹൻ) 66

മുഖചിത്രം
ഫോട്ടോ: ശിവജികുമാർ

ഞങ്ങളുടെ 'ടീ അമ്മാവൻ'

മലയാളത്തിലെ ആദ്യ നോവലായ 'കുന്ദലത'യുടെ കർത്താവ് ടി.എം. അപ്പു നെടുങ്ങാടി സാമ്പത്തിക, സാമൂഹിക രംഗത്തും പ്രശസ്തനായിരുന്നു. അദ്ദേഹം ആരംഭിച്ച നെടുങ്ങാടി ബാങ്കിന് നൂറു വർഷം തികയുന്ന പശ്ചാത്തലത്തിൽ നാലാം തലമുറക്കാരിയായ പേരക്കുട്ടി മുത്തച്ഛനെ അനുസ്മരിക്കുന്നു

മീരാപ്രതാപ്


ടി.എം.അപ്പുനെടുങ്ങാടി

അമ്മമ്മയും അമ്മയും വലിയമ്മമാരും മുത്തച്ഛനെ-റാവുബഹദൂർ ടി.എം.അപ്പു നെടുങ്ങാടി-കുറിച്ച് പകർന്നുതന്ന അറിവുകൾ കുട്ടിക്കാലം തൊട്ടേ, നാലാം തലമുറക്കാരിയായ എന്റെ മനസ്സിൽ ഒരു വീരപുരുഷസങ്കല്പത്തിന് രൂപം കൊടുത്തിരുന്നു.

കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കതയും യോദ്ധാവിന്റെ നിർഭയത്വവും സാഹിത്യകാരന്റെ സർഗവൈഭവവും ഭരണാധികാരിയുടെ ക്രാന്തദർശിത്വവും നിയമജ്ഞന്റെ കാര്യശേഷിയും സാമൂഹ്യപരിഷ്കർത്താവിന്റെ അർപ്പണമനോഭാവവും വ്യാപാരിയുടെ ബുദ്ധികൂർമതയും കുടുംബനാഥന്റെ ചുമതലാബോധവും എല്ലാം സമുചിതമായി സമ്മേളിച്ചിരുന്ന അപൂർവ്വ വ്യക്തിത്വം! അപ്പുനെടുങ്ങാടിയുടെ ബഹുമുഖപ്രതിഭയ്ക്ക് പകിട്ടേകാൻ വിശേഷണങ്ങൾ തികയാതെ വരുന്നു.

പണ്ട്, തറവാടിനോട് ചേർന്ന്, മുത്തച്ഛൻ പണികഴിപ്പിച്ച പത്തായപ്പുരയാണ് കോഴിക്കോട് തളിയിലുള്ള 'രാമനിലയം' എന്ന ഞങ്ങളുടെ ഭവനം. വർഷങ്ങൾക്കു മുൻപ് സായാഹ്നങ്ങളിൽ 'രാമനിലയ'ത്തിന്റെ മുറ്റത്ത് ഉലാത്തുമ്പോൾ, എതിർവശത്ത് സ്ഥിതിചെയ്യുന്നതും 'ബാങ്ക് ബിൽഡിങ്' എന്ന പേരിൽ ഇന്നും കുടുംബാംഗങ്ങൾക്കിടയിൽ അറിയപ്പെടുന്നതുമായ ഇപ്പോഴത്തെ പോസ്റ്റൽ സൂപ്രണ്ട് ഓഫീസ് ചൂണ്ടിക്കാട്ടി, അമ്മമ്മ കുട്ടിയായിരുന്ന എന്നോട് പറയും:

''ദാ, ആ കെട്ടിടത്തിലാണ് നെടുങ്ങാടി ബാങ്കിന്റെ തുടക്കം! ആ കാണുന്നതായിരുന്നു അച്ഛന്റെ ഓഫീസ് റൂം. അതിന്റെ മുറ്റത്ത് വൈ

കുന്നേരങ്ങളിൽ അച്ഛൻ കുട്ടികളോടൊപ്പം നടക്കാറുണ്ടായിരുന്നു.''

ഭാനുമതി വലിയമ്മ പറയാറുണ്ട്: ''ഞങ്ങൾ കളിക്കുന്നതു നോക്കി മുത്തച്ഛൻ വരാന്തയിലെ കസേരയിൽ വന്നിരിക്കും. കുട്ടിപ്പുരവെച്ചും കടകൾവെച്ചും കളിക്കുമ്പോൾ സോപ്പോ മറ്റു ചില്ലറ സാധനങ്ങളോ വാങ്ങാൻ ഇടയ്ക്കൊക്കെ മുത്തച്ഛൻ ഞങ്ങളുടെ 'കട'യിൽ വരും. അപ്പോൾ ഞങ്ങൾക്ക് എത്ര സന്തോഷം തോന്നുമെന്നറിയോ?!''

മക്കളും കൊച്ചുമക്കളുമെല്ലാം മലയാളഭാഷാപഠനത്തിനു പുറമെ സംസ്കൃതവും ഇംഗ്ലീഷും പഠിച്ചിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിക്കാറുണ്ടായിരുന്നുവെന്ന് അമ്മമ്മയുടെ ജ്യേഷ്ഠത്തി മാധവിക്കുട്ടിവലിയമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. കുടുംബത്തിലെ ചെറിയ കുട്ടികളിൽപോലും സമ്പാദ്യശീലം വളർത്താൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തിരക്കുപിടിച്ച ജീവിതത്തിനിടയിലും മുത്തശ്ശിയോടും മക്കളോടുമൊത്ത് കാറിൽ ഇടയ്ക്കിടെ ബീച്ചിലേക്കൊരു യാത്ര അക്കാലത്ത് മുത്തച്ഛന്റെ പതിവായിരുന്നു.

കോഴിക്കോട്ടെ നാട്ടുപ്രമാണിമാർക്കിടയിൽ ആദ്യമായി കുതിരവണ്ടി, മോട്ടോർകാർ, ഗ്രാമഫോൺ എന്നിവയൊക്കെ വാങ്ങിയത് മുത്തച്ഛനായിരുന്നു. മുത്തച്ഛന്റെ കുടുംബാംഗങ്ങൾക്കിടയിൽ ആദ്യമായി ചായ (ടീ) എന്ന പാനീയം പരിചയപ്പെടുത്തിയതും അദ്ദേഹമായിരുന്നു. അതുകൊണ്ട് മരുമക്കൾ അദ്ദേഹത്തിന് നല്കിയ ഓമനപ്പേരാണ് 'ടീമാൻ' ('ടീ' അമ്മാവൻ).

തറവാട്ടിൽ അക്കാലത്ത് രണ്ടു അടുക്കളകൾ ഉണ്ടായിരുന്നതായി അമ്മമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. ഒന്ന്, സസ്യവിഭവങ്ങളുടെയും മറ്റൊന്ന്, സസ്യേതരവിഭവങ്ങളുടെയും പാചകത്തിന്. പാശ്ചാത്യരീതിയിലുള്ള വിഭവങ്ങളുണ്ടാക്കാൻ ഒരു ബട്‌ലറെ മുപ്പതു രൂപ മാസശമ്പളത്തിന് മുത്തച്ഛൻ നിയമിച്ചിരുന്നു! സൂപ്പ്, ഫിഷ് മോളി, മട്ടൻസ്റ്റ്യൂ, ബ്രഡ്, പലവിധം കേക്കുകൾ, പുഡ്ഡിങ്ങുകൾ, അയ്ക്കൂറ ഫ്രൈ, സാലഡ്, കസ്റ്റേഡ്, ചോക്ക്‌ലേറ്റ്സ് തുടങ്ങി അക്കാലത്ത് മലയാളികൾ കേട്ടിട്ടുപോലുമില്ലാത്ത നിരവധി വിഭവങ്ങൾ ബട്‌ലർ പാചകം ചെയ്തിരുന്നു. കുടുംബത്തിലെ കല്യാണം, ജന്മദിനം തുടങ്ങിയ വിശേഷങ്ങളോടനുബന്ധിച്ച് തറവാട്ടു മുറ്റത്ത് ഗാർഡൻപാർട്ടി ഒരുക്കാറുള്ളതും, മേല്പറഞ്ഞ വിഭവങ്ങളോടുകൂടിയ ഡിന്നറിൽ പങ്കെടുക്കാൻ ഉന്നതബ്രിട്ടീഷ് ഉദ്യോഗസ്ഥർ അടക്കമുള്ള അക്കാലത്തെ കോഴിക്കോട്ടെ വിശിഷ്ട വ്യക്തികൾ അതിഥികളായി വന്നെത്താറുള്ളതും അമ്മമ്മ ഓർമിക്കാറുണ്ട്.

വലിയ ഭാഷാസ്നേഹിയും ദേശസ്നേഹിയുമായിരുന്നെങ്കിലും അദ്ദേഹം, ഇംഗ്ലീഷ്കാരോട് അളവറ്റ പ്രതിപത്തിയും ബഹുമാനവും വെച്ചുപുലർത്തുകയും സ്വാതന്ത്ര്യസമരത്തിൽനിന്ന് ആശയപരമായ എതിർപ്പുമൂലം വിട്ടുനില്ക്കുകയും ചെയ്തു. ഇന്ത്യക്കാർ ഇംഗ്ലീഷുകാരിൽനിന്ന് പല സ്വഭാവഗുണങ്ങളും ജീവിതനിഷ്ഠകളും സ്വായത്തമാക്കേണ്ടതുണ്ടെന്നും സ്വയംഭരണത്തിനു പ്രാപ്തരാവുന്നതുവരെ സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടേണ്ട ആവശ്യമില്ല എന്നുമുള്ള അദ്ദേഹത്തിന്റെ തുറന്ന അഭിപ്രായ പ്രകടനം അന്നത്തെ ദേശീയവാദികളായ ചെറുപ്പക്കാരിൽ അമർഷം ഉളവാക്കിയിരുന്നു.

കഥകളിയോടുള്ള അപ്രിയവും അമ്പലങ്ങൾ സന്ദർശിക്കുന്നതിലുള്ള വൈമനസ്യവും, ജ്യോതിഷത്തിനോടുള്ള വൈമുഖ്യവും അദ്ദേഹത്തിന്റെ സ്വഭാവവൈചിത്ര്യത്തിനുള്ള ചില ഉദാഹരണങ്ങൾ മാത്രം. പണ്ട്, കാശിയിൽ പോയപ്പോൾ, അഴുകിയ ശവശരീരങ്ങൾ ഗംഗയിൽ ഒഴുകിനടക്കുന്നതു കാണാനിടയായതുമൂലം സോക്സ് അഴിച്ചുമാറ്റാതെയാണ് അദ്ദേഹം 'പുണ്യ'നദിയിൽ കാൽ കഴുകിയതത്രെ!

ഇംഗ്ലീഷ് സാഹിത്യത്തോടൊപ്പം തന്നെ, 'നാരായണീയം' തുടങ്ങിയ സംസ്കൃതഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതും അതിരാവിലെ സൂര്യനമസ്കാരം ചെയ്യുന്നതും മുത്തച്ഛന്റെ ജീവിതചര്യയുടെ ഭാഗമായിരുന്നു.

അമ്മമ്മയുടെ കുട്ടിക്കാലത്ത് ഒരു രാത്രിയിൽ തറവാട്ടിലെ ആഭരണങ്ങൾ കളവുപോയി. കള്ളനുവേണ്ടിയുള്ള തിരച്ചിൽ വൃഥാവിലായി. വർഷങ്ങൾക്കുശേഷം മറ്റൊരു കേസിൽ പിടിയിലായ ഒരു കള്ളനെ പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന മുത്തച്ഛൻ കോടതിയിൽ വെച്ച് വിസ്തരിച്ചപ്പോൾ പേടിച്ചുപോയ ആ കള്ളൻ മുൻപ് മുത്തച്ഛന്റെ വീട്ടിൽ താൻ നടത്തിയ മോഷണകാര്യം കൂടി തുറന്നുപറഞ്ഞു എന്നതാണ് രസകരമായ വസ്തുത.

നിയമം, സാഹിത്യം, അച്ചടി, ക്ഷീരവ്യവസായം, പത്രപ്രവർത്തനം, വ്യാപാരം എന്നിങ്ങനെ നിരവധി മേഖലകളിൽ വിജയകരമായി പ്രവർത്തിച്ചിരുന്നുവെങ്കിലും 1899-ൽ നെടുങ്ങാടി ബാങ്കിന് തുടക്കം കുറിച്ചതിലൂടെയാണ് അദ്ദേഹം യഥാർത്ഥത്തിൽ മലയാളികൾക്ക് ഏറെക്കുറേ അന്യമായിരുന്ന വാണിജ്യ-ധനകാര്യ സംരംഭങ്ങളിൽ വഴികാട്ടിയായി മാറിയത്. അഭിഭാഷകവൃത്തിയിലും അഗ്രഗണ്യനായിരുന്ന അദ്ദേഹം പബ്ലിക് പ്രോസിക്യൂട്ടറും ഗവ. പ്ലീഡറുമായി പിന്നീട് നിയമിക്കപ്പെട്ടു.

സഞ്ചാരപ്രിയനായിരുന്ന മുത്തച്ഛൻ, വടക്കേ ഇന്ത്യയിലെ പല പ്രധാ

പുസ്തക
വാർത്ത

പഠനോത്സവപരമ്പര

ചെയ്യാം രസിക്കാം
പ്രൊഫ. എസ്. ശിവദാസ്
കുട്ടികൾക്ക് സ്വയം ചെയ്തു
രസിക്കാവുന്ന കുറെ വിദ്യകൾ.
വില 38 ക

ഉണർത്തുകളികൾ
ടി.എം. വറുഗീസ്
പിതാഭവനം രാമചന്ദ്രൻ
കുട്ടികളെ ഊർജ്ജസ്വലരും
പഠനോന്മുഖരുമാക്കാൻ ഉപകരിക്കുന്ന
ഉണർത്തുകളികളാണ് ഈ കൃതി നിറയെ...
വില 44 ക

വെള്ളം നമ്മുടെ സമ്പത്ത്
പ്രൊഫ. എസ്. ശിവദാസ്
കളികളിലൂടെ, പഠനപ്രവർത്തനങ്ങളിലൂടെ
വെള്ളത്തെപ്പറ്റി കൂടുതൽ അറിയാൻ
സഹായിക്കുന്ന പുസ്തകം.
വില 50 ക

○

ഒരായിരം കൊക്കുകളും
ഒരു ശാന്തിപ്രാവും
പ്രൊഫ. എസ്. ശിവദാസ്
കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി
കമ്മിറ്റിയുടെ ബാലസാഹിത്യ അവാർഡ്
നേടിയ ഗ്രന്ഥം. കടലാസ് കൊക്കുകളുടെ
നിർമ്മാണരീതി അനുബന്ധത്തിൽ.
വില 35 ക

പുതിയ പതിപ്പുകൾ

പഞ്ചതന്ത്രം-വിഷ്ണുശർമ്മ പുന: സുമംഗല	140.00
ഉണ്ടത്തിരുമേനി (ബാലസാഹിത്യം) പി. നരേന്ദ്രനാഥ്	32.00
കണക്കിന്റെ ജാലവിദ്യകൾ (ബാലസാഹിത്യം) പള്ളിയറ ശ്രീധരൻ	35.00

പ്രസാധകർ
ഡി.സി. ബുക്സ്
വിതരണം: ഡി.സി./കറന്റ് ബുക്സ്
26 ശാഖകൾ
ഡി.സി. ബുക് ഷോപ്പ്
പൂമാ കോംപ്ലക്സ്, റൗണ്ട് വെസ്റ്റ്, തൃശൂർ-1
കൈരളി പുസ്തകശാല, തൃശൂർ-1
DAC-351

രക്ഷാകവചം



എ. അയ്യപ്പൻ

ഇതാണ്
അഹിംസയുടെ ആവനാഴി;
ഒരമ്പുപോലുമില്ല.
ഇവൻ നഖങ്ങളില്ലാത്ത പുരോഹിതൻ
ഇവനാൽ ജ്ഞാനസ്നാനം.
ഇവൾ ഗണിക
ഇവളെക്കണ്ട് യാത്രയാവുക
ഇവൻ എല്ലാഭാരവും താങ്ങുന്നവൻ
ഇവനെ അത്താണിയാക്കുക
ഇവൻ പരിചയില്ലാതെ പൊരുതുന്നവൻ
ഇവനാൽ യോദ്ധാവാകുക.
ഇത്
രക്തബിംബം
ഇതിനെ ധ്യാനിക്കുക
ഇവൾ വിധവ
ഇല്ലിനിയിവൾക്കു-
ഭ്രൂണരചന
ഈ കബന്ധത്തിന്റെ ശിരസ്സിനെ
കണ്ടെത്തുക
ആ തുറന്ന കണ്ണുകളെ
കണ്ണാടിയാക്കുക

ന സ്ഥലങ്ങളിലും പര്യടനം നടത്തിയിരുന്നു. താജ്മഹലിന്റെ മാസ്മര സൗന്ദര്യത്തിൽ വിസ്മയം പൂണ്ടുനിന്ന അദ്ദേഹം ആ മഹാസൗധത്തിന്റെ മുന്നിലിരുന്നു അതിന്റെ മഹത്ത്വത്തെക്കുറിച്ചു ഒരു കവിത രചിക്കുകയുണ്ടായി.

ക്രാന്തദർശിയായിരുന്ന മുത്തച്ഛന്റെ ബഹുമുഖവ്യക്തിത്വത്തിൽ ഏറെ ആകർഷം അദ്ദേഹത്തിന്റെ ഉയർന്ന സാമൂഹ്യബോധവും സേവനമനോഭാവവുമാണ്. ധനാഢ്യനും പാശ്ചാത്യരീതികൾ അനുകരിച്ചു കൊണ്ടുള്ള ജീവിതശൈലിയുടെ ഉടമയുമായിരുന്നുവെങ്കിലും അദ്ദേഹം, തൊട്ടുകൂടായ്മ, അനാചാരങ്ങൾ, സ്ത്രീകൾക്കിടയിലെ നിരക്ഷരത്വം എന്നീ സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുവാനും പുതിയ സാമുദായിക പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാനും ചങ്കൂറ്റം പ്രകടിപ്പിച്ചിരുന്നു.

പണ്ട്, ബാങ്കിന്റെ മുൻപിൽ കൂടെ നടന്നുപോകുന്ന മാറുമറയ്ക്കാത്ത സ്ത്രീകൾക്ക് അദ്ദേഹം റൗക്ക തയ്പ്പിച്ചുകൊടുക്കുകയും അത് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ വരരുത് എന്ന് താക്കീത് നല്കുകയും ചെയ്തതായി കേട്ടിട്ടുണ്ട്. ഒരവസരത്തിൽ തളിക്ഷേത്രം റോഡിലൂടെ കാറോടിച്ചുപോയ ഒരു ഈഴവസമുദായക്കാരനെ ക്ഷുഭിതരായ ബ്രാഹ്മണർ വഴി തടയാൻ ശ്രമിച്ചു. മുത്തച്ഛൻ ഈ അനീതിക്കെതിരെ ശബ്ദമുയർത്തുകയും അദ്ദേഹത്തിന്റെ ശക്തമായ എതിർപ്പുമൂലം ബ്രാഹ്മണർക്ക് പിന്മാറേണ്ടിവരികയും ചെയ്തു.

സ്ത്രീകൾ അക്ഷരം പഠിക്കുന്നത് അചിന്ത്യമായിരുന്ന ആ കാലഘട്ടത്തിൽ സ്ത്രീവിദ്യാഭ്യാസ പുരോഗതിക്കായി മുത്തച്ഛൻ കോഴിക്കോട്ട് തുടങ്ങിയ സംഘടനയാണ് 'സൊസൈറ്റി ഫോർ ദ പ്രൊമോഷൻ ഓഫ് എഡ്യുക്കേഷൻ ഓഫ് വിമൻ'. അദ്ദേഹം കോഴിക്കോട് മുനിസിപ്പൽ ചെയർമാൻ ആയിരുന്നപ്പോൾ മുൻസിപ്പാലിറ്റിക്ക് വിട്ടുകൊടുക്കുകയും പിന്നീട് വന്ന ചെയർമാൻ ശ്രീ അച്യുതന്റെ പേരിൽ ഇന്ന് അറിയപ്പെടുകയും ചെയ്യുന്ന 'അച്യുതൻ ഗേൾസ് ഹൈസ്കൂൾ' ആണ് സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മുത്തച്ഛൻ സ്ഥാപിച്ച വിദ്യാലയം. സ്വന്തം വീട്ടിലെ പെൺകുട്ടികളെ ഈ സ്കൂളിലയച്ചുകൊണ്ട്, ആദ്യം മടിച്ചുനിന്ന ബന്ധുക്കൾക്കും നാട്ടുകാർക്കും അദ്ദേഹം മാതൃക കാട്ടി.

1918-19 കാലത്ത് കോൺഗ്രസുകാരനായ എതിർസ്ഥാനാർഥിയെ തോൽപ്പിച്ചാണ് മുത്തച്ഛൻ നഗരസഭയുടെ ചെയർമാനായത്. അക്കാലത്ത് സജീവമായിരുന്ന കോൺഗ്രസ്പ്രസ്ഥാനത്തിന്റെ സ്ഥാനാർഥിയെ തോൽപ്പിക്കുകയെന്നത് നിസ്സാര സംഭവമായിരുന്നില്ല. വാണിജ്യമേഖലയിലും സ്ത്രീവിദ്യാഭ്യാസരംഗത്തും പൊതുമേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ചതാണ് ഈ സ്ഥാനലബ്ധിക്ക് അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ഈ രംഗത്തുള്ള, അദ്ദേഹത്തിന്റെ സ്തുത്യർഹമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് 1919-ൽ ബ്രിട്ടീഷ് ഗവണ്മെന്റ് അദ്ദേഹത്തെ 'റാവുബഹദൂർ' പദവി നല്കി ആദരിച്ചത്.

മുത്തച്ഛന് പതിനൊന്നു മക്കളാണു ഉണ്ടായിരുന്നത്. അവരെല്ലാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അദ്ദേഹത്തിന്റെ പേരമക്കളും അവരുടെ മക്കളും കൊച്ചുമക്കളുമടങ്ങുന്ന സന്തതിപരമ്പര ആറാംതലമുറയിലെത്തി നില്ക്കുന്നു. ■

നാടക നിയോഗം

12

അന്നും ഇന്നും

ഭരത് ഗോപി

പ്രകൃതിശക്തികളെ അദ്ഭുതത്തോടെ കണ്ടുനിന്ന ആദിമനുഷ്യൻ, അവന്റെ ദൈനംദിന ജീവിതത്തിന് നിർബാധം സഹായിച്ച പ്രകൃതിയെ ആരാധിക്കാൻ തുടങ്ങിയതോടെയാവാം ഈശ്വരസങ്കല്പം ഉടലെടുത്തത്. ചൂടും വെളിച്ചവും തന്ന സൂര്യനെ സൂര്യദേവനായും പ്രാണവായു നല്കിയ മാരുതനെ വായുദേവനായും ദാഹജലം നല്കിയ വർഷത്തെ വരുണദേവനായും സങ്കല്പിച്ച് ജീവിതായോധനം നിർവഹിക്കവെയായിരിക്കണം ചര്യകളുടെയും ചിട്ടകളുടെയുമൊക്കെ നിയമങ്ങളായി വേദങ്ങൾ ഉടലെടുത്തത്.

ഋഗ്‌വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിങ്ങനെ ഉണ്ടായവയിൽ സാമവേദം സംഗീതപ്രധാനമാണ്. സാമത്തിൽനിന്നും വേദോച്ചാരണത്തിനു വേണ്ടുന്ന ഗീതം ഉയിരിട്ടുവന്നു. പ്രാർഥനയിൽ, പൂജകളിൽ അനുഷ്ഠാനങ്ങൾ വന്നതോടെ ഗീതത്തോടൊപ്പം ചലനവും വന്നു. ഒപ്പം ആഹാര്യശോഭയും ഭാവഹാവാദികളും. അങ്ങനെ ഋഗ്വേദത്തിൽനിന്ന് 'വാചിക'വും സാമത്തിൽനിന്ന് സംഗീതവും യജുർവേദത്തിൽനിന്ന് അഭിനയാഹാര്യാദികളും അഥർവത്തിൽനിന്ന് രസ-ഭാവങ്ങളും ഉൾക്കൊണ്ട് ചതുരഭിനയമുണ്ടായതാണ് അഞ്ചാമതുണ്ടായ 'ഗാന്ധർവവേദം'-നാട്യം. അത് അനുഷ്ഠാനകലകളുടെ ആദിപർവമായി കണക്കാക്കാം. മന്ത്രോച്ചാരണങ്ങളിലെ ഈണം സാമത്തിന്റെ സംഗീതമാണ്.. 'കൂത്തി'ലും 'കൂടിയാട്ട'ത്തിലും നിറഞ്ഞുനില്ക്കുന്ന ഈ ഈണം ആ കലകളുടെ സമ്പ്രദായവിശേഷവുമാണ്.

അലൗകികതയെ പുൽകുന്ന ആദിമകലാസങ്കല്പങ്ങളിൽ വേദമന്ത്രോച്ചാരണങ്ങളുടെ പരിശുദ്ധിയുണ്ട്. അതുകൊണ്ടാണ് അത് ദൈവികമാകുന്നത്. കൂത്തും കൂടിയാട്ടവും ആധുനികതയുടെ കൃത്രിമരൂപസങ്കേതങ്ങളിൽപ്പെടാതെ നിലനില്ക്കുന്നതും അതുകൊണ്ടാണ്. ദൈവികകഥകൾ മാത്രമാണല്ലോ കൂത്തിനും കൂടിയാട്ടത്തിനും എന്നും വിഷയം. ആനുകാലിക സാമൂഹിക ജീവിതത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ ചിത്രങ്ങൾ പ്രത്യക്ഷമാക്കി നിരൂപണദൃഷ്ട്യാ വിമർശനശരങ്ങൾ എയ്തുവിടാൻ ചാക്യാർ ശ്രമിക്കുമ്പോഴും മഹാഭാരതകഥയോ രാമായണകഥയോ ആധാരമാക്കാൻ കഴിയുന്നത് 'കൂത്ത്' എന്ന കലയുടെ എക്കാലത്തേയും കാര്യവിചാരശേഷിയാണ്. അതാണ് ആ കലയുടെ സവിശേഷത. 'കൂടിയാട്ട'ത്തിന്റെ നിർബന്ധിത ചട്ടക്കൂട് ഈ സൗകര്യം കൊടുക്കുന്നില്ല.

നിക്ഷിപ്തമായ കഥാവർണ്ണനവും നാട്യശാസ്ത്രനിബദ്ധവും പ്രാദേശിക ജീവിതാനുഭവാധിഷ്ഠിതവുമായ അഭിനയവും മാത്രമേ കൂടിയാട്ടത്തിനു പാകമാകൂ. ചാക്യാർ നടത്തിയിരുന്ന വിമർശനങ്ങൾക്ക് ഫലിതരൂപത്തിലുള്ള ആസ്വാദനമാണ് ലഭിച്ചിരുന്നതെങ്കിലും ഒരുകാലത്തെ നാടുവാഴി ഭരണത്തിനും രാജഭരണത്തിനും ആ ഫലിതങ്ങൾ സ്വയംവിമർശനത്തിന് കുറച്ചൊന്നുമല്ല വഴിയൊരുക്കിയിരുന്നത്. രാജാവിനെപ്പോലും വിമർശിക്കുവാനുള്ള പൂർണസ്വാതന്ത്ര്യം രാജാവുതന്നെ നല്കിയിരുന്ന ഒരു കലയാണ് കൂത്ത്. സാധാരണ മനുഷ്യന്റെ ദുഃഖത്തിനും പരാതിക്കും നിവൃത്തിമാർഗം തേടാൻ ചാക്യാർ ഒരുത



രത്തിൽ ഒരു പാതയായിരുന്നു. പലപ്പോഴും രാജാവിനു മാത്രം മനസ്സിലാകുന്ന തെറ്റുകുറ്റങ്ങൾപോലും സരസമായി അവതരിപ്പിച്ച് രാജസിംഹാസനത്തെ നയിച്ചിരുന്ന ഒരു മഹാമന്ത്രിയുടെ സ്ഥാനംകൂടി ചാക്യാർ വഹിച്ചിരുന്നതായി പറയാം.

ആധുനികകാലത്തെ ഭരണ-പ്രതിപക്ഷങ്ങളുടെ സ്ഥാനം രാജാവും ചാക്യാരും പങ്കിട്ടിരുന്നുവോ? ചാക്യാരെ ഏതു രാജാവിനും ഒരുതരം ഭയമായിരുന്നു. രാജസിംഹാസനം അറിഞ്ഞനുവദിച്ച ആ മഹാസ്വാതന്ത്ര്യമുണ്ടല്ലോ, അത് ഒരിക്കലും ഒരു ചാക്യാരും അനവസരത്തിലും അനാവശ്യമായും പ്രയോഗിച്ചതായറിവില്ല. ഒരുതരം സാമൂഹികനിരൂപണത്തിന് അധികാരിയായിരുന്നു ചാക്യാർ. ഇന്നും കൂത്തുണ്ട്; ചാക്യാരുമുണ്ട്. ആസ്വദിക്കാൻ ഇടയായ കൂത്തുപറച്ചിലിലെല്ലാം അതിനിശിതമായ രാഷ്ട്രീയ-സാമൂഹിക വിമർശനമുണ്ട്. പക്ഷേ, ചാക്യാർ രാഷ്ട്രീയക്കാരനല്ല. അയാൾക്ക് പാർട്ടിയില്ല. നേതൃസ്ഥാനത്തു പിടിപാടുകളില്ല. സാമ്പത്തികമേദസ്സുമില്ല. ചാക്യാർ ചാക്യാർ മാത്രം. അയാൾ പറയുന്നത് വെറും കൂത്ത്.

കൂത്തുപോലെത്തന്നെ തുള്ളലും ദൈവകഥകളെയും പുരാണേതിഹാസങ്ങളെയും ആധാരമാക്കിയുള്ളതാണ്. പ്രയോഗവിദഗ്ധനായ കുഞ്ചൻ ഒരു സാമൂഹിക പരിഷ്കർത്താവിന്റെ വേഷമണിഞ്ഞുനില്ക്കുന്നത് അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും പ്രകടമാകുന്ന പ്രത്യേകതയാണ്. നാടകത്തിന്റെ ആ അടിസ്ഥാന പ്രമാണം കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ ഉയിരിട്ടുണർന്നത് പിൽക്കാലത്തെ നാടകപ്രസ്ഥാനത്തിന് വഴിമരുന്നിടേണ്ടതായിരുന്നു. ഒരു ദീർഘദൂരയാത്രയ്ക്കു ശേഷമാണെങ്കിലും ആ സാമൂഹിക പ്രതിബദ്ധത ഇരുപതാം നൂറ്റാണ്ടിലെ മലയാള നാടകത്തനിമകളിൽ പ്രകടമാകാൻ തുടങ്ങിയതിന്റെ പിതൃത്വം നമ്പ്യാർക്കവകാശപ്പെട്ടതാണ്. ഒരു കലാരൂപം സാമൂഹിക ദർശനങ്ങൾക്ക് ഉപയുക്തമാകാം, ആകണം എന്നൊക്കെയുള്ള പ്രതിബദ്ധത കുഞ്ചൻ നമ്പ്യാരോളം കൃത്യമായി വരച്ചുകാട്ടിയ പ്രതിഭകൾ വേറെയില്ല.

> ഉത്സവപ്പറമ്പിലെ ധനമോഹത്തിന്റെ പേക്കൂത്തായി നാടകം തരംതാഴുമ്പോൾ യഥാർഥ നാടക കലാകാരന് കരയുന്ന മനസ്സുമായി കഴിഞ്ഞുകൂടാനേ കഴിയുന്നുള്ളൂ. നവോത്ഥാനത്തിന്റെ വഴിയിലേക്ക് ഉണർന്നെഴുന്നേൽക്കുന്ന യഥാർഥ നാടകകാരന്റെ വരവുമാത്രമേ മലയാള നാടകവേദിയുടെ ഉയിർത്തെഴുന്നേല്പിന് വഴിയൊരുക്കൂ

രൂപഭംഗിയും കൃത്യതയും പ്രമാണങ്ങളാക്കുന്ന ആദ്യനാടകരൂപമാണ് കൂടിയാട്ടം. മുഖ്യമായും പൗരാണിക കഥകളിലെ നാടകീയമായ കഥാസന്ദർഭങ്ങൾക്ക് നാടകരൂപം കൊടുക്കുകയായിരുന്നു കൂടിയാട്ടം. കൂത്തിലെ ഏകാഹാര്യാഭിനയ വ്യവസ്ഥ മാറി പല കഥാപാത്രങ്ങൾകൂടിച്ചേർന്നാടുന്ന 'കൂടിയാട്ടം' ആഖ്യാനകലയിൽ നാടകത്തിലേക്കുള്ള പ്രയാണത്തെക്കുറിക്കുന്നു. ആസ്വാദനത്തിന് അല്പം ലാഘവം പ്രേക്ഷകന് ലഭിക്കുകയും ചെയ്തത് കൂടിയാട്ടത്തിന് സ്ഥാനമുറപ്പിക്കാൻ സഹായകമായി. എങ്കിലും സാധാരണത്വം അവകാശപ്പെടാനില്ലാത്ത കൂടിയാട്ടത്തിന്റെ ഭാഷയും അഭിനയസമ്പ്രദായവും പ്രേക്ഷകനെ അല്പമല്ല വിഷമിപ്പിച്ചിട്ടുള്ളത്. ശാസ്ത്രാധിഷ്ഠിതമായ ആ നാടകരൂപം ഇന്ന് 'കൂടിയാട്ടം' എന്ന കലയായി മാത്രമേ നിലനില്ക്കുന്നുള്ളൂ. ലളിതവൽക്കരണം അസാധ്യമായ അതിന്റെ ഘടന ഒരു വൈകല്യമായിക്കാണുവാൻ ആവില്ലെങ്കിലും അതിനൊരു ജനകീയതയില്ല. അതുകൊണ്ടുതന്നെ അതിന് പ്രചാരലോപവും അനുഭവിക്കേണ്ടിവരുന്നു.

അസാധാരണത്വം എപ്പോഴും ഒരു കലയെ സാമാന്യ ജനങ്ങളിൽനിന്ന് അകറ്റിനിർത്തും. സാധാരണ മനുഷ്യമനസ്സിഷ്ടത്തിനുവേണ്ടിയുള്ള ഒരു കലാന്വേഷണം അങ്ങനെ ആരംഭിച്ചിരിക്കാം. ആ അന്വേഷണം മയാള നാടക കലാരൂപത്തിലെത്തിച്ചേരുന്നതിനു മുൻപുള്ള നാഴികക്കല്ലുകളായി നില്ക്കുന്നു രാമനാട്ടവും കൃഷ്ണനാട്ടവും പിന്നെ കഥകളിയും. ഉന്നതമായ കലാസൗകുമാര്യവും ശ്രേഷ്ഠമായ സ്ഥാനവും കൈവരിച്ചു നില്ക്കുന്ന കഥകളിക്കും ലാളിത്യമില്ല. പദങ്ങളാടുന്ന ചതുരഭിനയചാരുത, അറിഞ്ഞ് ആസ്വദിക്കാൻ, കഥകളി ആവുംവിധം പഠിച്ചേപറ്റൂ എന്ന അവസ്ഥ പ്രേക്ഷകന് ഒരു പ്രയത്നംതന്നെയാകുന്നു. മുദ്രകളിലൂടെ വിടർന്നു വിലസുന്ന ആശയം മനസ്സിലാക്കണമെങ്കിൽ മുദ്ര അറിഞ്ഞേ പറ്റൂ. എളുപ്പമല്ലാത്ത ആ ക്രിയ ആസ്വാദകനെ ദൂരേക്കു മാറ്റിനിർത്തുന്നു. അറിവുള്ള സദസ്സ് മതി എന്ന വാശിയാണ് കഥകളിയുടെ ഒരു പോരായ്മയെന്നു പറയാം. എന്നാൽ നിരന്തരമായ പരിചയം കഥകളിയോട് ആഭിമുഖ്യം ജനിപ്പിക്കാൻ ഇടയാക്കും. അപ്പോൾമുതലേ കഥകളിയിലെ നാടകം അറിഞ്ഞുതുടങ്ങൂ. പിന്നെ അതൊരുതരം ആസക്തിതന്നെയാവും. കഥകളി കാണാതിരിക്കുവാൻ വയ്യ എന്ന അവസ്ഥ പ്രേക്ഷകനിൽ ജനിപ്പിക്കാൻ കഴിയുന്നത്ര ശക്തമായ കലയാണ് കഥകളി. മൈലുകൾ താണ്ടി കളിയരങ്ങത്തെത്തുവാൻ വെമ്പുന്ന 'കഥകളിഭ്രാന്തന്മാർ' ഇക്കാലത്തെന്തോ വിരളമായിരിക്കുന്നു.

കാടിന്റെ സംസ്കാരവും പേറി ശ്രേഷ്ഠ പൗരാണിക കഥകൾതന്നെ സ്വന്തം, വ്യാഖ്യാനഭേദങ്ങളോടെ, ആടുന്ന കാക്കാരിശ്ശി നാടകം മലയാള നാടകത്തിന്റെ ഒരു ആദിപ്രസ്ഥാനമാണ്. എങ്ങുനിന്നും കടംകൊള്ളാതെ, നാട്യശാസ്ത്രാധിഷ്ഠിതമല്ലാതെ, ചൊല്ലും ചവിട്ടും കൈക്രിയയും കാട്ടി പാട്ടുംപാടി, കഥ അഭിനയിക്കുന്ന കാക്കാനും കുടുംബവും അതിശക്തരായ നാടക പ്രയോക്താക്കളാണ്. മലയാള നാടകവേദിയുടെ ആവിർഭാവത്തിനു വഴിയൊരുക്കത്തക്കവിധത്തിൽ തനിമയുടെ സ്വത്വവും പേറി അരങ്ങു തകർത്ത് ആസ്വദിപ്പിച്ച നാടകരൂപങ്ങളാണ് കാക്കാരിശ്ശിയും പൊറാട്ടും. രംഗവേദിയിൽ, പ്രയോഗസമയത്ത് സ്വതന്ത്രമായ സംഭാഷണങ്ങളും പരിക്രമണങ്ങളും സ്വായത്തമാക്കിയ ഈ രൂപങ്ങൾ ഇന്നും നിലനില്ക്കുന്നത് അവ, സാർവലൗകികതയും ജനകീയതയും ഉൾക്കൊള്ളുന്നതുകൊണ്ടാണ്. മനസ്സിലാകുന്ന ഭാഷ, സാധാരണ മനുഷ്യരെപ്പോലെ പെരുമാറുന്ന കഥാപാത്രങ്ങൾ, ആസ്വാദ്യമായ സംഗീതം, താളനിബദ്ധമായ ചുവടുകൾ ഇവയൊക്കെ ചേർന്ന്, നാടകം സഹൃദയഹൃദയാഹ്ലാദകരമായി രൂപപ്പെട്ടപ്പോൾ, 'ഇതുകൊള്ളാം' എന്ന് പ്രേക്ഷകർ തലകുലുക്കിയതാണ് ആദ്യത്തെ നാടകാസ്വാദനം.

മുൻപറഞ്ഞ കാര്യങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ, മലയാള നാടകവേദിയുടെ കാലയളവിന്റെ ചരിത്രം എവിടെ തുടങ്ങുന്നു എന്നു തീർത്തു പറയുകവയ്യ. ചില നാടക ചരിത്രകാരന്മാർ നൂറെന്നും അതല്ലെന്നും നിജപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും മനുഷ്യൻ ഉണ്ടായ കാലംമുതലേ നാടകമുണ്ടായി എന്ന സിദ്ധാന്തം ഭാരതീയ നാടകവേദിക്കെന്നപോലെ മലയാളത്തിനും ചേരും. ശാകുന്തളം തർജുമയ്ക്കും 'മനോമോഹനം' കമ്പനിക്കും നാടകവേദിയിൽ സ്ഥാനമുണ്ട്. 'സദാരാമ' ആദ്യത്തെ ഭാഷാനാടക കൃതിയായിരിക്കാം. പക്ഷേ, 'സദാരാമ'യ്ക്കു മുൻപും മലയാളത്തിൽ നാടകം അരങ്ങേറിയിരുന്നു. 'കാക്കാരിശ്ശി'യും 'പൊറാട്ടു'മൊക്കെ ഉണ്ടായത് 'സദാരാമ' നാടകത്തിനു ശേഷമായിരുന്നു എന്നു പറയുക വയ്യല്ലോ.

കലാകാരന്റെ പ്രതിബദ്ധത, അയാൾ വ്യവഹരിക്കുന്ന പ്രസ്ഥാനത്തോടു മാത്രമല്ല, താൻ ജീവിക്കുന്ന സമൂഹവുമായും കലാകാരന് ചില ബന്ധങ്ങളും കടപ്പാടുകളുമുണ്ട്. ഒരു നാടകം രചിക്കുന്നതോ അവതരിപ്പിക്കുന്നതോ എങ്ങനെ എന്നുള്ളതിനേക്കാൾ എന്തിന് എന്നുള്ളതാണ് പ്രധാനം. അവിടെയാണ് പ്രതിബദ്ധതയുടെ തുടക്കം. സമൂഹത്തിലെ ഏതു ചലനങ്ങളും സമ്പ്രദായങ്ങളും വ്യവസ്ഥിതികളും ഒരു നാടകത്തിനു വിഷയമാകും. ഒരു പ്രത്യേക പ്രതിബദ്ധതയുടെ വിജയം ആ നാടകാവതരണത്തിലൂടെ സംഭവിക്കുമ്പോൾ നാടകകൃത്തും സംഘവും നേടുന്നത് നാടകത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകംതന്നെ ഉദാഹരണമായെടുക്കാം. ഒരു കാലഘട്ടത്തിലെ കേരളീയ സമൂഹം, ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിൽ വിശ്വസിച്ച് മുന്നേറണമെന്ന് താൽപ്പര്യംകൊണ്ട നാടകകൃത്ത്, അതിനനുസൃതമായി നാടകം രചിക്കുകയും കഴിവുറ്റ ഒരു നാടകസംഘത്തിലൂടെ, നാടകീയത ഒട്ടും ചോർന്നുപോകാതെ, പ്രേക്ഷക മനസ്സുകളിൽ എത്തിച്ചുകൊടുക്കേണ്ട സവിശേഷതയാർന്ന ഒരു വിശ്വാസത്തെ എത്തിച്ചുകൊടുത്ത് വിജയിക്കുകയും ചെയ്ത നാടകസംരംഭമായിരുന്നല്ലോ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'. ഒരു നാടകാവതരണത്തിന്റെ ജനാകർഷണശക്തി തെളിയിച്ച സംഭവമായിരുന്നു അത്. എങ്കിലും ആധുനിക മലയാള നാടകവേദിയുടെ തുടക്കത്തിന് ആ സംഭവം പ്രേരകമായില്ല. ആ ശീലിൽ നാടകമെഴുതി അവതരിപ്പിച്ച പല നാടകസംഘങ്ങളും വിജയിച്ചുമില്ല. നിരവധി സ്റ്റേജുകളിൽ നാടകം അവതരിപ്പിച്ചിരിക്കാം. ഉൽക്കടമായ നാടകീയതകൊണ്ട് പ്രേക്ഷകരുടെ കൂട്ടവും ലഭിച്ചിരിക്കാം. ഒപ്പം വരുമാനവും. ഈ വരുമാനമോഹം കൂടുതൽ നാടകസംഘങ്ങൾക്കും അത്തരം നാടകങ്ങൾക്കും അരങ്ങൊരുക്കി. ക്രമേണ നാടകം ഒരു ധനസമ്പാദന മാർഗമായിയെന്നല്ലാതെ നാടകവേദിയുടെ വഴിയൊരുക്കിയില്ല. 'വേദി'കൊണ്ടുദ്ദേശിക്കുന്നത് പ്രസ്ഥാനംതന്നെയാണ്. ആ പ്രസ്ഥാനം ഉണ്ടാകാൻ-നാടകവേദി ഉണ്ടാകാൻ-നാടകങ്ങളും നാടക സംഘങ്ങളും ഉണ്ടായാൽ മാത്രം പോര. ഒരുതരം ചെടിപ്പ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ നാടക വ്യവസായത്തിന് അറുതിവന്നില്ലെങ്കിൽ, 'മലയാള നാടകവേദി'യെന്ന അത്യുത്തമ കലാപ്രസ്ഥാനം ഉടലെടുക്കുകയില്ല.

ഉത്സവപ്പറമ്പിലെ ധനമോഹിയായ പേക്കൂത്തായി നാടകം തരംതാഴുമ്പോൾ യഥാർഥ നാടക കലാകാരന് കരയുന്ന മനസ്സുമായി കഴിഞ്ഞുകൂടാനേ കഴിയുന്നുള്ളൂ. അശുഭലക്ഷണമായ ആ അവസ്ഥയിൽനിന്ന് നവോത്ഥാനത്തിന്റെ വഴിയിലേക്ക് ഉണർന്നെഴുന്നേൽക്കുന്ന യഥാർഥ നാടകകാരന്റെ വരവുമാത്രമേ മലയാള നാടകവേദിയുടെ ഉയിർത്തെഴുന്നേല്പിന് വഴിയൊരുക്കൂ.

(തുടരും)

വിഡംബനകഥ

താൻ യൂഗോയുടെ സൃഷ്ടി മാത്രമെന്നു ജീൻവാൽജീൻ എപ്പോൾ പറഞ്ഞു?

അയ്യപ്പപ്പണിക്കർ

ജീൻവാൽജീൻ, അല്ലെങ്കിൽ ഴാങ്വാൽഴാങ്തന്നെ ആയിക്കൊള്ളട്ടെ, ഇങ്ങനെ വഴിയിൽ ഇറങ്ങി നടക്കരുത്. സാമാന്യം ഭേദപ്പെട്ട ഒരു നോവലിലെ ഭേദപ്പെട്ട കഥാപാത്രമാണങ്ങ്. വിക്തൊർയൂഗോയാണ് അങ്ങയെ സൃഷ്ടിച്ചതെന്നു മറക്കരുത്. പല പുതിയ നോവലിലെയും കഥാപാത്രങ്ങൾ ചെയ്യുന്നതുപോലെ മറ്റുള്ളവരുടെ കൃതികളിലേക്ക് അനധികൃതമായി കുടിയേറിപാർക്കരുത്. സംഗതി മോശമാണ്. അങ്ങ് ഇപ്പോൾ നിലയും വിലയുമുള്ള ഒത്ത ഒരാളാണ്-ഈ പഞ്ചായത്തിലെങ്കിലും. പക്ഷേ ഴാവേർ ഇപ്പോഴും ഐപിഎസായി വകുപ്പ് ഭരിക്കുന്നു. കണ്ടാൽ പിടിക്കും, പിടിച്ചാൽ തട്ടും. തട്ടിയാൽ താഴെ വീണുപോകും. വീണുപോയാൽ പിന്നെ ഒരു നോവലിലും ഇടംകിട്ടുകയില്ല. വെറും വീണപൂവാകും. അനാഥപ്രേതമായി കയറിക്കിടക്കാൻ നോവലില്ലാതെ ചെറുകഥത്തെരുവിലൊക്കെ അലയേണ്ടിവരും. അങ്ങു വിചാരിച്ചാൽ അതൊഴിവാക്കാൻ പറ്റില്ലേ?

സ്വന്തമായി ഒരു കിടപ്പാടം ഇഷ്ടമല്ലാഞ്ഞിട്ടാണോ? അതോ യൂഗോയുടെ കൃതിയിൽ അങ്ങു നേരിട്ട പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ടാണോ? എങ്കിൽ ഇപ്പോൾ, ഈ ഉത്തരാധുനികതയുടെ മധ്യാഹ്നത്തിൽ ഏതു നോവലിനും നോവലിസ്റ്റിനും കഥാപാത്രത്തിനും ഇഷ്ടമുള്ള ഏതു പുതിയ നോവലിലും കയറിപ്പറ്റാം എന്ന സമത്വസുന്ദരവിവരരഹിത സാങ്കേതികവിദ്യ നടപ്പായിട്ടുണ്ട്. ജനകീയസൂത്രമനുസരിച്ച് കവിയരങ്ങിലും മൊഴിയരങ്ങിലും പുസ്തകപ്രകാശനചടങ്ങിലും ഒക്കെ പ്രത്യക്ഷപ്പെടേണ്ടിവരും. പ്രസംഗിക്കേണ്ടി വരും. ഒരു പ്രസംഗം തയ്യാറാക്കിയാൽ രണ്ടുകൊല്ലംവരെ അതുകൊണ്ട് കഴിയാം.

കണിക്കൊന്നപ്പൂവുപോലെയുള്ള കൊസെത്തിന്റെ വിരലുകൾ തിരുപ്പിടിക്കുന്നതെന്തിനാണ്?

ആ കൊച്ച് എന്നേ ഇതൊക്കെ വിട്ടു.

പപ്പുവിന്റെ ചുമ കേൾക്കാതെ സുഖമായി കഴിയുന്നു, ഇപ്പോൾ-

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽനിന്നു രാജിവെച്ച ശേഷം.

21/11/2000

മാതൃഭൂമി ആഴ്ചപ്പതിപ്പ് 2000 നവംബർ 26 - ഡിസംബർ

പുസ്തകം 78 ലക്കം 40 വില 7 രൂപ 1176 വൃശ്ചികം 11-17 1922 ആഗ്രഹായണം 5 -

ലേഖനം

18

അർബുദരോഗത്തിൻെറ എല്ലാ അവശതകളും മറന്ന് പ്രശസ്ത സാഹിത്യ വിമർശക സൂസൻ സൊൺടാഗ് പുതിയ നോവലിൻെറ പണിപ്പുരയിലാണ്. വിമർശനത്തിൽ നിന്ന് പൂർണമായി അകന്നുകഴിഞ്ഞ അവർക്കിപ്പോൾ കഥ പറഞ്ഞ് കരയിക്കാനാണ് കൊതി-ഒരു നിരീക്ഷണം

കഥപറഞ്ഞു കരയിക്കാൻ ഒരു നിരൂപക
ടി.എൻ. പ്രകാശ്

6 **ഗാന്ധിയോ ഗോൾവാൽക്കറോ?**
കെ. അരവിന്ദാക്ഷൻ

10 **അമസോണും കുറെ വ്യാകുലതകളും-3**
എം.പി. വീരേന്ദ്രകുമാർ

15 **അയിത്തം ക്ഷേത്രത്തിൽ മാത്രമോ?**
പ്രൊഫ. പി.ജി. നമ്പീശൻ

26 **തന്മാത്രകളും മനോരോഗങ്ങളും**
പ്രൊഫ. എം. ശിവശങ്കരൻ



ക്രിക്കറ്റ് കളിയിലും വേണം പുണ്യാഹം 34
വിംസി

നാടകനിയോഗം -15 37
ഭരത് ഗോപി

വിശുദ്ധ നാട് 48
ഇളയിടത്ത് വേണുഗോപാൽ

കവിത

മധുരക്കയ്പ് 16
പി.കെ. ഗോപി

മുളപൊട്ടുന്ന സത്യം 29
സി.എ. വാരിയർ

വഴിക്കണ്ണ് 32
റഫീഖ് അഹമ്മദ്

കഥ

ക്രമനമ്പർ 604, കാവുള്ളപറമ്പിൽ ശാലിനി 42
വി.പി. മനോഹരൻ

ഇരുപത്തിയൊന്നാം അധ്യായത്തിൽ നിന്ന് 45
കെ.എം. അബ്ബാസ്

നോവൽ

വാൾമുനയിൽ വച്ച മനസ്സ്-10 22
പെരുമ്പടവം ശ്രീധരൻ

മുനമ്പ്-4 31
ടി.എൻ. ഗോപകുമാർ

ഞ്യാവൂ-6 50
എ. വിജയൻ

പംക്തികൾ

വായനക്കാർ എഴുതുന്നു 4 പ്രകൃത
പാഠം 21 ഔഷധച്ചെടികൾ 24 അട
ക്കള 52 സോപാനം 53 കാൽപാടുക
54 വിദേശം 55 ബാലപംക്തി 56
വളരുന്ന സാഹിത്യം (വി. നാരായണൻ
മ്പ്യാർ, സി. സേതുമാധവൻ) 60 വാങ്
മയം 61 സാഹിത്യവേദി 63 ദേശീയ
ഖ 65 ശാസ്ത്രം 66

മുഖചിത്രം
ഫോട്ടോ: വി.എസ്. ഷൈൻ

മാനേജിങ് എഡിറ്റർ: **പി.വി. ചന്ദ്രൻ** *എഡിറ്റർ:* **കെ.കെ. ശ്രീധരൻ നായർ** *എക്സിക്യൂട്ടീവ് എഡിറ്റർ:* **വി. രാജഗോപാൽ**
അസിസ്റ്റൻറ് എഡിറ്റർ: **ടി. ബാലകൃഷ്ണൻ** *സബ് എഡിറ്റർ:* **എ.പി. മുരളീകൃഷ്ണൻ**
ചീഫ് ആർട്ടിസ്റ്റ്സ്: **ജെ.ആർ. പ്രസാദ്, മദനൻ** *സീനിയർ ആർട്ടിസ്റ്റ്:* **പ്രദീപ്കുമാർ**

അയിത്തം ക്ഷേത്രത്തിൽ മാത്രമോ?

പ്രൊഫ. പി.ജി.നമ്പീശൻ

ക്ഷേത്രത്തിനുള്ളിലുണ്ടായ അശുദ്ധി പരിഹരിക്കുവാൻ ഗുരുവായൂരമ്പലത്തിൽ പുണ്യാഹം തളിച്ചുവെന്ന വാർത്ത നാടുനീളെ പാട്ടായി. അരിശം മൂത്ത പല സംഘടനകളും നേതാക്കന്മാരും ഈ സംഭവത്തെ പലവിധത്തിൽ എതിർത്തു. തന്ത്രിയെ പുറത്താക്കണമെന്നു ചിലർ. കുഴിയിലിട്ടു കഴുത്തുവരെ മൂടി ആനയെക്കൊണ്ടു തലചവുട്ടിക്കണമെന്നുവരെ അഭിപ്രായപ്രകടനം ഉണ്ടായി. തന്ത്ര സമുച്ചയമെഴുതിയ ചേന്നാസ്സിനെയും അതെഴുതിയ കാലത്തെ സാമൂതിരി രാജാവിനെയും പഴിച്ചുകൊണ്ട് ആ ഗ്രന്ഥം കാലാനുകൂലമായി പരിഷ്കരിക്കണമെന്ന് ചിലർ. ആ കാലഘട്ടത്തിൽ നാടുവാണിരുന്ന വേണാട്, കൊച്ചി, കോഴിക്കോട്, കോലത്തിരി രാജവംശങ്ങളെയും അവരെ ചുറ്റിപ്പറ്റി തടിച്ചുകൊഴുത്ത ബ്രാഹ്മണരെയും ആകാലഘട്ടത്തിൽ തമ്പുരാക്കന്മാർക്ക് അകമ്പടി സേവിച്ച കാര്യസ്ഥന്മാരെയും പ്രമാണികളെയും ഉദ്ധരിച്ചുകൊണ്ട് ഇതിനൊരറുതി വരണമെന്നുള്ള ആഹ്വാനം രസകരമായിട്ടുണ്ട്. സാമൂഹ്യ വിപ്ലവത്തിനുവേണ്ടിയുള്ള ഈ നിർദേശം വിഷ്ണുനമ്പൂതിരിയുടെ കാര്യത്തിൽ എന്തുകൊണ്ടു പുറത്തുവന്നില്ല.

ഇത്രമാത്രം കോലാഹലത്തിനു ഇവിടെ എന്തുണ്ടായി. ഗുരുവായൂർ ക്ഷേത്രത്തിൽ തന്നെ പലപ്പോഴും അശുദ്ധി തീർക്കുവാൻ പുണ്യാഹം നടത്തിയിട്ടുണ്ട്. മറ്റു പല മഹാക്ഷേത്രങ്ങളിലും അശുദ്ധി കണ്ടാൽ പരിഹാരം ചെയ്യുക പതിവാണുതാനും.

കേരളത്തിലെ രാഷ്ട്രീയനേതാക്കളിൽ ഒരാളായ വയലാർ രവിയുടെ മകൻ ഉണ്ണിയുടെ വിവാഹം ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ കല്ല്യാണമണ്ഡപത്തിനു താഴെ വെച്ചായിരുന്നു. മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ മുഖ്യ കാർമ്മികത്വത്തിലായിരുന്നു വിവാഹം. ഇതിലെന്തോ പന്തികേടില്ലേ? വിവാഹത്തിനു ശേഷം വധൂവരന്മാർ ക്ഷേത്രത്തിൽ അകത്തുചെന്നു ദർശനം നടത്തി. ഉണ്ണി മേഴ്സിയുടെ മകനായതുകൊണ്ടു ക്ഷേത്രം അശുദ്ധമായി എന്നു ആരോ തന്ത്രിയേയും അധികൃതരെയും ധരിപ്പിച്ചു. തന്ത്രി പുണ്യാഹം ചെയ്തു. അതിനുള്ള ചെലവ് 1500 രൂപ പി.ടി.

> **അയിത്തോച്ചാടനത്തിനായി**
> **ഒരു രണ്ടാം സത്യാഗ്രഹത്തിനു**
> **പുറപ്പെടുന്ന നമ്മുടെ**
> **നേതാക്കന്മാർ ഹിന്ദുക്ഷേത്രങ്ങളിൽ**
> **അന്യമതക്കാർക്ക് പ്രവേശനം നൽകി**
> **ആദരിക്കുന്നതിലല്ല,**
> **സ്വന്തം പാർട്ടിയിലും**
> **സംഘടനകളിലുമെല്ലാം നടക്കുന്ന**
> **കലാപം ഒതുക്കുവാനാണ്**
> **ശ്രമിക്കേണ്ടത്**

മധുരക്കയ്പ്പ്

പി.കെ. ഗോപി

വെളിച്ചം നിന്റെ മൺതുടി
തെരുവോരം കാവ്യമണ്ഡപം
മൊഴികൾക്കെല്ലാം ഋതുദേവിതൻ രഥോത്സവം.

കൈക്കുമ്പിൾ ഭിക്ഷാപാത്രം
കരളിൽ സർഗ്ഗഭണ്ഡാരം
നടക്കും വഴിക്കെല്ലാം നിള തൻ നൃത്തശൃംഗാരം.

കൺകളിൽ ദയാപുഷ്പം
മാറത്തു പ്രേമാഗ്നികൾ
കുറിക്കും ലിപിക്കെല്ലാം കുഗ്രാമ രമ്യചേതന.

ഏകാന്ത സല്ലാപത്തിൻ
സ്നേഹമാസ്മര തൃഷ്ണയിൽ
ഉണക്കക്കൈമ്പെടുത്താലുംപൊന്നുകെട്ടിയ തംബുരു!

ചെന്നിടത്തെല്ലാം
പാദമുദ്രയിൽ ദുഃഖക്കണ്ണീർ
മണ്ണിന്റെ മദം പൊട്ടുമുന്മാദ ഭാവ നിർഝരി.

ജീവന്റെ ചിതയ്ക്കുള്ളിൽ
പൊലിഞ്ഞു തീരാൻ സ്വയം
പൂക്കളും തൂവലും മേഘമാലയുമെരിച്ചവൻ.

മഴവില്ലിലെ മുള്ളിൽ
തറഞ്ഞു പിടഞ്ഞവൻ
മധുരക്കയ്പായ് ജന്മമിറ്റിറ്റു കുടിച്ചവൻ.

നീയേതു ഗന്ധർവ്വന്റെ
ചോരയിൽ പിറന്നവൻ!
ആകാശവൃക്ഷത്തിന്റെ നക്ഷത്രമിറുത്തവൻ

ആത്മാവിലാരോ നട്ട
കൽക്കണ്ട മാവിൻ ചോട്ടിൽ
ആയുസ്സു നിക്ഷേപിച്ചു, കാമിച്ചു നടന്നവൻ.

നീയാദി രേഖാംശത്തെ
ആഴത്തിലളക്കുവാൻ
ആജന്മദേശാടന ഭൂതമായലഞ്ഞവൻ.

ആലിലത്തോണിയിൽ കിട-
ന്നാനന്ദ ലഹരിയിൽ
കാലത്തിൻ പ്രവാഹത്തിനക്കരെക്കടന്നവൻ.

നീ കാവ്യതീരങ്ങൾക്കു
ശ്രാവണാകാശപ്പീലി
നീ നിത്യ മലയാള ലാവണ്യ മലർപ്പൊയ്ക.

നീയാഴിപ്പരപ്പിലെ
സായാഹ്ന സൂര്യാംശുപോൽ
ആളിപ്പടർന്നോൻ, നാലുദിക്കിലും
പൂത്തിറങ്ങിയോൻ!.

---

* മഹാകവി പി. യെസ്മരിച്ച്

മോഹനകൃഷ്ണൻ (ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ) ക്ഷേത്രത്തിലേക്ക് നൽകി- രവിയുടെ മകൻ - അന്യമതസ്ഥൻ - ക്ഷേത്രത്തിൽ കടന്ന് അശുദ്ധമാക്കി എന്ന വാർത്ത എങ്ങും പരന്നു. നേതാക്കന്മാർ ക്ഷുഭിതരായി.

സംഘടനയുടെ ബലമുള്ളവർ വിറളിപിടിച്ചു. പലതും പറഞ്ഞു. എസ്.എൻ.ഡി.പി.ക്കാർ ഈ കാര്യത്തിൽ വളരെ മുമ്പിലായിരുന്നു. ഗുരുവായൂരിൽ ബോംബുഭീഷണി പരന്നു. കാവൽ സുരക്ഷിതമാക്കി. പഞ്ചായത്ത് തിര

ഞ്ഞെടുപ്പു കാലമായതുകൊണ്ട് ഉയർന്ന നേതാക്കന്മാർ പൂർണമായും മൗനമവലംബിച്ചു. കാര്യം വോട്ടു ബാങ്കുതന്നെ. അതുകൊണ്ടാവണം തിരഞ്ഞെടുപ്പിനു ശേഷം വീണ്ടും ഈ സംഭവം കുത്തിപ്പൊക്കിയത്. കേരളത്തിലെ മറ്റൊരു പ്രധാന സംഘടനയാണ് എൻ.എസ്.എസ്. അവരുടെ പ്രതികരണം വിറളിപിടിച്ചവർക്ക് അത്ര അനുകൂലമായിരുന്നില്ല.

ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണ സമ്പ്രദായങ്ങളും പൂജാവിധികളും മറ്റും കാലാനുസൃതമായി ഏകീകരിക്കണം എന്ന് ഒരാൾ എഴുതിക്കണ്ടു. വളരെ നല്ല അഭിപ്രായമാണ് അത്. തന്ത്രസമുച്ചയം ഇന്നത്തെ കാലത്തിനു അനുയോജ്യമല്ലെന്നും സ്വേച്ഛാപതികളായ നമ്പൂതിരിമാരുടെയും തമ്പുരാക്കന്മാരുടെയും കാലത്തിനു അനുയോജ്യമാണെന്നും അത് മാറിയേ തീരൂവെന്നുമായിരുന്നു മറ്റൊരഭിപ്രായം. ക്ഷേത്രകാര്യങ്ങളും മറ്റും ഇന്നത്തെ നിലയിലെത്തിയതു മധ്യകാലരാജാക്കന്മാരുടെയും നാടുവാഴികളുടെയും സ്വേച്ഛാപരമായ പ്രവർത്തനങ്ങളുടെ ഫലമാണ്. എന്നാൽ അതിൽ എത്രയോ കൂടുതൽ സ്വേച്ഛാപരമായ പ്രവർത്തനങ്ങളാണ് ഭരണാധികാരികളും അവരുടെ രാഷ്ട്രീയ പിൻഗാമികളും ഇന്നുകാട്ടിക്കൂട്ടുന്നത്. ക്ഷേത്രങ്ങളിലെ ജോലിക്കാരുടെ സംഘടനകളും ചേർന്നാൽ അതിന്റെ പൂർണരൂപമായി.

വരുമാനം കൊണ്ടും പ്രശസ്തികൊണ്ടും പ്രസിദ്ധപ്പെട്ട കേരളത്തിലെ മൂന്നു മഹാക്ഷേത്രങ്ങളാണ് ഗുരുവായൂരും ശബരിമലയും തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവും. അവിടങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വെവ്വേറെയാണ്. കേരളത്തിനു പുറത്തുള്ള മറ്റൊരു കേരളീയ മഹാക്ഷേത്രമാണ് കൊല്ലൂരിലെ മൂകാംബികാ ക്ഷേത്രം. അവിടെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രത്യേകതരമാണ്. ഇവയെല്ലാം ഏകീകരിക്കണമെന്നു പറഞ്ഞാൽ അത് സാഹസികമാവും. കാലാശാലകളിലെ സിലബസ്സ് ഏകീകരിക്കുന്നതുപോലെയല്ല അത്.

ചരാചരം മുഴുക്കെ നിറഞ്ഞുനിൽക്കുന്ന ഈശ്വര ശക്തിയെ സകളീകരിച്ചുകൊണ്ടുള്ള പ്രതിഷ്ഠാവിധിയാണ് ക്ഷേത്രങ്ങളിൽ ഇന്നുള്ളത്. ആഗമം, സമയം ഇങ്ങനെ രണ്ടു വിധത്തിലുള്ള ആചാരമാണത്. മാനുഷിക ഭാവനയ്ക്കനുസരിച്ച് അതിനു ദിവ്യത്വം നല്കി സകളീകൃത സ്വഭാവത്തിൽ പ്രതിഷ്ഠിക്കുകയാണ് പതിവ്.

വൈകല്യങ്ങൾ എന്തൊക്കെ പറഞ്ഞാലും ശരി ആചാരങ്ങളും അനുഷ്ഠാനങ്ങളും പൂജാവിധികളും കടുകിട വ്യത്യാസമില്ലാതെ നടക്കുന്ന ഒരു ക്ഷേത്രമാണ് ഗുരുവായൂർ. സമയനിഷ്ഠയുടെ പ്രാധാന്യം ശ്രദ്ധിക്കുക. തയ്യാറെടുക്കാതെ അബദ്ധത്തിൽ ശ്രീലകത്തു കയറിയ മേശ്ശാന്തിയെ പിഴയടച്ചു പ്രായശ്ചിത്തം ചെയ്യിച്ചതും ഓതിക്കോന്മാരിൽ ഒരാൾ നിവേദ്യം മുറിച്ചുകടന്നപ്പോൾ അതറിഞ്ഞ അയാളെക്കൊണ്ടു പൂജ ആവർത്തിച്ചു പിഴയടപ്പിച്ച സംഭവവും ഗുരുവായൂരിൽ ഉണ്ടായിട്ടുണ്ട്.

തന്ത്രി തന്റെ സ്വകാര്യ യജ്ഞം നിർത്തിവെക്കാനും നിർബന്ധിതനായി. ഇവിടെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും അറിയാത്തവരാണോ മുൻ മുഖ്യമന്ത്രിയും പി.ടി.മോഹനകൃഷ്ണനും. ഇവർ അല്പമൊന്നു ആലോചിച്ചിരുന്നുവെങ്കിൽ ഈ സംഭവം ഒഴിവാക്കാൻ രവിയെ അവർക്കു ഉപദേശിക്കാമായിരുന്നു.

ഇന്ത്യയെ മതേതര രാഷ്ട്രമെന്നു വിളിക്കുമ്പോൾ എല്ലാ മതങ്ങൾക്കും ജാതികൾക്കും ഉപരി അവ വിശ്വസിക്കുന്ന കോടിക്കണക്കിനാളുകളുടെ പരസ്പര സ്നേഹവും ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന്റെ കാര്യങ്ങളിൽ പ്രത്യേകിച്ചും മതാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ഇടപെടാതെ സമത്വ ചിന്തയിലൂടെ പെരുമാറുന്നതിലും ബഹുമാനിക്കുന്നതിലുമാണ്. പരസ്പരമുള്ള ഈ ബഹുമാനവും സ്വന്തം സംസ്കാരം നിലനിർത്തുന്നതിലുമാണ് നാം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

മതേതരം മതാതീതം എന്നൊക്കെ പറയുമ്പോൾ നാം അർത്ഥമാക്കേണ്ടതു ഈ പരസ്പര പരിപൂരകത്തിലാണ്. അല്ലാതെ ഹിന്ദുക്ഷേത്രങ്ങളിൽ അന്യമതക്കാർക്ക് പ്രവേശനം നൽകി ആദരിക്കുന്നതിലല്ല. ഇത് ഇവിടെ സാമുദായിക കലാപവും ഹിന്ദു മതവികാരങ്ങളെ ആളിക്കത്തിക്കലുമായിരിക്കും സൃഷ്ടിക്കുക. അയിത്തോച്ചാടനം ഒരു രണ്ടാം സത്യാഗ്രഹത്തിനു പുറപ്പെടുന്ന നമ്മുടെ നേതാക്കന്മാർ സ്വന്തം പാർട്ടിയിലും സംഘടനകളിലുമെല്ലാം നടക്കുന്ന കലാപം ഒതുക്കുവാനാണ് ശ്രമിക്കേണ്ടത്.

തന്ത്രി എങ്ങനെയുള്ള ആളാവണം പൂജാരി എങ്ങിനെയുള്ള ആളാവണം എന്നൊക്കെ വ്യക്തമായി പ്രതിപാദിച്ച ഗ്രന്ഥമാണ് തന്ത്രസമുച്ചയം. അതു ശ്രദ്ധയോടെ പഠിച്ചു സ്വന്തം ജീവിതത്തിൽ പകർത്തുന്നത് അവരുടെ ആവശ്യമാണ്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ് അത്. ■

പുസ്തക
വാർത്ത

ഇന്നലെകളിലെ
അന്വേഷണ
പരിശോധനകൾ
കെ.പി. അപ്പൻ
ഭൂതകാലയാത്രാനുഭവങ്ങൾ, വിമർശനങ്ങൾ,
തകഴി–പഠനം എന്നീ മൂന്നു വിഭാഗങ്ങളി
ലായി ആകെ 28 ഉപന്യാസങ്ങൾ.
വില 55 ക

ദൈവം സ്വർഗത്തിൽ
ചന്ദ്രമതി
ശൈശവം, അമ്മ മക്ൾ പർദ, ദൈവം
സ്വർഗത്തിൽ തുടങ്ങി 15 കഥകൾ. ചന്ദ്രമതി
യുടെ അഞ്ചാമത് കഥാസമാഹാരം.
വില 45 ക

കർക്കടകത്തിലെ
കാക്കകൾ
കെ.എ. സെബാസ്റ്റ്യൻ
കെ.എ. സെബാസ്റ്റ്യന്റെ പ്രഥമ
കഥാസമാഹാരം. സവിശേഷ വ്യക്തിത്വം
പുലർത്തുന്ന 14 കഥകൾ.
വില 58 ക

പുതിയ പതിപ്പുകൾ

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (നോവൽ)	
എം. മുകുന്ദൻ	100.00
എന്റെ കഥ (ആത്മകഥ)	
മാധവിക്കുട്ടി	45.00
മനഃശാസ്ത്രം ജീവിതത്തിൽ	
നിത്യചൈതന്യയതി	100.00
കളിയച്ഛൻ (കവിതകൾ)	
പി. കുഞ്ഞിരാമൻ നായർ	33.00
ഡോൺ ക്വിക്സോട്ട്	
സെർവാന്റീസ്	
പുനഃ എം.പി. ചന്ദ്രശേഖരൻപിള്ള	45.00
യോഗവിദ്യ	
യോഗാചാര്യ ഗോവിന്ദൻനായർ	45.00

പ്രസാധകർ
ഡി.സി. ബുക്സ്
വിതരണം: ഡി.സി./കറന്റ് ബുക്സ്
27 ശാഖകൾ
കൈരളി പുസ്തകശാല, തൃശൂർ-1
DAC-356